# ഹയർ സെക്കൻഡറി കോഴ്സ്

# മലയാളം

## ഐച്ഛികം

## XI

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

2026

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യ പൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനംകൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

*Prepared by :*

State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram 695012, Kerala
Website : www.scertkerala.gov.in, e-mail : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869

Designed by : SCERT, First Edition : 2026

Printed at : Centre for Advanced Printing and Training (C-Apt), Thiruvananthapuram-695013

© Department of General Education, Government of Kerala

ISBN : 978-93-47213-06-9

പ്രിയ വിദ്യാർഥികളേ,

മാതൃഭാഷാപഠനത്തിന്റെ സവിശേഷമായ
ഒരു തലത്തിലാണ് നാമിപ്പോൾ എത്തിനിൽക്കുന്നത്.
ഒന്നു മുതൽ പത്തു വരെയുള്ള ക്ലാസുകളിൽ
ഭാഷാപഠനവുമായി ബന്ധപ്പെട്ട് നാം നേടിയ
ശേഷികളെ ക്രോഡീകരിക്കുന്നതിനും ഭാഷാപഠനത്തിന്റെ
സൂക്ഷ്മതലങ്ങളിലേക്ക് പ്രവേശിക്കുന്നതിനും
ഈ ഘട്ടത്തിൽ കഴിയേണ്ടതുണ്ട്.
അതുപോലെ മാതൃഭാഷയിലൂടെ കൈവരിച്ച
സാംസ്കാരികമുന്നേറ്റത്തെക്കുറിച്ച് അവബോധം നേടുന്നതിനും
കഴിയണം. കേരളത്തെ വൈജ്ഞാനികസമൂഹമായി
മാറ്റുന്നതിൽ മാതൃഭാഷ വഹിച്ച പങ്ക് മനസ്സിലാക്കേണ്ടതുമുണ്ട്.
ഹയർസെക്കൻഡറി തലത്തിലെ ഭാഷാപഠനത്തിന്
കൃത്യമായ ലക്ഷ്യങ്ങളും ദിശയുമുണ്ടാകണം എന്ന
കാര്യത്തിൽ സംശയമില്ലല്ലോ. സാഹിത്യത്തിലെ വിവിധ
പ്രസ്ഥാനങ്ങളെയും സാഹിത്യരൂപങ്ങളെയും മനസ്സിലാക്കാനും
അവയുടെ സവിശേഷതകൾ തിരിച്ചറിയാനും കഴിയണം.
ഭാഷാപ്രയോഗത്തിന്റെ സൂക്ഷ്മതലങ്ങളിലേക്ക്
പ്രവേശിക്കുക എന്നതും ഈ ഘട്ടത്തിൽ
പ്രധാനമാണ്. മാതൃഭാഷയെയും സാഹിത്യത്തെയും
സംബന്ധിച്ച അറിവിന്റെ സൂക്ഷ്മതലങ്ങളിലേക്ക്
പോകുവാൻ മലയാളം ഐച്ഛികമായി സ്വീകരിച്ച
കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. ഉന്നതവിദ്യാഭ്യാസത്തിലേക്ക്
മുന്നേറാനിരിക്കുന്ന നിങ്ങൾക്ക് ശരിയായ ചവിട്ടുപടിയായി
ഈ ഘട്ടത്തിലെ മാതൃഭാഷപഠനം മാറണം.
അതിനാവശ്യമായ പാഠങ്ങളും പഠനപ്രവർത്തനങ്ങളുമാണ്
ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

സ്നേഹത്തോടെ,

**ഡോ. ജയപ്രകാശ് ആർ. കെ.**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി. കേരളം

# പാഠപുസ്തക രചനാസമിതി

**ചെയർമാൻ**

**ഡോ. എം. എ. സിദ്ദീഖ്**
പ്രൊഫസർ, മലയാള വിഭാഗം, കേരള യൂണിവേഴ്സിറ്റി

**വിദഗ്ധർ**

**ഡോ. പി. സത്യനേശൻ**
അസി. പ്രൊഫസർ (റിട്ട.), മുൻ കരിക്കുലം വിഭാഗം തലവൻ, എസ്.സി.ഇ.ആർ.ടി. കേരളം

**ഡോ. എം. വിജയൻപിള്ള**
പ്രൊഫസർ (റിട്ട.), എൻ. എസ്. എസ്. കോളേജ്, നിലമേൽ

**അംഗങ്ങൾ**

**പി. രാമൻ,** എച്ച്.എസ്.എസ്.ടി., മലയാളം, ജി.എച്ച്.എസ്.എസ്., കുറ്റിപ്പുറം, മലപ്പുറം
**ഡോ. പി. കെ. ജയരാജൻ,** അക്കാദമിക് കൗൺസലർ, ശ്രീനാരായണ ഓപ്പൺ യൂണിവേഴ്സിറ്റി
**ഡോ. പി. കെ. സഭിത്ത്,** D.P.O. കണ്ണൂർ, സമഗ്രശിക്ഷ കേരള
**ഡോ. ശാന്തി എസ്.,** എച്ച്.എസ്.എസ്.ടി., എച്ച്.എസ്.എസ്., തിരുവമ്പാടി, ആലപ്പുഴ
**വിജു എൽ. എൻ.,** എച്ച്.എസ്.എസ്.ടി., ജി.ജി.എച്ച്.എസ്.എസ്., പേരൂർക്കട, തിരുവനന്തപുരം
**ഡോ. ജംഷീദ് എ.,** എച്ച്.എസ്.എസ്.ടി., ജി.എച്ച്.എസ്.എസ്., അയ്യൻകോയിക്കൽ, ചവറ, കൊല്ലം
**ദിവ്യ പി. എസ്.,** എച്ച്.എസ്.എസ്.ടി., ജി.ബി.എച്ച്.എസ്.എസ്., മിതൃമ്മല, തിരുവനന്തപുരം
**ഷാജ് തയ്യിൽ കാരായി,** എച്ച്.എസ്.എസ്.ടി., ജി.വി.എച്ച്.എസ്.എസ്., കതിരൂർ, കണ്ണൂർ
**ജ്യോതിഷ് കെ. വി.,** എച്ച്.എസ്.എസ്.ടി., മർകസ് എച്ച്.എസ്.എസ്., കാരന്തൂർ
**ഡോ. സഞ്ജീവൻ കെ.വി.,** എച്ച്.എസ്.എസ്.ടി., ജി.എച്ച്.എസ്.എസ്., ചായ്യോത്ത്, കാസർകോട്
**വിനോദ് വി.,** എച്ച്.എസ്.എസ്.ടി., ജി.എം.എച്ച്.എസ്.എസ്., പെരിന്തൽമണ്ണ, മലപ്പുറം
**മിനി എസ് ഗോപിനാഥ്,** എച്ച്.എസ്.എസ്.ടി., ജി.എച്ച്.എസ്.എസ്., ചാത്തന്നൂർ, പാലക്കാട്
**അനിത ജി.,** എച്ച്.എസ്.എസ്.ടി., ജി.എം.ജി.എച്ച്.എസ്.എസ്., വേങ്ങര ടൗൺ, മലപ്പുറം
**സന്തോഷ് പി.,** എച്ച്.എസ്.എസ്.ടി., ജി.എച്ച്.എസ്.എസ്., അലനല്ലൂർ, മണ്ണാർക്കാട്
**ഡോ. രേണുക ജ്യോതി കെ. എസ്.,** എച്ച്.എസ്.എസ്.ടി., (Jr.), എച്ച്.എസ്.എസ്, തിരുവല്ലയന്നൂർ
**മടവൂർ ശശി,** എച്ച്.എസ്.ടി. (റിട്ട), ഗവ. മോഡൽ ബോയ്സ് എച്ച്.എസ്.എസ്, തിരുവനന്തപുരം

**ചിത്രരചന**

**ദീപേഷ് ടി.,** ട്രെയിനർ, BRC, പന്തലായിനി, കൊയിലാണ്ടി, കോഴിക്കോട്

**അക്കാദമിക് കോഡിനേറ്റർ**

**ഡോ. ശശി എം.ടി.,** റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി, കേരളം

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

# ഉള്ളടക്കം

## 1




| | |
|---|---|
| ജീവനം മോഹനം | 7 |
| എന്റെ ശില്പം | 8 |
| അച്ഛനാണ് താരം | 11 |
| അകത്തളം | 15 |
| പുത്തൻകലവും അരിവാളും | 25 |


## 2


| | |
|---|---|
| ജനകീയം രമണീയം | 26 |
| അഹങ്കാരവും തോൽവിയും | 27 |
| സോക്രട്ടീസ് | 30 |
| ഞാനും വരട്ടെയോ | 40 |
| മീനാക്ഷിയേടത്തി | 44 |




## 3




| | |
|---|---|
| സംസ്കാരവിനിമയം | 54 |
| ആരോഗ്യനികേതനം | 55 |
| നമ്മുടെ പാട്ടുകൾ | 60 |
| കർണ്ണന്റെ അരങ്ങേറ്റം | 64 |
| നവഭാഷാവ്യവഹാരങ്ങൾ | 68 |


## 4


| | |
|---|---|
| മുന്നോട്ട് | 72 |
| നമ്മുടെ മറുപടി | 73 |
| കനവിന്റെ ലോകം | 76 |
| സ്വദേശത്ത് ഒരു മഹാമാരിക്കാലത്ത് | 82 |
| ദൈവം ഓവൻസിന് കൈകൊടുക്കുന്നു | 89 |




# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

ഭാരതത്തിലെ ജനങ്ങളായ നാം ഭാരതത്തെ ഒരു [1][പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി] സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ നീതിയും;

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള സ്വാതന്ത്ര്യവും;

പദവിയിലും അവസരത്തിലും സമത്വവും; സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് സാഹോദര്യം പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

നമ്മുടെ ഭരണഘടനാനിർമ്മാണസഭയിൽ ഈ 1949 നവംബർ ഇരുപത്താറാം ദിവസം ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കുതന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.

---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക്" എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).

1

# ജീവനം മോഹനം



ജീവനില്ലാത്ത ജീവികൾ ഉണ്ടായിത്തുടങ്ങിയത് അയാൾ സർവകലാശാലയിൽ പഠിക്കാൻ ചേർന്ന കൊല്ലത്തിൽ ആയിരുന്നു. അന്നേ അത് വലിയ അദ്ഭുതമായി. ആ തുടക്കം താൻ ഉൾപ്പെടെയുള്ള മനുഷ്യരെ ഇത്രവേഗം, ഇത്രവലിയ ഏടാകൂടത്തിൽ എത്തിക്കുന്നമെന്ന് തീരെ ഓർത്തില്ല.

ആദ്യം വന്നത് നഗരത്തിലെ വലിയ എയർപോർട്ടിൽ സേവകവേഷത്തിലാണ്. സുന്ദരിയായ ഒരു സ്ത്രീ. 'എനിക്ക് നിങ്ങളെ സഹായിക്കാൻ അവസരം തരുമോ?' എന്ന് മാറത്ത് എഴുതിവച്ചിരിക്കുന്ന അവരെ യാത്രക്കാർ പലതരം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു. ഒരു അമ്മയ്ക്ക് വേണ്ടത് താൻ കുളിമുറിയിൽ പോയിവരുന്നതുവരെ കൈക്കുഞ്ഞിനെ ഒരാളെ ഏല്പിക്കണം. വേറൊരാൾക്ക് തനിക്ക് പോകാനുള്ള ഗേറ്റിലേക്ക് വഴി അറിയണം. ഇനിയും ഒരാൾക്ക് മെൽബണിൽനിന്ന് മാഞ്ചസ്റ്ററിലേക്കുള്ള എളുപ്പയാത്രയ്ക്ക് വഴി അറിയണം. ആരോടും അവർ ചോദ്യകർത്താവിന്റെ അതേ ഭാഷയിൽ മറുപടി പറയുന്നു.

ഇരുപത്തിനാലുമണിക്കൂറും ജോലിചെയ്യും. വിശ്രമം വേണ്ട. ഭക്ഷണവും ഉറക്കവും വൈദ്യസഹായവും ആവശ്യമില്ല. വേണ്ടത് കറണ്ട് മാത്രം. ചാർജ് തീരാറായാൽ അതിനുള്ള സ്ഥലത്തു പോയി സ്വയം പ്ലഗ് ചെയ്യും. മതിയാവോളമായാൽ സ്വയം വേർപെടുത്തി പോരും. ഡോക്ടർമാർ, നഴ്സുമാർ, സെയിൽസ്ഗേളുകൾ, ടൂറിസ്റ്റ് ഗൈഡുകൾ തുടങ്ങിയവർ പിന്നാലെ വന്നു. ഏത് യന്ത്രം ഓടിക്കാനും, ആൾരൂപത്തിലോ അല്ലാതെയോ ഉള്ള യന്ത്ര ഉപാധികൾ ഉണ്ടായി. മാനുഷികമായ ഒരു തെറ്റും ഇവയ്ക്ക് പറ്റില്ല എന്ന ഗുണവും ആശാസ്യം. അധ്യാപകരും പൊലീസുകാരുംകൂടി രംഗത്തെത്തിയപ്പോൾ ആളുകൾ ഈ വഴിക്കുള്ള പുരോഗതിയെ ആശങ്കയോടെ കാണാൻ തുടങ്ങി.

**നാട് ഓടുമ്പോൾ** — **സി. രാധാകൃഷ്ണൻ**

മനുഷ്യാധ്വാനത്തെ ലഘൂകരിക്കുന്ന ആധുനിക ഉപകരണങ്ങൾ ഇന്നത്തെ തൊഴിൽ മേഖലയെ എങ്ങനെയെല്ലാം സ്വാധീനിച്ചിരിക്കുന്നു. ചർച്ചചെയ്യുക.

# എന്റെ ശില്പം



മണ്ണിൽ നിന്നിതാ വാർത്തെടുക്കുന്നു
മന്നിടത്തിന്റെ സർഗശില്പം ഞാൻ
കല്പനതൻകളിത്തേരുരുട്ടി
സ്വപ്നവീഥിയിൽ സഞ്ചരിപ്പോരേ,
നീലവാനിൻ മിഴികളിൽ നോക്കി
തൂലികകൾ ചലിപ്പിക്കുവോരേ,
ഭാവനയെ തെറുത്തു ചുരുട്ടി
ചാവറകളിൽ സഞ്ചരിപ്പോരേ,
മണ്ണുമായുള്ള ബന്ധം വിടർത്താൻ
വിണ്ണിലേക്കു കുതികൊള്ളുവോരേ,
മുക്തിസാധനോപാസകന്മാരായ്
യുക്തിയെക്കടിഞ്ഞാണിടുന്നോരേ,

നിങ്ങൾ കണ്ടോ, പശയുള്ള മണ്ണിൽ-
നിന്നു ഞാൻ വാർത്തെടുത്തൊരീ ശില്പം?
സ്വപ്രതിഭയാലിപ്രപഞ്ചത്തിൻ
സ്വപ്നവാടിയെ ചെണ്ടണിയിച്ചും
തന്നധൃഷ്യമാം ശക്തിയാൽ വിശ്വ-
സ്പന്ദനങ്ങൾ സ്വയം നിയന്ത്രിച്ചും,
ധീരമായി ചരിത്രം പുലർത്തും
ധാരണകൾ തിരുത്തിക്കുറിച്ചും,
ഗോളഗോളാന്തരങ്ങളെപ്പോലും
കാലടിക്കീഴിലാക്കാൻ ശ്രമിച്ചും,
ഇപ്രപഞ്ചത്തെ രൂപപ്പെടുത്തും
ശില്പിയാണെന്റെ സൃഷ്ടിസങ്കേതം!
നിങ്ങൾ നോക്കൂ പശയുള്ള മണ്ണിൽ-
നിന്നു ഞാൻ വാർത്തെടുത്തൊരീ ശില്പം!
വിപ്ലവത്തിൻ സനാതനസത്യം
വിശ്വമാകെ വിളംബരംചെയ്യാൻ,
സൗഹൃദത്തിന്റെ നന്ദനോദ്യാനം,
സൗരവീഥിയിൽപ്പോലും വിടർത്താൻ,
ജീവിതപ്രേമഗാനസന്ദേശം
ഭാവിതൻ ചുണ്ടിൽ മായാതെ നിർത്താൻ,
നൂറുനൂറു യുഗങ്ങളിൽക്കൂടി
കേറിവന്ന മനുഷ്യന്റെ രൂപം!
പച്ചമണ്ണിൽ,-പുരുഷാന്തരങ്ങൾ
പിച്ചവച്ചു വളർന്നൊരീ മണ്ണിൽ,
ഞാനിതാ വാർത്തുയർത്തുകയാണീ
ഗാനസാന്ദ്രമാം ജീവിതശില്പം!

മുളങ്കാട് വയലാർ രാമവർമ്മ

കവിതയ്ക്ക് ഈണം, താളം എന്നിവ കണ്ടെത്തി അവതരിപ്പിക്കുകയും താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങളോട് പ്രതികരിക്കുകയും ചെയ്യുക.

- നിങ്ങൾ കണ്ടോ, പശയുള്ള മണ്ണിൽ-
  നിന്നു ഞാൻ വാർത്തെടുത്തൊരീ ശില്പം?

  ? ആരെയൊക്കെ അഭിസംബോധന ചെയ്താണ് കവി ഇങ്ങനെ പറയുന്നത്?

  ? പ്രപഞ്ചത്തെ രൂപപ്പെടുത്തുന്ന ശില്പിയുടെ സവിശേഷതകൾ എന്തൊക്കെയാണ്?

- ഞാനിതാ വാർത്തുയർത്തുകയാണീ
  ഗാനസാന്ദ്രമാം ജീവിതശില്പം!

  ? ജീവിതശില്പം വാർത്തെടുക്കുന്നത് എന്തിനുവേണ്ടിയാണ്?

കല്പനതൻ കളിത്തേരുരുട്ടി
സ്വപ്നവീഥിയിൽ സഞ്ചരിപ്പോരേ

- 'കല്പനതൻ കളിത്തേരുരുട്ടി' എന്ന സവിശേഷപ്രയോഗം കാവ്യസന്ദർഭത്തിന് നൽകുന്ന സൗന്ദര്യം ചർച്ചചെയ്യുക. ഇത്തരത്തിലുള്ള കൂടുതൽ പ്രയോഗങ്ങൾ പാഠഭാഗത്തുനിന്നും കണ്ടെത്തി എഴുതുക.

- 'വിശ്വസംസ്കാരപാലകരാകും
  വിജ്ഞരേ, യുഗം വെല്ലുവിളിപ്പൂ;
  ആകുമോ ഭവാന്മാർക്കു നികത്താൻ
  ലോകസാമൂഹ്യദുർന്നിയമങ്ങൾ.'

  **കുടിയൊഴിക്കൽ** **വൈലോപ്പിള്ളി**

- 'ഇപ്രപഞ്ചത്തെ രൂപപ്പെടുത്തും
  ശില്പിയാണെന്റെ സൃഷ്ടിസങ്കേതം'!

- മനുഷ്യപ്രയത്നവും പുരോഗമനാശയങ്ങളും ലോകക്രമത്തെ രൂപപ്പെടുത്തുകയും നവീകരിക്കുകയും ചെയ്യുമെന്ന അചഞ്ചലമായ വിശ്വാസമാണോ ഈ രണ്ടുകാവ്യഭാഗങ്ങളിലും പ്രതിഫലിക്കുന്നത്? നിങ്ങളുടെ പ്രതികരണങ്ങൾ ചർച്ചചെയ്ത് കുറിപ്പായി എഴുതുക.

'ജീവിതപ്രേമഗാനസന്ദേശം
ഭാവിതൻ ചുണ്ടിൽ മായാതെ നിർത്താൻ,
നൂറുനൂറു യുഗങ്ങളിൽക്കൂടി
കേറിവന്ന മനുഷ്യന്റെ രൂപം!'

- വരികൾ വിശകലനം ചെയ്യുക.

എന്റെ ശില്പം എന്ന കവിതയ്ക്ക് താഴെക്കൊടുത്ത സൂചനകളുടെ സഹായത്തോടെ ആസ്വാദനം തയ്യാറാക്കുക.

- ജീവിതശില്പത്തിന്റെ സവിശേഷതകൾ
- സാമൂഹികപശ്ചാത്തലം
- സൗന്ദര്യതലം

# അച്ഛനാണ് താരം



അച്ഛൻ നാട്ടിൽ ഏറ്റവും പേരെടുത്തത് മീൻപിടിത്തത്തിലെ മികവുകൊണ്ടാണ്. കടലോരങ്ങളിലെ ക്ഷാമകാലത്തുപോലും കടലിന്റെ ഏതെങ്കിലും കോണിൽപ്പോയി അച്ഛൻ അത്യാവശ്യം മീനുമായി തിരികെയെത്തും. കടലിലെ ഓരോ യാത്രയിലും അച്ഛന് ഓരോ കണക്കുകൂട്ടലുണ്ടാവും. അതു നേടിയിട്ടാവും തിരികെവരിക. നാട്ടിലെ പല മത്സ്യത്തൊഴിലാളികൾക്കും അവർ കടലിൽ പോകുന്നതിനും വരുന്നതിനും ഒരേകദേശ സമയക്രമമുണ്ടാവും. പക്ഷേ, അച്ഛന് അങ്ങനെയൊന്നില്ല. ചിലപ്പോൾ അതിരാവിലെ രണ്ടുമണിക്കുപോയി ഉച്ചയ്ക്ക് തിരികെയെത്തും. മറ്റുചിലപ്പോൾ പുലർച്ചേപോയി ഉച്ചയ്ക്കുവരും. കലവാപിടിക്കുന്ന സീസണാവുമ്പോൾ രാവിലെ പോയി വൈകിട്ടാവും വരുക. നിലാവുള്ള രാത്രികളിൽ അതിന്റെ ഉദയാസ്തമയങ്ങൾക്കനുസരിച്ചാണ് മീൻപിടിത്തം നടത്തുന്നത്. ചിലപ്പോൾ തൂക്കുപാത്രത്തിൽ ചോറുംകെട്ടി നിറയെ മുറുക്കാനുമായി വൈകുന്നേരമാവും പോവുക. പിറ്റേദിവസം ഉച്ചയോടെയോ അതിനുമുമ്പോ തിരികെയെത്തും. 'പടുമ്പാട്ടിനു പോവുക'യെന്നാണ് ഇതിനെ പറയുന്നത്. സൂര്യാസ്തമയവും ചന്ദ്രന്റെ സാന്നിധ്യവും (moon movements) മീൻപിടിത്തത്തിന് ഉപയോഗപ്പെടുത്താനാണ് ഇങ്ങനെ

ചെയ്യുന്നത്. പടുമ്പാട്ടിനു പോയി ചിലപ്പോൾ അതിരാവിലെ തന്നെ നിറയെ മീനുമായി വരും. 'മതള' ത്തിനു മീൻ പിടിച്ചതിനാലാവാം അങ്ങനെ വരിക. സൂര്യാസ്തമയത്തെയാണ് മതളം എന്നു പറയുന്നത്. മതളത്തിനു മീൻ കൊത്താതെ വന്നാൽ നിലാവുദിപ്പിനോ ചില നക്ഷത്രങ്ങളുടെ വരവോടെയോ ഇരയെടുത്തെന്നിരിക്കും. ഇങ്ങനെയൊക്കെയാണ് അച്ഛന്റെ കണക്കുകൂട്ടൽ. നിലാവുള്ള രാത്രികൾ അച്ഛനു പൊതുവേ ഉറക്കമില്ലാത്ത രാത്രികളാണ് 'തങ്കലിനു' പോകുന്നതിനാലാണിത്. ഒരുപകലും രണ്ടുരാത്രികളും നീണ്ടു നില്ക്കുന്ന മീൻപിടിത്തത്തെയാണ് തങ്കലിനുപോവുക എന്നു പറയുന്നത്. അവർ തങ്കലിനു പോകുമ്പോൾ ഞങ്ങൾക്കുമുണ്ടാവും അല്ലറചില്ലറ പണികൾ. ഒരു വലിയ പിട്ട നിറയെ മുറുക്കാൻ തയ്യാറാക്കിവയ്ക്കണം. പനയോലകൊണ്ടുള്ള പൗച്ചാണ് പിട്ട. കടലിൽ ഉറക്കമിളച്ചിരിക്കുമ്പോൾ ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് മുറുക്കാൻ. പിന്നെ ഓരോരുത്തർക്കും തൂക്കുപാത്രത്തിൽ ചോറ് നിറച്ച് കെട്ടിവയ്ക്കും. ഇവ കൂടാതെ ഒരു പനമ്പുവട്ടി നിറയെ അവിച്ച കപ്പയും തേങ്ങ പൂളിയതും ഉണ്ടാവും. ഇവയെല്ലാം ഭദ്രമായി തയ്യാറാക്കിയെടുത്തു വയ്ക്കേണ്ടത് ഞങ്ങളുടെ ജോലിയാണ്. കുടിക്കാൻ ഒരു കന്നാസു നിറയെ ഉള്ളിയും മുളകും തല്ലിയിട്ട കഞ്ഞിവെള്ളം കൂടിയായാൽ തങ്കലിനുള്ള ശാപ്പാട് തയ്യാർ. ആഹാരത്തിന്റെ കാര്യത്തിൽ മുൻകരുതൽ എടുക്കുംപോലെതന്നെയാണ് ഏറ്റിനങ്ങളുടെ കാര്യത്തിലും. മീൻപിടിക്കാൻ ഉപയോഗിക്കുന്ന ഉപകരണങ്ങളാണ് ഏറ്റിനങ്ങൾ. ചിലപ്പോൾ അതിനെ ഏക്കരുവ് എന്നും വിളിക്കും. തങ്കലിനു പോകാനുള്ള തയ്യാറെടുപ്പിൽ ഏറ്റവും പ്രധാനമാണ് ഏക്കരുവുകളുടെ തയ്യാറെടുപ്പ്. സാധാരണഗതിയിൽ ഉപയോഗിക്കാറുള്ളതിനെക്കാൾ കൂടുതൽ വണ്ണമുള്ള കങ്കൂസും ചൂണ്ടയും അതിലുണ്ടാവും. എഴുപതുകളുടെ മുമ്പുവരെ കങ്കൂസിനുപകരം പഞ്ഞിനൂല് പിരിയിട്ടുണ്ടാക്കിയ ചൂണ്ടക്കയറാണ് ഉപയോഗിച്ചിരുന്നത്. ചിലപ്പോൾ കങ്കൂസും ചൂണ്ടയും ബന്ധിക്കുന്നിടത്ത് കുറെഭാഗം സിൽവർ കമ്പിയായിരിക്കും. മൂർച്ചയേറിയ പല്ലുകളുള്ള മീനിനെ പിടിക്കാനാണ് ഈ വിദ്യ ഉപയോഗിക്കുന്നത്. കൂടുതൽ വലിയമത്സ്യത്തെ പിടിക്കാൻ 'കൊളുത്തോട്ടി'യും കരുതിയിട്ടുണ്ടാവും. ഒരു മീറ്ററെങ്കിലും നീളമുള്ള കമ്പിന്റെ അറ്റത്ത് ചൂണ്ട കെട്ടിയുണ്ടാക്കുന്നതാണ് കൊളുത്തോട്ടി. കൂടാതെ ഉദ്ദേശം ഒന്നരമീറ്റർ ഉയരത്തിൽ പനയോലയും ചൂരലും കൊണ്ട് കൂടപോലെ തീർത്ത 'ഓടുകണവാ ഉമൽ' ആണ് മറ്റൊന്ന്. വലിയ മീൻ പിടിക്കാനുള്ള ഇരകളായ ചെറുമത്സ്യങ്ങളെ ജീവനോടെ സൂക്ഷിക്കാനുള്ളതാണ് ഓടുകണവാ ഉമലുകൾ. ഇരയ്ക്കായുള്ള മത്സ്യങ്ങളെപ്പിടിച്ച് ജീവനോടെ ഉമലിലിട്ട് കട്ടമരത്തിന്റെ പുറകിലെ കടിയായിൽ ബന്ധിച്ച് കടലിൽ താഴ്ത്തിയിടുമ്പോൾ അതിനുള്ളിൽ ചെറുമീനുകൾ യഥേഷ്ടം ഓടിക്കളിച്ചുകൊണ്ടിരിക്കും. ഇവ ഓരോന്നായി ചൂണ്ടയിൽ കോർത്തിട്ടാണ് വൻമത്സ്യങ്ങളെ പിടിക്കുന്നത്.

എന്റെ കുഞ്ഞുന്നാളിൽ തങ്കൽ സീസണുകളിൽ അച്ഛനെയും മറ്റും കടലിലേക്ക് എല്ലാ ഒരുക്കങ്ങളോടെയും എത്രയോ തവണ യാത്രയാക്കിയിട്ടുണ്ട്. കട്ടമരത്തിൽ കയറും മുമ്പ് അവർ അവരുടെ ഉടുവസ്ത്രങ്ങൾ എന്നെ ഏല്പിക്കും. അവർ പുറപ്പെട്ടുകഴിഞ്ഞാൽ ഞാനതുമായി വീട്ടിലേക്കു മടങ്ങും. ഇതിനിടയിൽ പലപ്പോഴും കടപ്പുറത്ത് കുറെനേരം അവരെത്തന്നെ നോക്കിനില്ക്കാറുണ്ട്. കാറ്റിന്റെ വരവനുസരിച്ചാണ് അവർ യാത്രയുടെ സമയക്രമം നിശ്ചയിച്ചിരുന്നത്. പ്രതീക്ഷിച്ചപോലെ കാറ്റുണ്ടെങ്കിൽ കട്ടമരമിറക്കി

തിരമുറിച്ചു പുറപ്പെട്ടു കഴിഞ്ഞാലുടൻ പായുയർത്തി ഓടിച്ചുപോകും. കാറ്റില്ലാത്തപ്പോൾ തുഴഞ്ഞാവും പോകുക.

എല്ലായ്പോഴും ഒരേ ദിക്കിലേക്കായിരിക്കില്ല ഇവരുടെ യാത്ര. ചിലപ്പോൾ തെക്കോട്ട്, മറ്റു ചിലപ്പോൾ വടക്കോട്ട്. അതുമല്ലെങ്കിൽ നേരേ ഉള്ളിലേക്ക്. തങ്കലിനായുള്ള കടൽ യാത്രകളിലെ ഈ ദിശാവ്യത്യാസം എന്തുകൊണ്ടെന്ന് ആദ്യമൊന്നും എനിക്കു മനസ്സിലായില്ല. ഓരോ തവണയും തങ്കൽ മത്സ്യബന്ധനം കഴിഞ്ഞുവന്ന് ഇവർ നടത്തുന്ന ചേലുപറച്ചിലിൽനിന്നും പതിയെപ്പതിയെ എനിക്കും കാര്യങ്ങൾ പിടികിട്ടിത്തുടങ്ങി. കടലിനടിത്തട്ടിൽ പാറുകളുള്ള ഇടങ്ങൾ (Rocky Reefs) തേടിയാണ് ഇവർ തങ്കലിനു പോകുന്നത്. ആ പാറുകളെപ്പറ്റിയും അവിടെ മീൻ പിടിച്ചപ്പോഴുള്ള അനുഭവങ്ങളെപ്പറ്റിയും തുടങ്ങി വാതോരാതെയുള്ള അന്നത്തെ അനുഭവങ്ങളുടെ പങ്കുവയ്ക്കലാണ് ചേലുപറച്ചിൽ. പാരിലേക്കു പായിലോടി പാതിവഴി എത്തിയപ്പോൾ കാറ്റുനിന്നതും പിന്നെ തുഴഞ്ഞുതുഴഞ്ഞു പാരിനടുത്തെത്തിയപ്പോൾ ആകാശം പുകച്ചുകിടന്നതും മതളത്തോടടുത്ത് ആകാശം അല്പമൊന്നു തെളിഞ്ഞപ്പോൾ കരരേഖ നോക്കി പാരിൽ കല്ലു വച്ചതും കടലിന്റെ പരുവം ശരിയല്ലാതിരുന്നതിനാൽ മീൻ ഇരയെടുക്കാതിരുന്നതും അപ്പോളതുവഴി കടലാന പോയതും അതു കണ്ടപാടേ അവർ തലപ്പാവഴിച്ച് മടിയിൽ വച്ചതും ഏറെക്കഴിഞ്ഞ് നിലാവുദിച്ചതും നിലാവെട്ടത്തിൽ മീൻ ഓടി ഇരയെടുത്തതുമെല്ലാം ഈ ചേലുപറച്ചിലിലുണ്ടാവും. അന്നത്തെ കടലനുഭവങ്ങളിൽ വന്നുഭവിച്ച അബദ്ധങ്ങളെപ്പറ്റി ചേലുപറച്ചിലിനിടെ തർക്കങ്ങളുണ്ടായെന്നും വരാം. ചിലപ്പോൾ വളരെ ഒച്ചവച്ചാവും തർക്കിക്കുക. അല്പനേരത്തിനിടെ ആ തർക്കങ്ങളെല്ലാം ആറിത്തണുക്കും. എല്ലാം കടലുപോലെ, കടലമ്മയെപ്പോലെ. ഒരു നിമിഷം ആർത്തലച്ചുവരും. മറുനിമിഷം എല്ലാം കെട്ടടങ്ങും ഇവരുടെ ഈ സംസ്കൃതിയിൽ കണ്ണിയാവാനായതിൽ എത്രയോ ഭാഗ്യവാനാണു ഞാൻ.

**കടലറിവുകളും നേരനുഭവങ്ങളും** — **റോബർട്ട് പനിപ്പിള്ള**

- മതളം
- പടുമ്പാട്ടിനു പോവുക

- ഇത്തരം നാട്ടുപദങ്ങളുടെയും പ്രയോഗങ്ങളുടെയും ഭംഗി സന്ദർഭത്തിന് നിറവു പകരുന്നതെങ്ങനെ? കൂടുതൽ പദങ്ങളും പ്രയോഗങ്ങളും കണ്ടെത്തി വിശദീകരിക്കുക.

'എല്ലാം കടലുപോലെ, കടലമ്മയെപ്പോലെ. ഒരു നിമിഷം ആർത്തലച്ചുവരും. മറുനിമിഷം എല്ലാം കെട്ടടങ്ങും. ഇവരുടെ ഈ സംസ്കൃതിയിൽ കണ്ണിയാവാനായതിൽ എത്രയോ ഭാഗ്യവാനാണു ഞാൻ' - ലേഖകൻ ഇങ്ങനെ അഭിപ്രായപ്പെടുന്നതെന്തുകൊണ്ടാവാം? കടലോരത്തെ മനുഷ്യരുടെ ജീവിതാനുഭവങ്ങളെ സൂക്ഷ്മമായി ആവിഷ്കരിക്കുന്നതിലെ ഭംഗി ചർച്ചചെയ്യുക.

- 'അച്ഛൻ നാട്ടിൽ ഏറ്റവും പേരെടുത്തത് മീൻപിടിത്തത്തിലെ മികവുകൊണ്ടാണ്.' വിവിധ തൊഴിൽമേഖലകളുമായി ബന്ധപ്പെട്ട് ഇതുപോലെ ശ്രദ്ധിക്കപ്പെടുന്ന വ്യക്തികൾ നിങ്ങളുടെ പ്രദേശത്തുണ്ടാവുമല്ലോ. അവരിൽ ഒരാളുമായി അഭിമുഖം നടത്താനുള്ള ചോദ്യാവലി തയ്യാറാക്കുക. തുടർന്ന് അഭിമുഖവും നടത്തുമല്ലോ.

- 'പാരിലേക്കു പായിലോടി പാതിവഴി എത്തിയപ്പോൾ കാറ്റുനിന്നതും പിന്നെ തുഴഞ്ഞു തുഴഞ്ഞു പാരിനടുത്തെത്തിയപ്പോൾ ആകാശം പുകച്ചുകിടന്നതും മതല ത്തോടടുത്ത് ആകാശം അല്പമൊന്നു തെളിഞ്ഞപ്പോൾ കരരേഖ നോക്കി പാരിൽ കല്ലുവച്ചതും കടലിന്റെ പരുവം ശരിയല്ലാതിരുന്നതിനാൽ മീൻ ഇരയെടുക്കാതി രുന്നതും അപ്പോളതുവഴി കടലാന പോയതും അതു കണ്ടപാടേ അവർ തലപ്പാവഴിച്ച് മടിയിൽ വച്ചതും ഏറെക്ക ഴിഞ്ഞ് നിലാവുദിച്ചതും നിലാവെട്ടത്തിൽ മീൻ ഓടി ഇരയെടുത്തതുമെല്ലാം ഈ ചേലുപറച്ചിലിലുണ്ടാവും.'

  - വാക്യം വായിച്ചുവല്ലോ. ഇതിനെ ലഘുവാക്യങ്ങളാക്കുക. ഇവിടെ ചെറുവാക്യങ്ങളെ ഒന്നിച്ചുചേർക്കാൻ ഏത് ശബ്ദമാണ് ഉപയോഗിച്ചത്? വാക്യങ്ങളെയും പദങ്ങളെയും കൂട്ടിച്ചേർക്കുന്നതിൽ നിപാതങ്ങൾ വഹിക്കുന്ന പങ്ക് ടീച്ചറുമായി ചേർന്ന് ചർച്ച ചെയ്യുക. കൂടുതൽ ഉദാഹരണങ്ങൾ പാഠഭാഗത്തുനിന്നും കണ്ടെത്തി നോട്ടുബു ക്കിൽ കുറിയ്ക്കുക.

- 'അച്ഛൻ നാട്ടിൽ ഏറ്റവും പേരെടുത്തത് മീൻ പിടിത്തത്തിലെ മികവുകൊണ്ടാണ്.'

  മീൻ <u>പിടിത്തം</u>

  മീൻ <u>പിടിക്കുക</u>

  അടിവരയിട്ട ഈ പദങ്ങൾ തമ്മിലുള്ള വ്യത്യാസം ശ്രദ്ധിക്കുക.

  പിടിക്കുക എന്നത് ഒരു ക്രിയയും പിടിത്തം എന്നത് നാമവുമാണല്ലോ. ക്രിയയിൽ നിന്ന് ഉണ്ടാകുന്ന നാമം, ക്രിയാനാമം. ഇത്തരം കൂടുതൽ പദങ്ങൾ പാഠഭാഗങ്ങളിൽ നിന്ന് കണ്ടെത്തുക.

  ഇതുപോലെ മറ്റേതെല്ലാം നാമവിഭാഗങ്ങൾ ഉണ്ട്? ടീച്ചർ നൽകുന്ന കുറിപ്പിന്റെ സഹായത്തോടെ നാമപദങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുക.

# അകത്തളം



തൊഴിലുറപ്പിനു പോയിത്തുടങ്ങിയതിനുശേഷം പ്രസീദയുടെ സ്വഭാവത്തിൽ പെട്ടെന്ന് ചില മാറ്റങ്ങളുണ്ടായത് അജയൻ ശ്രദ്ധിച്ചു. 'ശ്രദ്ധിച്ചു' എന്നതിനെക്കാൾ 'നിരീക്ഷിച്ചു' എന്നു പറയുന്നതാകും കൂടുതൽ ശരി. കഴിഞ്ഞ കുറേ ദിവസങ്ങളായി അയാൾ പ്രസീദയെ നിരീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവൾ നടക്കുന്നത്, ചിരിക്കുന്നത്, സംസാരിക്കുന്നത്, ആഹാരം കഴിക്കുന്നത്, എന്തിന് ടി.വി. കാണുമ്പോൾപോലും അയാളുടെ ഒരു കണ്ണ് അവളിലാണ്; ചിലപ്പോൾ രണ്ടു കണ്ണും. കൂട്ടുകെട്ടുകളാണ് മനുഷ്യരെ മാറ്റിമറിക്കുന്നതെന്ന് ആർക്കാണറിഞ്ഞുകൂടാത്തത്? തൊഴിലുറപ്പിലെ പെണ്ണുങ്ങളൊക്കെക്കൂടി പാവം പ്രസീദയെ എത്രമാത്രം മാറ്റിയിരിക്കുന്നുവെന്ന് അജയൻ ആകുലപ്പെട്ടു.

തൊഴിലുറപ്പിനു പോകണമെന്ന തീരുമാനം ഏതാനും മാസങ്ങൾക്കുമുമ്പ് പ്രസീദ അറിയിച്ചപ്പോൾ അവൾ തമാശ പറയുകയാണെന്നാണ് അജയൻ കരുതിയത്. എന്നാൽ, അവളുടെ മുഖത്തെ ദൃഢനിശ്ചയം അതൊരു കളിവാക്കല്ലെന്ന് അയാളെ ബോധ്യപ്പെടുത്തി. എട്ടാം ക്ലാസുകാരനായ മകൻ അമ്പരന്നുനിൽക്കുന്നത് കണ്ടു. ആറാം ക്ലാസുകാരിയായ മകളാകട്ടെ, 'വാട്ട് എ സർപ്രൈസ് ' എന്ന് അതിശയം മറച്ചുവച്ചില്ല.

അവരുടെ പതിനഞ്ചാം വിവാഹവാർഷികമായിരുന്നു അന്ന്. ചരിത്രപരമായി ഏറെ പ്രാധാന്യമുള്ള ഒരു സംഭവമാണിതെന്ന് അപ്പോൾത്തന്നെ അയാൾക്കു വെളിപാടുണ്ടായി. ഇതിനു

മുമ്പൊരിക്കലും അവൾ നിർണ്ണായക തീരുമാനങ്ങളൊന്നും ഏകപക്ഷീയമായി എടുത്തിട്ടില്ലെന്നാണ് അയാളുടെ ഓർമ്മ.

“നിനക്ക് തൊഴിലുറപ്പിനു പോകേണ്ട എന്താവശ്യമാണുള്ളത്?” എന്നു പൊട്ടിത്തെറിക്കാനാണ് അയാൾക്കു പെട്ടെന്നു തോന്നിയത്. നാഴികയ്ക്ക് നാൽപ്പതുവട്ടം അജയൻ ആവർത്തിച്ചുകൊണ്ടിരുന്ന അയാളുടെ ഗവൺമെന്റ് ജോലിയുടെ സുരക്ഷിതത്വവും ഉയർന്ന ശമ്പളവും പൊടുന്നനെ അപ്രസക്തമായതായി അയാൾക്കു തോന്നി.

“നിനക്ക് ഇരുപത്തിനാലു മണിക്കൂറും ക്ഷീണമാണല്ലോ?” അജയൻ ചോദിച്ചു. “പിന്നെങ്ങനെ പറമ്പ് കൊത്തിക്കിളയ്ക്കാനും പുല്ലരിയാനുമൊക്കെ പറ്റും?”

“അമ്മയ്ക്ക് വെയിലുകൊണ്ടാൽ തലവേദന വരില്ലേ?” മകൻ ഒരു പരിഹാസച്ചിരിയോടെ ചോദിച്ചു.

പ്രസീദ അജയന്റെ ഷർട്ടിലെ ഇളകിപ്പോയ ബട്ടൺ തയ്ച്ചുപിടിപ്പിക്കുന്നതിൽ മുഴുകി. ചോദ്യങ്ങളൊന്നും കേട്ടതായി ഭാവിച്ചുമില്ല. അവൾ മനഃപൂർവം ബട്ടൺ ഇളക്കിയെടുത്തശേഷം തയ്ച്ചുചേർക്കുന്നതാകുമോയെന്ന് അജയൻ സംശയിച്ചു. എങ്ങനെ സ്വയം തൊഴിലവസരങ്ങളുണ്ടാക്കാം എന്നതാണല്ലോ ഈയിടെയായി പ്രസീദയുടെ ചിന്താവിഷയം.

“അവൾ ആണുങ്ങളോടു കൊഞ്ചാനും കുഴയാനും പോകുന്നതായിരിക്കും.” അജയന്റെ അമ്മ പെട്ടെന്ന് എന്തോ പിടികിട്ടിയ മട്ടിൽ പറഞ്ഞു. “എനിക്കു കേട്ടപ്പോഴേ തോന്നി.”

“ദേ... തള്ളേ... എന്നെക്കൊണ്ടൊന്നും പറയിപ്പിക്കരുത്.”

തയ്ച്ചുകൊണ്ടിരുന്ന ഷർട്ട് വലിച്ചെറിഞ്ഞുകളഞ്ഞിട്ട് പ്രസീദ അരിശത്തോടെ അവരുടെയടുത്തേക്കു പാഞ്ഞെത്തി.

“ഇന്നത്തെക്കാലത്ത് അതിനൊക്കെ വേറെ വഴിയുണ്ട്. ദാ... കണ്ടോ?” അവൾ കൈയിലെ സ്മാർട്ട്ഫോൺ ഉയർത്തിക്കാട്ടി. തള്ളയ്ക്ക് അതിലെ സൂത്രപ്പണികളെപ്പറ്റി അറിവുണ്ടായിരുന്നില്ല. അവർ തൽക്കാലം പിൻവാങ്ങി.

ഇനി ശരിക്കും അതുതന്നെയാണ് പ്രസീദയുടെ ഉദ്ദേശ്യം എന്നുവരുമോ? അജയന് പെട്ടെന്നൊരു സംശയം തോന്നി. ഛെ! അയാൾ അടുത്ത നിമിഷത്തിൽ സ്വയം തിരുത്തി. പ്രസീദയെപ്പറ്റി അങ്ങനെ ചിന്തിക്കുന്നതുപോലും വലിയ തെറ്റല്ലേ? ഇക്കാലമത്രയും അവളെ സംശയിക്കാൻ കാരണമൊന്നുമുണ്ടായിട്ടില്ലല്ലോ. എന്തൊക്കെപ്പറഞ്ഞാലും ചില സമയങ്ങളിൽ അമ്മയുടെ സംസാരം കുറച്ച് കടന്നുപോകുന്നില്ലേ?

എന്നാലും ഇതുവരെ ഇല്ലാതിരുന്ന ഈയൊരു ആഗ്രഹം പ്രസീദയ്ക്ക് ഇപ്പോഴെങ്ങനെയുണ്ടായി? ആ ചോദ്യം അജയനും അയാളുടെ അമ്മയും അതിശയത്തോടെ പരസ്പരം ചോദിച്ചു. മരുമകളുമായുള്ള പതിവു ശീതയുദ്ധവും കശപിശകളുമല്ലാതെ മറ്റൊന്നും സംഭവിച്ചിട്ടില്ലെന്ന് അമ്മായിയമ്മ ചെട്ടികുളങ്ങരയമ്മയെ സാക്ഷിയാക്കി സത്യം ചെയ്തു.

തൊട്ടതിനും പിടിച്ചതിനുമൊക്കെ ചെട്ടികുളങ്ങരയമ്മയുടെയും പഴനി ആണ്ടവന്റെയും പേരിൽ കള്ളസത്യമിടുന്നത് അവർ പതിവാക്കിയതിനാൽ അജയന് അത്രയ്ക്കങ്ങോട്ടു വിശ്വാസം

വന്നില്ല. എന്നാൽ പെട്ടെന്നുള്ള പ്രകോപനങ്ങളൊന്നുംതന്നെ പ്രസീദയുടെ കടുത്ത തീരുമാനത്തിനു കാരണമായിട്ടില്ലെന്ന് അവർ കണ്ണിൽ വെള്ളം നിറച്ചുകൊണ്ട് ആവർത്തിച്ചപ്പോൾ അയാൾക്കതു വിശ്വസിക്കാതിരിക്കാനും കഴിഞ്ഞില്ല.

പ്രസീദയുടെ ആവശ്യങ്ങളെന്തെങ്കിലും ഇക്കാലത്തിനിടയിൽ താൻ നിറവേറ്റാതിരുന്നിട്ടുണ്ടോ? അയാൾ ആശയക്കുഴപ്പത്തിലായി. പ്രസീദ തൊഴിലുറപ്പിനു പോകുന്നതറിഞ്ഞാൽ നാട്ടുകാർ എന്തു വിചാരിക്കും? കുടുംബം പുലർത്താൻ പോലും തന്റെ ശമ്പളം തികയുന്നില്ലെന്നാകുമോ പ്രസീദ പറയാതെ പറയുന്നത്? അതോ ഏകാധിപതിയായ ഒരു ഭർത്താവാണ് അയാളെന്ന ഒരു ഗൂഢമായ അർഥം ഇതിൽനിന്നും വായിച്ചെടുക്കാനാകുമോ? അതുമല്ലെങ്കിൽ സ്ത്രീ സ്വാതന്ത്ര്യത്തെക്കുറിച്ച് സ്വപ്നം കാണുന്ന ഒരു ഫെമിനിസ്റ്റാണ് പ്രസീദ എന്നു വരുമോ? വാസ്തവത്തിൽ എന്താണ് ഫെമിനിസം? അജയന് കാര്യമായ അറിവുണ്ടായിരുന്നില്ല. പത്രത്തിലെ സിനിമാപ്പരസ്യം മാത്രം വായിക്കുന്ന പ്രസീദയ്ക്ക് അത്രപോലും അറിയുമെന്നു തോന്നുന്നില്ല.

"മെൻ ആൻഡ് വിമെൻ ഷുഡ് ഹാവ് ഈക്വൽ റൈറ്റ്സ്."

ആറാംക്ലാസുകാരിയായ മകൾ ഇടയ്ക്കിടെ ആവർത്തിക്കാറുള്ള വാചകം അയാൾ ഓർത്തു. അവൾ ക്ലാസ്മുറിയിൽ കേട്ടതാകാം.

"വൈ ഷുഡ് വി മാരി സംവൺ ഇഫ് വി ആർ നോട്ട് ഇന്ററെസ്റ്റഡ്?"

മകൾ മറ്റൊരിക്കൽ ചോദിച്ചത് അജയൻ ആശങ്കയോടെ ഓർത്തു.

മകൾ ഇംഗ്ലീഷ് സംസാരിക്കുന്നത് അഭിമാനമാണെങ്കിലും അക്കാരണത്താൽ അവൾ പറയുന്നതൊക്കെ അംഗീകരിച്ചുകൊടുക്കാൻ പറ്റുമോ? പ്രസീദ ഇന്നോളം അവളെ തിരുത്താൻ ശ്രമിച്ചിട്ടുമില്ല. അതെങ്ങനെ... അവളുടെ തലയ്ക്കകത്തു മുഴുവൻ ഇപ്പോൾ തൊഴിലുറപ്പാണല്ലോ!

തൊട്ടടുത്ത വീട്ടിലെ ശാലിനിച്ചേച്ചി തൊഴിലുറപ്പിന്റെ മേറ്റ് ആയതിനു ശേഷമാണെന്നു തോന്നുന്നു പ്രസീദയുടെ ഇമ്മാതിരി ഇളക്കങ്ങൾ.

വീട്ടിലെ ആഭ്യന്തരപ്രശ്നങ്ങളിൽ വിദഗ്ധോപദേശം തേടി അയാളുടെ അമ്മയും പ്രസീദയും സമീപിക്കാറുള്ളത് അവരെയാണ്. ഇലയ്ക്കും മുള്ളിനും കേടില്ലാത്ത എന്തെങ്കിലും നിർദേശങ്ങളോ സാന്ത്വനവാക്കുകളോ നൽകി അവർ ഇരുവരെയും അനുനയിപ്പിക്കാറുണ്ട്.

കല്യാണംകഴിഞ്ഞ അന്നുമുതൽ പ്രസീദയും അമ്മയും തമ്മിൽ കശപിശകളായിരുന്നു. അജയൻ ഓർമ്മിച്ചു. ചെറിയ ചെറിയ വാക്തർക്കങ്ങൾ മുതൽ വമ്പൻ കലഹങ്ങൾവരെ. മക്കൾ വളർന്നതിനു ശേഷമാണ് പ്രശ്നങ്ങൾ കുറച്ചെങ്കിലും ശമിച്ചത്. പ്രസീദ തൊഴിലുറപ്പിനു പോയിത്തുടങ്ങുന്നതോടെ അടുക്കളജോലികളുടെ അധികഭാരം വീണ്ടും അമ്മയുടെ തലയിലാകാനാണ് സാധ്യത. ഇനി അതുതന്നെയാണോ പ്രസീദയുടെ ഉദ്ദേശ്യം എന്ന് ആർക്കറിയാം! നിശ്ചയദാർഢ്യത്തിന്റെ പ്രതീകമായി ഉറച്ച ചുവടുവയ്പ്പുകളോടെ നീങ്ങുന്ന പ്രസീദയെ അജയൻ വേവലാതിയോടെ ഒന്നുകൂടി നോക്കി. ഒന്നോ രണ്ടോ ദിവസം വെയിൽ കൊള്ളുമ്പോഴേക്കും അവളുടെ ആവേശമൊക്കെ കെട്ടടങ്ങിക്കൊള്ളുമെന്ന് അജയൻ അമ്മയോട് അടക്കംപറഞ്ഞു. അവർക്ക് അതു കേട്ടപ്പോൾ ഒട്ടൊരു സമാധാനമായതുപോലെ തോന്നി.

പിന്നീട് മാസമൊന്നു തികയുന്നതിനു മുമ്പേ പ്രസീദ തൊഴിലുറപ്പിനു പോയിത്തുടങ്ങി. തൊഴിലുറപ്പുജോലിക്കുള്ള അപേക്ഷയൊക്കെ അവളെപ്പോൾ കൊടുത്തു? അതിന് ആര് അവളെ സഹായിച്ചു? അജയൻ അമ്പരന്നു. വെറുതേയല്ല അവൾ കുറച്ചു നാളുകൾക്കു മുമ്പ് ബാങ്കിൽ പോയി അക്കൗണ്ട് തുടങ്ങിയത്. എല്ലാ നീക്കങ്ങളും ഇരുചെവിയറിയാതെ അതീവ രഹസ്യമായിട്ടായിരുന്നു എന്നുവേണം കരുതാൻ. പ്രസീദ വെറും പ്രസീദയല്ല! അജയന് അന്നാദ്യമായി തോന്നി. അവളെ പ്രസീദയായി മാത്രം കരുതിയതാണ് ഏറ്റവും വലിയ തെറ്റ്. രഹസ്യങ്ങളൊക്കെ മനസ്സിൽ സൂക്ഷിക്കാനും പുറമേക്ക് ഒന്നുമറിയാത്ത മട്ടിൽ പെരുമാറാനും അവൾക്കു ഭംഗിയായിട്ടറിയാം.

ഒരുവിധത്തിൽ പറഞ്ഞാൽ ജോലിക്കുപോകണം എന്ന ആഗ്രഹം മനസ്സിലൊളിപ്പിച്ചുവച്ച് കഴിഞ്ഞ പതിനഞ്ചു വർഷമായി അവൾ തന്നെ പറ്റിക്കുകയായിരുന്നില്ലേ? അതു തുറന്നു പറഞ്ഞിരുന്നെങ്കിൽ എന്തായിരുന്നു കുഴപ്പം?

“ആ ശാലിനിയാണ് എല്ലാത്തിനും വളംവച്ചു കൊടുക്കുന്നത്,” അജയന്റെ അമ്മ അരിശത്താൽ പുകഞ്ഞുനീറി, “അവളോട് രണ്ടുവാക്ക് ചോദിച്ചിട്ടു ബാക്കികാര്യം.”

“അമ്മ ഇനി വഴക്കിനും വക്കാണത്തിനുമൊന്നും പോകണ്ട,” അജയൻ അവരെ തടഞ്ഞു നിർത്തിയിട്ട് പ്രധാനപ്പെട്ട എന്തോ കാര്യം പറയുന്നതുപോലെ ശബ്ദം അടക്കിപ്പിടിച്ചു പറഞ്ഞു, “നമ്മൾ ബുദ്ധിപൂർവം നീങ്ങണം. അനുകൂലമായ ഒരു സാഹചര്യം ഉണ്ടാകുമ്പോൾ വേണം തിരിച്ചടിക്കാൻ.”

അവർ എന്തോ ആലോചിച്ചു സാവധാനം തലയാട്ടി.

ആദ്യത്തെ ദിവസം അജയനും കുട്ടികൾക്കുമുള്ള ചോറ്റുപാത്രങ്ങൾ പൊതിയുമ്പോൾ പ്രസീദ പറയുന്നതു കേട്ടു:

“ആദ്യമായിട്ടാണ് ഞാൻ എനിക്കുവേണ്ടി ഒരു പൊതിച്ചോറ് കെട്ടുന്നത്.”

സന്തോഷത്തോടൊപ്പം ആദ്യമായി ജോലിക്കു പോകുന്ന ഉദ്യോഗാർഥിയുടെ ആകാംക്ഷ കൂടി അജയന് അവളുടെ കണ്ണുകളിൽനിന്ന് വായിച്ചെടുക്കാനായി. അജയന്റെ രണ്ടു പഴയ ഷർട്ടുകൂടി അവൾ ഒരു കവറിൽ എടുത്തുവച്ചു.

“പണിയെടുക്കുമ്പോൾ നൈറ്റിയുടെ മുകളിൽ ഇടാനാ,” അവൾ പറഞ്ഞു.

അജയന് ആകപ്പാടെ ഒരു തമാശ തോന്നി. ഇത് എത്ര ദിവസത്തേക്കാണ്? എന്തൊക്കെ പ്പറഞ്ഞാലും പ്രസീദ അടിസ്ഥാനപരമായി പ്രസീദതന്നെയല്ലേ? - എത്രയൊക്കെ മാറിയാലും. ഈ വിചാരത്താലാകണം അപ്പോൾ അമ്മയുടെ മുഖത്തും അർഥഗർഭമായൊരു പുഞ്ചിരി തത്തിക്കളിക്കുന്നതു കണ്ടു.

പ്രതീക്ഷിച്ചതുപോലെതന്നെ വൈകുന്നേരം പ്രസീദ ആകെ വാടിത്തളർന്നാണ് തിരിച്ചെത്തിയത്.

“ഒരു കനാലിന്റെ സൈഡ് മുഴുവൻ ഞങ്ങൾ കിളച്ചുമറിച്ചു.” കൈയിലെ കവർ നിലത്തു വയ്ക്കുന്നതിനു മുമ്പേ അവൾ അഭിമാനത്തോടെ അറിയിച്ചു.

പ്രസീദ പറമ്പുകിളയ്ക്കുകയോ? അജയന് വിശ്വസിക്കാനായില്ല.

ഒരു മൂട് കപ്പ കിളച്ചെടുക്കാൻപോലും അവൾ ഇന്നുവരെ ശ്രമിച്ചിട്ടില്ല. അതേസമയം കപ്പ ക്കിഴങ്ങ് മണ്ണുനീക്കി കഴുകിക്കൊടുത്താൽ അവൾ ഭംഗിയായി കൊത്തിയരിഞ്ഞു വേവിച്ചെ ന്നിരിക്കും. എന്തിനേറെ പറയണം, ഒരു തേങ്ങ വെട്ടുകത്തികൊണ്ട് പൊതിക്കാൻപോലും അവൾക്ക് മര്യാദയ്ക്ക് അറിയില്ല.

"കുട്ടികളെ സാധാരണ വളർത്തുന്നതുപോലെയൊന്നുമല്ല ഞാൻ പ്രസീദയെ വളർത്തിയത്." പ്രസീദയുടെ അമ്മ അഭിമാനത്തോടെ ഇടയ്ക്കിടെ പറയാറുള്ള വാചകം അജയൻ ഓർമ്മിച്ചു, "ഒരു മണ്ണിലും പൊടിയിലും അവൾ കളിച്ചിട്ടില്ല. ചെരുപ്പിടാതെ മുറ്റത്തേക്ക് ഇറങ്ങിയിട്ടു പോലുമില്ല."

"എന്നാലും... ഒരു തൂമ്പപോലും നേരേചൊവ്വേ പിടിക്കാനറിയാത്ത നീ എങ്ങനെ മണ്ണു കൊത്തിക്കിളച്ചു?' അജയൻ അതിശയം മറച്ചുവെച്ചില്ല.

"ശാലിനിച്ചേച്ചി സഹായിച്ചു", പ്രസീദ വിശദീകരിച്ചു.

"പുല്ലു കുറവുള്ള ഭാഗമാണ് ചേച്ചി എനിക്കു തന്നത്. കുറച്ചൊക്കെ തണലുമുണ്ടായിരുന്നു അവിടെ", പ്രസീദ ആശ്വാസത്തോടെ തുടർന്നു, "കുറച്ചുസമയം പണിയെടുത്തപ്പോഴേക്കും ചായ കുടിക്കാനുള്ള സമയമായി. ഞങ്ങളെല്ലാവരും ചായയും വടയുമൊക്കെ കഴിച്ച് അവിടി രുന്നു വർത്തമാനം പറഞ്ഞു. അപ്പോഴാണ് എല്ലാവരെയും പരിചയപ്പെടുന്നത്. എന്തുമാത്രം പെണ്ണുങ്ങൾ ഉണ്ടെന്നറിയാമോ?" പ്രസീദ കണ്ണുകൾ വിടർത്തി,



"പത്തിരുപതു വയസ്സുള്ള പെൺപിള്ളേരുമുതൽ എഴുപതും എഴുപത്തഞ്ചും വയസ്സുള്ളവർ വരെയുണ്ട്."

"അത് ശരി!" മകൻ ഉറക്കെ ചിരിച്ചുകൊണ്ടു പറഞ്ഞു, "അപ്പോൾ അമ്മ കൊച്ചുവർത്തമാനം പറയാനാണ് പോകുന്നത്. അല്ലേ?"

"ചെറുക്കാ, മിണ്ടാതിരുന്നോ അവിടെ" പ്രസീദ ക്ഷോഭിച്ചു, "നിനക്കെന്തറിയാം തൊഴിലുറപ്പി നെപ്പറ്റി?"

മകൻ ഏതോ ബുക്ക് തുറന്നു വായിക്കുന്ന മട്ടിൽ ഇരുന്നു.

"വൈ ഷുഡ് ബോയ്സ് ഹാവ് ഓൾ ദി ഫൺ?" മകൾ ടിവി പരസ്യത്തിൽ കേട്ട ഡയലോഗ് ആവർത്തിച്ചു.

"നാളെമുതൽ ഞങ്ങൾ വടക്കേതിലെ ജാനുവമ്മയുടെ പറമ്പിലെ കയ്യാല കെട്ടാൻ പോണു." തലമുടി വാരിക്കെട്ടി കുളിമുറിയിലേക്ക് നടക്കുമ്പോൾ പ്രസീദ പറഞ്ഞു.

"രാവിലെയും വൈകിട്ടും മസ്റ്റർറോളിൽ ഒപ്പുവയ്ക്കുമ്പോഴുള്ള സംതൃപ്തിയുണ്ടല്ലോ അതു പറഞ്ഞറിയിക്കാൻ പറ്റില്ല. എന്തോ ഒരു വലിയ കാര്യം സാധിച്ചതുപോലെ തോന്നും," ഒന്നു നിർത്തിയിട്ട് അവൾ അസന്ദിഗ്ധമായി പ്രഖ്യാപിച്ചു. "എന്തു വന്നാലും ഞാൻ നൂറു തൊഴിൽ ദിവസങ്ങൾ തികയ്ക്കും."

അമ്മയുടെ മുഖം പൊടുന്നനെ ഇരുണ്ടത് അജയൻ ശ്രദ്ധിച്ചു. പ്രസീദ പിന്മാറാനുള്ള ഉദ്ദേശ്യം ഇല്ലേയെന്ന് അയാളും ആശങ്കപ്പെട്ടു. പിന്നീടുള്ള ദിവസങ്ങളിൽ ജോലിക്കാര്യത്തോടൊപ്പം നാട്ടുവിശേഷങ്ങളുടെയും പുതിയൊരു ഭൂമിക പ്രസീദ തുറന്നിടുന്നതു കണ്ടു. മുൻപരിചയ മുള്ള മനുഷ്യരൊക്കെ അപരിചിത വ്യക്തിത്വങ്ങളായി അവളുടെ കഥകളിൽ നിറഞ്ഞാടി. ഊഹാപോഹങ്ങളും കിംവദന്തികളും അവയ്ക്ക് അകമ്പടിസേവിച്ചു. ഒട്ടേറെ വീടുകളുടെ പിന്നാമ്പുറക്കഥകൾ നിഗൂഢതകൾ ഏതുമില്ലാതെ അവളിലൂടെ പ്രവഹിച്ചുകൊണ്ടിരുന്നു. അമ്മ താൽപര്യമില്ലാത്ത മട്ട് മുഖത്തു വരുത്തിയിട്ട് അടുക്കളയിൽ കാതുകൂർപ്പിച്ചിരിക്കുന്നതു കണ്ടു.

പ്രസീദയുടെ തൊഴിലുറപ്പുജോലികൾ കയ്യാലകെട്ടലിൽനിന്ന് മഴക്കുഴിനിർമ്മാണത്തി ലേക്കും തോട് വൃത്തിയാക്കുന്നതിലേക്കും പുരോഗമിച്ചുകൊണ്ടിരുന്നു. അജയന്റെ പഴയ നീലവരയൻ ഷർട്ടും കറുത്തവരയൻ ഷർട്ടും ഇടവിട്ട ദിവസങ്ങളിൽ നൈറ്റിക്കു മുകളിൽ ധരിച്ചു കൊണ്ട് പ്രസീദ ഉത്സാഹത്തോടെ ജോലിക്കുപൊയ്ക്കൊണ്ടിരുന്നു. അപ്പോൾ... വെയിൽ കൊള്ളുമ്പോൾ അവൾക്കുണ്ടാകുന്ന തലവേദനയും തലകറക്കവും? അതും മറ്റൊരു നുണ യാകാനാണ് സാധ്യത - അജയൻ വിചാരിച്ചു. തന്റെ പറമ്പിലെ കൃഷിപ്പണിയിൽ നിന്നൊഴി വാകാനായി അവൾ കണ്ടെത്തിയ ഉപായമായിരിക്കുമത്. 'അമ്പടി കേമീ!' അജയൻ മനസ്സിൽ പറഞ്ഞു, "എല്ലാവരെയും എല്ലാക്കാലത്തും പറ്റിക്കാനാകില്ല."

അടുക്കളജോലികളുടെ വിഷമവൃത്തത്തിൽപ്പെട്ട അജയന്റെ അമ്മ അരിശത്താൽ പുകഞ്ഞു കത്തി. തോരനും മെഴുക്കുപുരട്ടിയും പകുതിവേവിച്ചും വേവിക്കാതെയും കറികൾക്ക് ഉപ്പുകൂട്ടിയും കുറച്ചും അവർ മരുമകളോടുള്ള വിദ്വേഷം പ്രകടിപ്പിച്ചു. വൈകുന്നേരം

പണികഴിഞ്ഞെത്തുന്ന പ്രസീദ അജയന് ചപ്പാത്തിയും പിള്ളേർക്കു മസാലനൂഡിൽസും ഉണ്ടാക്കി സമവായത്തിനുള്ള സാധ്യത നിലനിർത്തി. പതിവുപോലെ അമ്മയുടെ ശാപവാക്കുകളോ ഭീഷണികളോ അവളുടെ സ്വാസ്ഥ്യംകെടുത്തിയില്ല. സ്ഥിതിഗതികൾ മാറ്റമേതുമില്ലാതെ ആവർത്തിച്ചുകൊണ്ടിരുന്നു; പ്രസീദ ആദ്യമായി തൊഴിലുറപ്പിന്റെ കാശു വാങ്ങാൻ ബാങ്കിൽ പോകുന്നതുവരെ.

ഒരു ബിഗ്ഷോപ്പർ നിറയെ സാധനങ്ങളുമായി പ്രസീദ ഓട്ടോയിൽ വന്നിറങ്ങുന്നത് അജയൻ കൗതുകത്തോടെ വീക്ഷിച്ചു. പ്രസീദയുടെ മുഖത്ത് അപ്പോൾ തെളിഞ്ഞുകത്തുന്ന ഉത്സാഹത്തെ, നിർവൃതിയെ എന്തിനോടുപമിക്കണമെന്ന് അജയൻ ആശയക്കുഴപ്പത്തിലായി. അജ്ഞാതമായ ഒരു വൻകര കണ്ടെത്തിയ നാവികയുടെ ആവേശമെന്നു വേണമെങ്കിൽ പറയാം; അതത്ര ചേർച്ചയില്ലാത്തതാണെങ്കിലും. എന്നാലും എന്തൊക്കെ സാധനങ്ങളാണ് പ്രസീദ വാങ്ങിക്കൊണ്ടുവന്നിരിക്കുന്നതെന്ന് അറിയാനുള്ള ആഗ്രഹം മറ്റുള്ളവരെപ്പോലെ അയാൾക്കുമുണ്ടായി.

അവൾ കവറിൽനിന്നും ഓരോന്നായി പുറത്തെടുത്തു. മകൾക്കു നീണ്ട വള്ളിയുള്ള ഒരു പഴ്സും മകന് ഫുട്ബോളും. ഇതൊക്കെ കുട്ടികൾ പറഞ്ഞുവിട്ടതാണോ? അജയന് അയാളുടെ ഇഷ്ട പെർഫ്യൂം. പ്രസീദയ്ക്ക് മുത്തുകൾ പിടിപ്പിച്ച ഒരു ഷിഫോൺ സാരി- ചെങ്കല്ലുനിറത്തിലുള്ളത്. ഇതായിരുന്നോ അവളുടെ ആവശ്യങ്ങൾ? സ്വന്തം വരുമാനത്തിൽ നേടിയെടുക്കേണ്ട ഗൂഢലക്ഷ്യങ്ങൾ? അജയൻ ആലോചിച്ചു. അയാൾ അവൾക്ക് എത്രയോ സാരികൾ വാങ്ങിക്കൊടുത്തിട്ടുണ്ട്! പക്ഷേ, എല്ലാം ചാരനിറത്തിലോ തവിട്ടുനിറത്തിലോ ഉള്ളവ. ഏറ്റവും നിർജീവങ്ങളായ നിറങ്ങൾ! 'ലോകത്തിൽ ഈ രണ്ടുനിറങ്ങൾ മാത്രമേ കണ്ടുപിടിച്ചിട്ടുള്ളോ?' പ്രസീദ പലപ്പോഴും ഈർഷ്യയോടെ ചോദിച്ചിട്ടുണ്ട്.

അവൾ അടുത്ത പ്ലാസ്റ്റിക് കവർ പുറത്തെടുത്തു. അജയന്റെ അമ്മയ്ക്കുവേണ്ടി വാങ്ങിയ കറുത്ത പുള്ളികളുള്ള ഒരു മഞ്ഞ ബ്ലൗസ്പീസ് ആയിരുന്നു അത്.

"എനിക്കൊരു പുള്ളിബ്ലൗസ് വേണം." കുറച്ചുകാലം മുമ്പുവരെ ടിവി സീരിയൽ കണ്ടുകൊണ്ടിരിക്കുമ്പോൾ അമ്മ സ്ഥിരമായി ആവശ്യപ്പെടുമായിരുന്നത് അജയൻ ഓർത്തു.

"ഒറ്റക്കളർ സാരിയും പുള്ളിബ്ലൗസുമാ ഇപ്പോൾ ഫാഷൻ."

ടിവിയിലെ വാർത്താവായനക്കാരികളെ കണ്ടാലും അമ്മ പുള്ളിബ്ലൗസിൽത്തന്നെ മൂക്കുകുത്തി വീഴും.

"ഓ... പിന്നെ.... ഇനി അതിന്റെ ഒരു കുറവ് കൂടിയേയുള്ളൂ." അജയൻ പരിഹസിക്കും, "വയസ്സാം കാലത്താ ഫാഷൻ."

ഇപ്പോൾ കുറേനാളായി ഈയൊരാവശ്യം കേൾക്കാനില്ലായിരുന്നു. അമ്മ ഒരു കുട്ടിയുടെ കൗതുകത്തോടെ ബ്ലൗസ്പീസ് തിരിച്ചും മറിച്ചും നോക്കുന്നത് അയാളെ അമ്പരപ്പിച്ചു. പ്രസീദ അമ്മയ്ക്കായി ഒന്നുംതന്നെ വാങ്ങിക്കൊണ്ടു വരില്ലെന്നും അഥവാ ഇനി എന്തെങ്കിലും വാങ്ങിയാൽത്തന്നെ അമ്മ അതിനോടു മുഖം തിരിക്കുമെന്നുമായിരുന്നു അയാളുടെ ധാരണ. അമ്മയുടെ മുഖത്തെ സന്തോഷം നിലനിർത്തിക്കൊണ്ടുതന്നെ അവൾ അടുത്ത കടലാസുപൊതി തുറന്നു. അമ്മയ്ക്കു വീട്ടിലിടാനായി വാങ്ങിയ ഒരുജോഡി സ്ലിപ്പർ ചെരുപ്പുകളായിരുന്നു അവ. നല്ല പതുപതുപ്പുള്ളത്.

ആ പ്രത്യേകയിനം സ്ലിപ്പറുകൾ മാത്രമേ അമ്മ ആവശ്യപ്പെടുമായിരുന്നുള്ളൂ. അജയൻ ടൗണിലെ അഞ്ചോ ആറോ ചെരുപ്പുകടകളിൽ തിരക്കിയിട്ടും കണ്ടുകിട്ടാതിരുന്നവ ! പ്രസീദ ഇത് എവിടെനിന്നൊപ്പിച്ചു? അയാൾക്ക് ഇക്കുറി അതിശയം അടക്കാനായില്ല. അമ്മയുടെ മുഖം സന്തോഷത്താൽ പ്രകാശിക്കുന്നു. പ്രസീദയെ വില കുറച്ചു കണ്ടത് ശരിയായില്ല- അജയനു തോന്നി. വർഷങ്ങളോളം വീട്ടിനകത്ത് അടച്ചിരുന്ന് അവളുടെ ബുദ്ധി മരവിച്ചുപോയെങ്കിലും ഇപ്പോൾ ഒരു നയതന്ത്രവിദഗ്ധയുടെ ദീർഘവീക്ഷണത്തോടെയല്ലേ അവൾ പെരുമാറുന്നത്? പ്രസീദ പ്രൗഢമായ ചലനങ്ങളോടെ ബാഗുമായി അകമുറിയിലേക്കു പോയപ്പോൾ മൂന്നു ജോടി കണ്ണുകൾ കൗതുകത്തോടെ അവളെ പിന്തുടരുന്നതു കണ്ടു. സ്വന്തമായി അധ്വാനിച്ചുണ്ടാക്കിയ കാശ് ഇഷ്ടാനുസരണം ചെലവഴിച്ചതിന്റെ അഹങ്കാരത്തോളമെത്തുന്ന സംതൃപ്തി അവളിൽ തുടിച്ചുനിൽക്കുന്നു.



“ഭിക്ഷക്കാരൻ വന്നാൽപ്പോലും ഒരു രൂപയെടുക്കാൻ ഈ വീട്ടിൽ ഇല്ല.” പ്രസീദ മുമ്പൊരിക്കൽ അമ്മയുമായി വഴക്കിട്ടപ്പോൾ പതം പറഞ്ഞു കരഞ്ഞത് അയാൾ ഓർത്തു, “ചില്ലറപ്പൈസ പോലും അലമാരയ്ക്കകത്താക്കി പൂട്ടിയിട്ടേ പോകൂ നിങ്ങളുടെ മോൻ! എല്ലാം എന്റെ വിധി!”

പിന്നീടുള്ള ദിവസങ്ങൾ അതിശയകരമാംവിധം സമാധാനപരമായിരുന്നു. അമ്മയുടെ കുറ്റപ്പെടുത്തലും പഴിപറച്ചിലുമൊക്കെ കെട്ടടങ്ങിയതുപോലെ. ഈ വീട്ടിലെ പ്രശ്നങ്ങളോർത്ത് താൻ എത്രയോ രാത്രികളിൽ ഉറക്കം കളഞ്ഞിരിക്കുന്നു! അജയൻ നെടുവീർപ്പിട്ടു. എല്ലാം ശുഭപര്യവസായിയാകുമെന്ന ഒരു പ്രതീക്ഷ മനസ്സിലുണ്ടായിരുന്നെങ്കിലും ഇത്ര പെട്ടെന്നൊരു പരിഹാരമുണ്ടാകുമെന്നു കരുതിയതേയല്ല. ഒരു പുള്ളിബ്ലൗസിൽ തീരാവുന്ന പ്രശ്നങ്ങളേ ഈ വീട്ടിൽ ഉണ്ടായിരുന്നുള്ളോ? ഇതൊക്കെ ആരറിഞ്ഞു?

അടുത്ത തവണ കിട്ടിയ പണം പ്രസീദ ആഘോഷിച്ചത് അമ്മയ്ക്ക് ഒരു ഒറ്റക്കളർ കോട്ടൺസാരി വാങ്ങിയിട്ടാണ്- അതും ഇളംമഞ്ഞ നിറത്തിലുള്ളത്. കുറച്ചു ദിവസങ്ങൾക്കകം അവൾ അമ്മയുടെ പൊട്ടിയ സ്വർണ്ണക്കമ്മൽ ഒരു സ്വർണ്ണക്കടയിൽ കൊടുത്തു വിളക്കിച്ചേർക്കുകയും ചെയ്തു. അതോടെ അവർ സന്തോഷത്താൽ നിലത്തൊന്നുമല്ലെന്ന് അജയനു തോന്നി. ഇതിനിടയിൽ വാട്ടർകളറും ഷൂസുകളുമൊക്കെയായി കുട്ടികൾക്കുള്ള സാധനങ്ങളും പ്രവഹിച്ചുകൊണ്ടിരുന്നു.

അമ്മയുടെ മുഖത്ത് ഇപ്പോൾ സദാ ഒരു മന്ദഹാസം പാതിവിടർന്നു നിൽക്കുന്നുണ്ട്. ഒറ്റയ്ക്ക് അടുക്കള

ജോലികൾ ചെയ്യുമ്പോൾപ്പോലും അവരുടെ ചുണ്ടുകളിൽ മുറുമുറുപ്പിനുപകരം ഒരു മൂളിപ്പാട്ട് തത്തിക്കളിക്കുന്നു. അടുത്ത തവണ കാശു കിട്ടുമ്പോൾ പ്രസീദ കൊണ്ടുവരാൻ പോകുന്ന സമ്മാനത്തെപ്പറ്റിയാണെന്നു തോന്നുന്നു ഇപ്പോൾ അവരുടെ ചിന്ത. പാരസ്പര്യം എന്ന മഹനീയ ആദർശത്തെ പിന്തുടർന്നാണ് ഇപ്പോൾ വീട്ടുജോലികൾ പുരോഗമിക്കുന്നതെന്ന് അജയൻ കണ്ടെത്തി. മീൻകാരനോട് വിലപേശി വാങ്ങുന്ന മീനൊക്കെ അമ്മതന്നെ വെട്ടിക്കഴുകി വൃത്തിയാക്കിവയ്ക്കും. വൈകുന്നേരം പ്രസീദ വന്നതിനുശേഷം അവൾക്ക് കറി വയ്ക്കുന്ന പണിയേയുള്ളൂ. മീൻകറി വയ്ക്കാൻ അമ്മയ്ക്ക് അറിയാഞ്ഞിട്ടല്ല. പ്രസീദ അവളുടെ ഇഷ്ടപ്രകാരം തേങ്ങയരച്ചോ അരയ്ക്കാതെയോ എരിവും പുളിയും കൂട്ടിയോ കുറച്ചോ വയ്ക്കട്ടെ എന്നു കരുതിമാത്രം. കുറേ മാസങ്ങൾക്കുശേഷം പ്രസീദ ബാങ്കിൽനിന്നും തൊഴിലുറപ്പിന്റെ കാശെടുത്ത ദിവസമാണ് അജയൻ അത് കാണുന്നത്. പ്രസീദ വാങ്ങിക്കൊണ്ടുവന്ന വലിയ ഒരു ടെഡിബിയർ കിടപ്പുമുറിയിൽ വിശ്രമിക്കുന്നു! അതിന്റെ വില കണ്ട് അജയൻ ഞെട്ടിപ്പോയി. ആയിരം രൂപ!

“എന്നാലും ഒരു പാവയെ വാങ്ങാൻ ഇത്രയും കാശ് കളയണമായിരുന്നോ?” അജയൻ പരമാവധി സംയമനം പാലിച്ചുകൊണ്ട് ചോദിച്ചു. “ആ കാശുകൊണ്ട് വേറെയെന്തൊക്കെ ചെയ്യാമായിരുന്നു?”

“നിങ്ങളുടെ കാശല്ലല്ലോ അത്?” പ്രസീദ വാശിയോടെ തിരിച്ചടിച്ചു. അജയൻ ഒരുനിമിഷം നിശ്ശബ്ദനായി.

പ്രസീദ കൈകൾ വിടർത്തി ഒരു കുട്ടിയുടെ ആഹ്ലാദത്തോടെ രോമക്കരടിയെ കെട്ടിപ്പിടിക്കുന്നതുകണ്ടു. അതിന്റെ ഉടലിന് പ്രസീദയെക്കാളും വണ്ണമുണ്ടായിരുന്നു. ഒരു ആലിംഗനത്തിൽ അമർന്ന്, അതിന്റെ രോമാവൃതമായ ദേഹത്തിന്റെ പതുപതുപ്പ് ആസ്വദിച്ചുകൊണ്ട് അവൾ കുറച്ചുസമയം കണ്ണടച്ചുനിന്നു. പിന്നെ കണ്ണുകൾ തുറക്കാതെതന്നെ, ശരീരം ഒട്ടൊരു കോമാളിത്തത്തോടെ ഇരുവശത്തേക്കും ചലിപ്പിച്ചുകൊണ്ട് പ്രസീദ പറയുന്നതു കേട്ടു:

“ഇത് വെറുമൊരു ടെഡിബിയറല്ല; കുട്ടിക്കാലം മുതലുള്ള എന്റെ മോഹമാണ്. ഒരു വർക്ക്ഷോപ്പിലെ മെക്കാനിക്കായിരുന്ന എന്റെ അച്ഛന് അന്ന് അതു വാങ്ങിത്തരാനുള്ള പണമുണ്ടായിരുന്നില്ല. കല്യാണത്തിനുശേഷം ഞാനിതു പറഞ്ഞപ്പോഴെല്ലാം നിങ്ങൾ ചിരിച്ചു തള്ളിയിട്ടല്ലേയുള്ളൂ?”

പ്രസീദ പറയുന്നത് ശരിയാണ്. അജയൻ ഓർമ്മിച്ചു. കുട്ടികൾ ചെറുതായിരുന്നപ്പോഴും അവർക്കു വേണ്ടിയെന്നോണം പ്രസീദ ടെഡിബിയറിനായി വാശിപിടിച്ചിട്ടുണ്ട്.

അന്ന് കുട്ടികളുടെ ശ്രദ്ധ വിലകുറഞ്ഞ കളിപ്പാട്ടങ്ങളിലേക്കുമാറ്റിയിട്ട് പ്രസീദയുടെ ആവശ്യം അവഗണിക്കുകയായിരുന്നു, ഇത്രകാലത്തിനുശേഷവും അവൾ ഇതൊക്കെ ഓർത്തുവച്ചിരിക്കുന്നോ? എന്തിന്റെപേരിലായാലും കുട്ടിക്കാലത്തുനിന്നും ഒരു ടെഡിബിയറിനെ വർത്തമാനകാലത്തിലേക്ക് താങ്ങിപ്പിടിച്ചു കൊണ്ടുവരേണ്ടിയിരുന്നില്ല.

“അച്ഛാ, അമ്മ ഇന്ന് എന്തൊക്കെയാണ് വാങ്ങിക്കൊണ്ടു വന്നിരിക്കുന്നതെന്നു നോക്കിയേ...” സ്വീകരണമുറിയിൽനിന്നും മകന്റെ അതിശയം നിറഞ്ഞ ശബ്ദം.

ടെഡിബിയറിനെ കെട്ടിപ്പിടിച്ച് നിർവൃതിയിലാണ്ടുനിൽക്കുന്ന പ്രസീദയെ ഒന്നുകൂടി നോക്കിയതിനുശേഷം അജയൻ തിടുക്കത്തിൽ മകന്റെയടുത്തെത്തി.

സ്വീകരണമുറിയിലെ സോഫയിലും നിലത്തുമായി പ്രസീദ വാങ്ങിക്കൊണ്ടുവന്ന സാധനങ്ങൾ കുന്നുകൂടിക്കിടക്കുന്നു. അയാൾ അവിശ്വസനീയതയോടെ കുനിഞ്ഞുനോക്കി.

തലയണയുറകൾ, റൈറ്റിങ് ബോർഡ്, മീൻ മുറിക്കുന്ന കത്രിക, ഷാംപൂ, മുടിപ്പിന്നുകൾ, അമ്മയ്ക്കുള്ള സെറ്റുസാരി, മുറ്റമടിക്കുന്ന ചൂല്, ചവിട്ടുപായകൾ, ഫ്ലവർവേസ്, ദൈവത്തിന്റെ പടങ്ങൾ, ഇൻസ്ട്രുമെന്റ് ബോക്സ്, സിനിമാവാരിക, ബാത്റൂംക്ലീനർ, അടപ്പുള്ള ഒരു ബക്കറ്റ്, ചെരുപ്പു വയ്ക്കാനുള്ള സ്റ്റാൻഡ്...

ഇതൊക്കെ പല തവണയായി പ്രസീദ വാങ്ങാനാവശ്യപ്പെട്ട സാധനങ്ങൾ തന്നെയാണോ? അജയന് ഓർത്തെടുക്കാനായില്ല. കഴിഞ്ഞ പതിനഞ്ചുവർഷത്തെ ഓർമ്മത്തെറ്റുകളാണോ ഇവ? മനഃപൂർവമോ അല്ലാത്തതോ ആയ മറവികൾ? അയാൾക്കു ശ്വാസംമുട്ടുന്നതുപോലെ തോന്നി.

**പ്രണയാഗ്നി** **ധന്യാരാജ്**

- കഥ ഭാവാത്മകമായി വായിച്ചവതരിപ്പിക്കുക. തുടർന്ന് ഈ കഥ മുന്നോട്ടുവയ്ക്കുന്ന ആശയതലം സംഘമായി ചർച്ചചെയ്യുക.
- 'ഇത് വെറുമൊരു ടെഡിബിയറല്ല; കുട്ടിക്കാലം മുതലുള്ള എന്റെ മോഹമാണ്. ഒരു വർക്ക്ഷോപ്പിലെ മെക്കാനിക്കായിരുന്ന എന്റെ അച്ഛന് അന്ന് അതു വാങ്ങിത്തരാനുള്ള പണമുണ്ടായിരുന്നില്ല. കല്യാണത്തിനുശേഷം ഞാനിതു പറഞ്ഞപ്പോഴെല്ലാം നിങ്ങൾ ചിരിച്ചുതള്ളിയിട്ടല്ലേയുള്ളൂ?' ചില അവഗണനകൾ കാലങ്ങളോളം കനലായി മനസ്സിൽ അവശേഷിക്കുമോ? അവസരം വരുമ്പോൾ അത് ജീവിതത്തിന് ചൂടും വെളിച്ചവും നൽകുന്ന അനുഭവമാക്കി മാറ്റാൻ നമുക്കാവുന്നുണ്ടോ? സ്വാനുഭവങ്ങളുടെ പശ്ചാത്തലത്തിൽ വിശകലനക്കുറിപ്പ് തയ്യാറാക്കുക.
- 'സ്വന്തം അധ്വാനത്തിലൂടെ സാമ്പത്തിക സ്വാതന്ത്ര്യത്തിലേക്കും ആത്മാഭിമാനത്തിലേക്കും ഉയരുന്ന സ്ത്രീയുടെ പ്രതിനിധിയാണ് പ്രസീദ.' കഥാപാത്രനിരൂപണം തയ്യാറാക്കുക.
- സ്വന്തം തൊഴിലും വരുമാനവും സ്ത്രീകളെ കരുത്തും അഭിമാനവും ആത്മവിശ്വാസവും ഉള്ളവരാക്കിത്തീർക്കുന്നുണ്ട്. നിങ്ങളുടെ അനുഭവപരിസരത്തിലുള്ള സ്ത്രീജീവിതങ്ങളെ പഠിച്ച് ഒരു പ്രബന്ധം തയ്യാറാക്കുക.
- "ടെഡിബിയറിനെ കെട്ടിപ്പിടിച്ച് നിർവൃതിയിലാണ്ടു നിൽക്കുന്ന പ്രസീദയെ ഒന്നുകൂടി നോക്കിയതിനു ശേഷം അജയൻ തിടുക്കത്തിൽ മകന്റെയടുത്തെത്തി." ഈ വാക്യത്തിലെ ക്രിയാപദങ്ങൾ പട്ടികപ്പെടുത്തുക. അവ ഏതേതു വിഭാഗത്തിൽപ്പെടുന്നു എന്ന് കണ്ടെത്തി എഴുതുക. വ്യാകരണഗ്രന്ഥങ്ങളുടെയും മറ്റ് പരിശോധനാസാമഗ്രികളുടെയും സഹായത്തോടെ ക്രിയാവിഭാഗങ്ങളെക്കുറിച്ചുള്ള ഒരു ഡിജിറ്റൽ ചാർട്ട് തയ്യാറാക്കുക.

# പുത്തൻകലവും അരിവാളും



ആരേ പോയ പുകിൽക്കീ,പ്പാട-
ത്തരിമയോടാരിയൻ വിത്തിട്ടൂ?
മേലേ തീമഴ താഴേ ചെങ്കനൽ
മീനക്കൊടുംവെയിൽ കത്തുമ്പോൾ, താടയുമാട്ടിത്തള
രാതെ കരി-
താഴ്ത്തി വലിക്കുമെരുതൊപ്പം, എണ്ണമിനുപ്പാലല്ലല്ലോ
തടി-
മിന്നി വിയർപ്പാലാലോലം,
ഇമ്മൺ പാൽത്തരിയാവോളം, വിഷു-ക്കൊന്നയിൽപ്പൂ
ക്കണി വെപ്പോളം കോമനുഴുതുമറിച്ചൂ പാടം
കോമൻ വിതച്ചൂ പൊന്നാര്യൻ.
പുതിലിറക്കിക്കൊണ്ടു പുതുവിത്തണിനിലം പതിയും
കാർമുകിൽ നീങ്ങുമ്പോൾ
ഏറെപ്പൊൻമുള പാടത്തോ കുളിർ-
കോരിയ കോമനു മാറത്തോ!
രാപ്പകലില്ലൊരു വിശ്രാന്തി, വിള കാപ്പതിനെന്തൊരു
ശുഷ്കാന്തി!
കളയും മുളച്ചു കനം കൂടി, കുളിർ-
കളമകളങ്ങനെ കാറ്റാടി
നീളേ നീലപ്പരപ്പിതിലെങ്ങും
നീന്തിക്കളിച്ചു നീരോളം,
അരയന്നപ്പിടപോലെ കളപറിപ്പെണ്ണുങ്ങ-
ളൊഴുകി വന്നെത്തിയ വാരോളം.

**ഇടശ്ശേരിയുടെ കവിതകൾ** — **ഇടശ്ശേരി**

- കർഷകന്റെ അധ്വാനത്തെയും സഹനത്തെയും കുറിക്കുന്ന വരികൾ കവിതയിൽ നിന്ന് കണ്ടെത്തി എഴുതുക.

- • 'ഏറെപ്പൊൻമുള പാടത്തോ കുളിർ-
  കോരിയ കോമനു മാറത്തോ!'
  • 'അരയന്നപ്പിടപോലെ കളപറിപ്പെണ്ണുങ്ങ-
  ളൊഴുകി വന്നെത്തിയ വാരോളം.'
  - കാവ്യഭാഗങ്ങളിലെ അലങ്കാരഭംഗി ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കുക.

- എത്ര പ്രതികൂലാനുഭവങ്ങളുണ്ടാവുമ്പോഴും വരാനിരിക്കുന്ന കാലം നല്ലതായിരിക്കുമെന്ന ശുഭാപ്തിവിശ്വാസമാണ് കർഷകരെ മുന്നോട്ടു നയിക്കുന്നത്. 'പുത്തൻകലവും അരിവാളും' എന്ന കവിതയെ മുൻനിർത്തി ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.

# 2

# ജനകീയം രമണീയം



പന്തൾച്ചാൻ പൂവാ
പന്തൾച്ചാൻ പൂവാ

മ്മാന്റെ കുട്ടീന്റെ മോറെന്താ വാട്ണ്
പന്തൾച്ചാൻ പൂവാ
പാടത്ത് പന്തളി നടക്കല്ലേ മാനൂട്ട്യേ
പന്തൾച്ചാൻ പൂവാ

മയച്ചാറ് വന്നപ്പോ സൗസർ പിണ്ടി
സർപ്പൂനെ വിൾച്ചോ മേഗം കുൾച്ചോ
കൾച്ചാൻ പോരെ കറങ്ങാൻ പോണ്ട

നൂർക്കാ പൊയ്ഞ്ഞോ കീസേൽ എട്ത്തോ
മേഗം പാഞ്ഞാ സബ്ബ് ഇര്ക്കണ്ട
പന്തൾച്ചാലോ ഫൗളെച്ചാലോ
സെന്റ്റ് കൾച്ചാ മെയിൻ ആവാലോ.

പന്തൾച്ചാൻ പൂവാ
പന്തൾച്ചാൻ പൂവാ

| | | |
|---|---|---|
| പന്തൾച്ചാൻ | - | പന്തുകളിക്കാൻ |
| മോറ് | - | മുഖം |
| പന്തളി | - | പന്തുകളി |
| വിൾച്ചോ | - | വിളിച്ചോ |
| നുർക്ക് | - | നുറുക്ക് |
| പൊയ്ഞ്ഞോ | - | പൊതിഞ്ഞെടുക്കൂ |
| മയച്ചാറ് | - | മഴവെള്ളം |
| സൗസർ | - | ട്രൗസർ |
| മാനൂട്ടി, സർപ്പു | - | പേരുകൾ |
| കുൾച്ചോ | - | കുളിക്കു |
| മേഗം പാഞ്ഞാൽ | - | വേഗം പോയാൽ |
| സബ്ബ് | - | പകരമുള്ള കളിക്കാരൻ |
| ഫൗളെച്ചാലോ | - | ഫൗൾ ചെയ്യാമല്ലോ |
| സെന്റർ, മെയ്ൻ | - | ഫുട്ബാൾ കളിയുമായി ബന്ധപ്പെട്ട പദങ്ങൾ |

പന്തൾചാന്റ്

റാപ്പ് ഗാനങ്ങൾ പുതുതലമുറയ്ക്ക് പ്രിയമാകുന്നതിന്റെ കാരണങ്ങൾ എന്തൊക്കെയാകാം? അഭിപ്രായങ്ങൾ പങ്കുവയ്ക്കൂ.

# അഹങ്കാരവും തോൽവിയും



ഉദ്ധതനാകുന്ന ഭീമസേനൻ തന്റെ
പദ്ധതിതന്നിൽ മുടക്കിക്കിടക്കുന്ന
വൃദ്ധനായോരു ബലീമുഖനെക്കണ്ടു
ക്രുദ്ധനായിപ്പറഞ്ഞീടിനാനഞ്ജസാ:
"നോക്കെടാ! നമ്മുടെ മാർഗേകിടക്കുന്ന
മർക്കടാ! നീയങ്ങു മാറിക്കിടാ ശഠാ!
ദുർഘടസ്ഥാനത്തു വന്നു ശയിപ്പാൻ നി-
നക്കെടാ! തോന്നുവാനെന്തെടാ സംഗതി?
നാട്ടിൽ പ്രഭുക്കളെക്കണ്ടാലറിയാത്ത
കാട്ടിൽക്കിടക്കുന്ന മൂളിക്കരങ്ങു നീ.
ഒട്ടും വകതിരിവില്ലാത്ത വല്ലാത്ത
കൂട്ടത്തിൽ വന്നു പിറന്നു വളർന്നു നീ.
ചാട്ടത്തിൽനിന്നു പിഴച്ചുപോയോ നിന്റെ
കൂട്ടത്തിൽ മറ്റാരുമില്ലാത്തതെന്തെടോ?
പെട്ടെന്നെഴുന്നേറ്റു പോകായ്കിലാപത്തു-
പെട്ടീടുമെന്നു ധരിക്ക നീ വാനരാ!
ഇത്തരം ഭീമന്റെ ദുർഭാഷണം കേട്ടു
വൃദ്ധൻ ചിരിച്ചു പറഞ്ഞു പതുക്കവേ:

"ഏറ്റം കയർത്തു പറയുന്നതെന്തു നീ,
ഏറ്റു മാറാനെനിക്കേതുമെളുതല്ല;
മറ്റൊരു മാർഗമായ് പൊയ്ക്കൊള്ളണേ ഭവാൻ
കുറ്റമല്ലിക്കുരങ്ങച്ചനെക്കാണെടോ!
കണ്ണും തിരിയാ ശരീരം വിറയ്ക്കുന്നു
ദണ്ഡം പലതുണ്ടു പൊയ്യല്ല കണ്ടുകൊൾ
കൈയിനും കാലിനും ശക്തിയില്ലാതെയായ്
മെയ്യും തളരുന്നു പൊയ്യല്ല മാനുഷ!

മാരുതിവൃദ്ധന്റെ വാക്കുകൾ കേട്ടുടൻ
മാരുതിഭീമൻ കയർത്തുചൊല്ലീടിനാൻ:
"ആരെന്നറിഞ്ഞു പറഞ്ഞു നീ വാനരാ!
പാരം മുഴുക്കുന്നു ധിക്കാരസാഹസം;
പൂരുവംശത്തിൽ പിറന്നു വളർന്നൊരു
പൂരുഷശ്രേഷ്ഠൻ വൃകോദരനെന്നൊരു
വീരനെക്കേട്ടറിവില്ലേ നിനക്കെടോ?
ധീരനാമദ്ദേഹമിദ്ദേഹമോർക്ക നീ!
നേരായ മാർഗം വെടിഞ്ഞു നടക്കയി–
ല്ലാരോടുമിജ്ജനം തോല്ക്കയുമില്ലെടോ!
ഇത്ഥം പറഞ്ഞതിക്രുദ്ധനാം പാണ്ഡവൻ
നക്തഞ്ചരാരാതിദാസന്റെ പുച്ഛാഗ്രം
ഉത്തുംഗമാകും ഗദകൊണ്ടു പൊക്കുവാ–
നത്യന്തവേഗേന ചെന്നടുത്തീടിനാൻ;
ദീർഘം പെരുത്തൊരു പുച്ഛം ഗദകൊണ്ടു
പൊക്കുവാനായി പ്രയത്നം തുടങ്ങിനാൻ;
രണ്ടു കരങ്ങളെക്കൊണ്ടു പിടിച്ചുടൻ
രണ്ടുമൂന്നട്ടഹാസം മുഴക്കി ഗ്ഗദ-
കൊണ്ടുടൻ തിക്കിക്കുലുക്കിപ്പലവിധം-
കൊണ്ടുമിളക്കം തിരമ്പില്ല വാലിനു
നീണ്ടു തടിച്ചൊരു പുച്ഛാഗ്രഭാഗത്തു
രണ്ടു രോമം പോലുമെങ്ങുമിളകീല,
വേണ്ടും പ്രയോഗങ്ങളെല്ലാം പ്രയോഗിച്ചു
വേണ്ടുവോളം നാണവുംകെട്ടു മാറിനാൻ
ഇക്കുരങ്ങച്ചന്റെ പുച്ഛം ഗദകൊണ്ടു
പൊക്കുവാൻ മേലാ നമുക്കെന്നു വന്നല്ലോ

**കല്യാണസൗഗന്ധികം ശീതങ്കൻ തുള്ളൽ** — **കുഞ്ചൻനമ്പ്യാർ**

- തുള്ളൽ ഭാഗം സംഘമായി വായിച്ച് താളാത്മകമായി അവതരിപ്പിക്കുക. പാഠഭാഗം വരുന്ന വീഡിയോ ക്ലാസിൽ പ്രദർശിപ്പിച്ച് തുള്ളലിന്റെ സവിശേഷതകൾ ചർച്ചചെയ്യൂ.
    - താളഭംഗി
    - വേഷവിധാനം
    -
    -

- "ഇത്തരം ഭീമന്റെ ദുർഭാഷണം കേട്ടു
  വൃദ്ധൻ ചിരിച്ചു പറഞ്ഞു പതുക്കവേ:"

  ഭീമന്റെ ദുർഭാഷണവും വൃദ്ധന്റെ മറുപടിയും സംഭാഷണരൂപത്തിൽ മാറ്റിയെഴുതുക?

- നാട്ടിൽ പ്രഭുക്കളെക്കണ്ടാലറിയാത്ത
  കാട്ടിൽക്കിടക്കുന്ന മൂളിക്കരങ്ങു നീ.

  മുൻവിധിയോടെയും അഹംഭാവത്തോടെയും സാധാരണക്കാരെ നോക്കിക്കാണുന്നവരുടെ പ്രതിനിധിയാണോ കവിതയിലെ ഭീമസേനൻ? ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കുക.

- 'ചിരിക്കുന്ന കഥ കേട്ടാലിരിക്കും ആയതല്ലെങ്കിൽ തിരിക്കും' എന്നതാണ് കുഞ്ചൻ നമ്പ്യാരുടെ കാവ്യാദർശം.

  - ഈ നിലപാട് പാഠഭാഗത്ത് എത്രമാത്രം പ്രതിഫലിക്കുന്നുണ്ട്? നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

- "നോക്കെടാ! നമ്മുടെ മാർഗേ കിടക്കുന്ന
  മർക്കടാ! നീയങ്ങു മാറിക്കിടാ ശഠാ!"

  കാവ്യഭാഗത്തുള്ള അക്ഷരാവർത്തനം കണ്ടെത്തുക. കാവ്യാലങ്കാരമായ പ്രാസം വരികൾക്ക് ഭംഗി കൂട്ടുന്നതെങ്ങനെ? ചർച്ചചെയ്യൂ.

- ലൈബ്രറിയിൽ നിന്ന് നമ്പ്യാർ കൃതികൾ കണ്ടെത്തി ശ്രദ്ധേയമായ വരികൾ ശേഖരിച്ച് ക്ലാസിൽ അവതരിപ്പിക്കുക. നിങ്ങൾ കണ്ടെത്തിയ വരികളുടെ സവിശേഷതകൾ കൂടി ചർച്ചചെയ്യുമല്ലോ.

- <u>പൂരുവംശ</u>ത്തിൽ പിറന്നു വളർന്നൊരു
  പൂരുഷശ്രേഷ്ഠൻ <u>വൃകോദര</u>നെന്നൊരു
  വീരനെക്കേട്ടറിവില്ലേ നിനക്കെടോ?

  പൂരുവംശം - പൂരുവിന്റെ വംശം, വൃകോദരൻ - വൃകത്തിന്റെ ഉദരത്തോടുകൂടിയവൻ

  അടിവരയിട്ടിരിക്കുന്ന പദങ്ങൾ വിഗ്രഹിച്ചപ്പോൾ വന്ന മാറ്റങ്ങൾ ശ്രദ്ധിച്ചല്ലോ? ടീച്ചർ നൽകുന്ന കുറിപ്പ് ഉപയോഗപ്പെടുത്തി കൂടുതൽ സമസ്തപദങ്ങൾ കണ്ടെത്തി വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക.

# സോക്രട്ടീസ്

## രംഗം ഒന്ന്

*[ഏഥൻസിലെ ഒരു തെരുവ്. കുറെ അകലെയായി സീയൂസിന്റെ ഒരു ക്ഷേത്രമുണ്ട്. സമയം രാത്രി. ആരംഭത്തിൽ രംഗം പരിപൂർണ്ണമായും ഇരുളിലാണ്. അല്പനേരം കഴിഞ്ഞപ്പോൾ, രംഗത്തിന്റെ ഇടതുഭാഗത്തുനിന്ന് നേരിയ വെളിച്ചം കണ്ടുതുടങ്ങുന്നു. അത് ഒരു പന്തത്തിന്റെ വെളിച്ചമാണെന്നു മനസ്സിലാക്കാം. ഏതാനും നിമിഷങ്ങൾക്കുള്ളിൽ കല്യാസ് എന്ന ചെറുപ്പക്കാരൻ കൈയിൽ പന്തവുമായി വരുന്നു. പെട്ടെന്ന് എതിരേ നിന്ന് ഇവാഗോൺ പരിഭ്രാന്തനായി ഓടിവരുന്നു. കല്യാസിനെ കണ്ട ഉടനെ ഇവാഗോൺ നിൽക്കുന്നു. കല്യാസും അമ്പരന്നുനിന്നു പോകുന്നു.]*

ഇവാഗോൺ : (കല്യാസിന്റെ മുഖത്തേക്ക് ഉറ്റുനോക്കിയിട്ട്) ആരാണ്?

കല്യാസ് : ഞാനാണ്; മനസ്സിലാകുന്നില്ലെ?
(ഇവാഗോൺ കിതപ്പുമൂലം, സംസാരിക്കാൻ ബദ്ധപ്പെടുന്നു.)
എന്തുപറ്റി ഇവാഗോൺ?

ഇവാഗോൺ : (കിതപ്പു നിയന്ത്രിച്ചുകൊണ്ട്) വലിയ അപകടമുണ്ടായിരിക്കുന്നു കല്യാസ്!

കല്യാസ് : എന്താണ്?

ഇവാഗോൺ : അതിഭയങ്കരമായ അപകടമാണ്?

കല്യാസ് : അതല്ലേ ചോദിച്ചത് എന്താണെന്ന്.

ഇവാഗോൺ : ഇത്രയും വലിയ ഒരപകടം ഇതിനുമുമ്പുണ്ടായിട്ടില്ല.

കല്യാസ് : (അല്പനേരം ആലോചിച്ചതിനുശേഷം കുറച്ചു പരിഹാസംനിറഞ്ഞ മട്ടിൽ) ഇത്രയും വലിയ ഒരപകടം ഇതിനുമുമ്പുണ്ടായിട്ടില്ല; അല്ലെ?

ഇവാഗോൺ : അതെ.

കല്യാസ് : എന്നാൽ എനിക്കു പോകാമല്ലൊ. (നടക്കാൻ ഭാവിക്കുന്നു.)

ഇവാഗോൺ : (പെട്ടെന്നു കല്യാസിനെ തടുത്തു നിറുത്തിയിട്ട്) നിൽക്കൂ; പോകല്ലേ.

കല്യാസ് : ഇനി നിൽക്കുന്നതെന്തിനാണ്? കാര്യം ഞാൻ കേട്ടുകഴിഞ്ഞല്ലൊ.

ഇവാഗോൺ : ഇല്ല; കാര്യം ഞാൻ പറഞ്ഞുതുടങ്ങിയിട്ടില്ല.

കല്യാസ് : എന്നാൽ വേഗം പറഞ്ഞുതുടങ്ങണം. എനിക്കു നിൽക്കാൻ സമയമില്ല.

ഇവാഗോൺ : എന്റെ അമ്മാവൻ ഒരു വേലക്കാരനെ തല്ലി.

കല്യാസ് : (ആലോചിച്ചതിനുശേഷം) ആങ്ഹാ, അതാണോ? സാരമില്ല.

ഇവാഗോൺ : സാരമുണ്ട്; കാരണം അതിഭയങ്കരമായിട്ടാണു തല്ലിയിരിക്കുന്നത്.

കല്യാസ് : എന്താണതിനു കാരണം?

ഇവാഗോൺ : ഈ വേലക്കാരൻ ഗ്രാമത്തിൽ ജോലിചെയ്തിരുന്ന ഒരടിമയാണ്. ഇന്നു അമ്മാവൻ ഗ്രാമത്തിൽ പരിശോധനയ്ക്കു ചെന്നപ്പോൾ അവൻ ജോലി സ്ഥലത്തു കിടന്നുറങ്ങുകയായിരുന്നു. അമ്മാവനു പെട്ടെന്നു ദേഷ്യം വന്നു. അവനെ പിടിച്ചുകെട്ടി വീട്ടിൽ കൊണ്ടുവന്ന് അതിഭയങ്കരമായി തല്ലുകയാണുണ്ടായത്.

കല്യാസ് : അതിനു പേടിക്കാനെന്താണുള്ളത്? അടിമകൾ തെറ്റുചെയ്താൽ തല്ലുക സാധാരണമല്ലെ?

ഇവാഗോൺ : പക്ഷേ, ഈ തല്ല് കുറച്ച് അപകടം പിടിച്ചതായിപ്പോയി. അവൻ ചാകാൻപോകുന്നു!

കല്യാസ് : ചാകട്ടെ; അതിനും പേടിക്കാനെന്തിരിക്കുന്നു? അടിമകളെ തല്ലിക്കൊല്ലാനുള്ള അധികാരം യജമാനന്മാർക്കുണ്ടല്ലൊ.

ഇവാഗോൺ : കാര്യം ശരിയാണെങ്കിലും ഈ അടിമ അമ്മാവന്റെ സ്വന്തമല്ല. കുറച്ചു നാളത്തെ ആവശ്യത്തിനുവേണ്ടി മറ്റൊരാളുടെ പക്കൽനിന്നും വായ്പ വാങ്ങിയതാണ്. അതുകൊണ്ട് അവന്റെ യജമാനൻ എന്റെ അമ്മാവനെ വിചാരണ ചെയ്യേക്കുമോ എന്നാണുഭയം.

കല്യാസ് : (ആലോചിച്ചതിനുശേഷം) തല്ലുകൊണ്ടുതന്നെയാണോ ചാകാൻ പോകുന്നത്; അതോ തന്നത്താൻ ചാകാൻപോകുന്നോ?

ഇവാഗോൺ : (കോപത്തോടുകൂടി) അതിഭയങ്കരമായിട്ടു തല്ലിയെന്നു പറഞ്ഞില്ലെ?

കല്യാസ് : അതു ശരി; അപ്പോൾ തല്ലുകൊണ്ടിട്ടുതന്നെയാണ്. അല്ലെ? (അല്പനേരം മിണ്ടാതെനിന്നതിനുശേഷം) ചത്തോ?

ഇവാഗോൺ : ചാകാൻപോകുന്നുവെന്നല്ലെ പറഞ്ഞത്!

കല്യാസ് : (ചിന്തിച്ചുനിന്നുകൊണ്ട്) പാവം! (പെട്ടെന്നു ഇവാഗോണിന്റെ നേരെ തിരിഞ്ഞിട്ട്) എങ്ങനെയാണ് അമ്മാവൻ അവനെ തല്ലിയത്?

ഇവാഗോൺ : അത് അറിയണമെന്നുണ്ടോ?

കല്യാസ് : ശരിക്കും, വിശദമായിട്ട്, ഒന്നറിഞ്ഞാൽക്കൊള്ളാമെന്നുണ്ട്.

ഇവാഗോൺ : ശരി; എന്നാൽ ആ പന്തം കൈയിൽനിന്നു മാറ്റൂ.

(കല്യാസ് അല്പം മുന്നോട്ടുനീങ്ങി പന്തം ഒരിടത്തു കുത്തിനിറുത്തുന്നു. അതിനു ശേഷം, ഇവാഗോൺ പറയാൻ പോകുന്നതെന്താണെന്നറിയാനുള്ള അതിയായ ആഗ്രഹത്തോടുകൂടി കാത്തുനില്ക്കുന്നു.)

എന്നാൽ ശ്രദ്ധിച്ചുകേട്ടുകൊള്ളണം. (ഇനി അതിശയോക്തികലർന്ന ആംഗ്യങ്ങളോടും അഭിനയത്തോടും കൂടിയാണു ഓരോ വാക്കും പറയുന്നത്. പറയുന്നതെല്ലാം അതേപടി പ്രവർത്തിക്കുന്നുമുണ്ട്.) ഒടുവിൽ അമ്മാവൻ ദേഷ്യംകൊണ്ടു വിറച്ച് കണ്ണൊക്കെച്ചുവന്നു. (വിറയ്ക്കുകയും കല്യാസിന്റെ മുഖത്തേക്കു തുറിച്ചുനോക്കുകയും ചെയ്യുന്നു.)

(കല്യാസ് പകച്ചുനിൽക്കുന്നു.)



(കല്യാസിന്റെ അടുക്കലേക്ക് സാവധാനം നടന്നടുക്കുന്നതിനിടയിൽ)

എന്നിട്ട്, അവന്റെ അടുക്കലേക്ക് ഇങ്ങനെ നടന്നങ്ങോട്ടു ചെന്നിട്ടു, അവന്റെ മുടിക്കു കുത്തിപ്പിടിച്ച് ഇങ്ങനെയങ്ങോട്ടു കറക്കി. (അതോടൊപ്പം കല്യാസിന്റെ മുടിക്കു കുത്തിപ്പിടിച്ചു കറക്കുകയും ചെയ്യുന്നു.)

(കല്യാസ് ദയനീയമായി ഒന്നു ഞരങ്ങുകമാത്രം ചെയ്യുന്നു. അതുകഴിഞ്ഞപ്പോൾ ഇവാഗോൺ കല്യാസിന്റെ മുടിയിൽനിന്നു വിടുന്നു. കല്യാസ് ഭയപരവശനായി ഇവാഗോണിന്റെ മുഖത്തേക്കുനോക്കി വിറച്ചുകൊണ്ടു നില്ക്കുന്നു.)



അതു കഴിഞ്ഞപ്പോൾ അമ്മാവനും കോപം വർധിച്ചു. (കോപം വർധിച്ചതായി ഭാവിക്കുന്നു.) എന്നിട്ട് അവന്റെ കഴുത്തിനിങ്ങോട്ടു കടന്നുപിടിച്ചു ഒരു ഞെക്കു വച്ചു കൊടുത്തു. (കല്യാസിന്റെ കഴുത്തിനു പിടിച്ചു ഞെക്കുന്നു.)

(കല്യാസ് ശ്വാസംമുട്ടി, കണ്ണുതുറിച്ച്, അവശനായിത്തീരുന്നു) അവൻ ശ്വാസംമുട്ടി, കണ്ണുകൾ പുറത്തേക്കുന്തി, മരിച്ചുപോകുമെന്ന നിലയിലായി. ഉടനെ ഞങ്ങളെല്ലാവരും കൂടി 'അവനെ കൊല്ലല്ലേ' എന്നു പറഞ്ഞുകൊണ്ട് അമ്മാവനെ കടന്നുപിടിച്ചു. അപ്പോൾ അമ്മാവൻ പിടിവിട്ടു. (കല്യാസിന്റെ കഴുത്തിൽനിന്ന് വിടുന്നു.)

(കല്യാസ്, മരണത്തിൽനിന്നു രക്ഷപ്പെട്ട ഭാവത്തിൽ, തളർന്ന് ജീവച്ഛവം കണക്കെ നിൽക്കുന്നു.) അതുകൊണ്ടും കോപം തീരാഞ്ഞിട്ട് അമ്മാവൻ അവന്റെ വയറ്റത്തും നെഞ്ചത്തും മുഖത്തും മുതുകത്തുമൊക്കെ കണ്ടമാനമടിച്ചു. (പറയുന്നതിനിടയ്ക്ക് കല്യാസിനെ ഇടിക്കുന്നുമുണ്ട്. കല്യാസ് വേദനയോടെ ഉറക്കെ നിലവിളിക്കുന്നു.)

(ഇടി നിർത്തിയിട്ട്) ഇടികൊണ്ട് അവൻ ഉറക്കെ കരഞ്ഞു. ഉടനെ അമ്മാവൻ ഇടി നിർത്തിയിട്ട്, അവന്റെ ശബ്ദം പുറത്തേക്കു വരാതിരിക്കാൻവേണ്ടി വായും മൂക്കും ഒരു കൈകൊണ്ട് അമർത്തിപ്പിടിച്ചു. (കല്യാസിന്റെ വായും മൂക്കും ഒരു കൈകൊണ്ട് അടച്ചുപിടിക്കുന്നു.)

(കല്യാസ് ശ്വാസംമുട്ടി പുളഞ്ഞുകൊണ്ട് ഇവാഗോണിന്റെ കൈ മുഖത്തുനിന്നു മാറ്റാൻ പണിപ്പെടുന്നു.)

ഒടുവിൽ അമ്മാവൻ, ഇങ്ങനെ പുറകോട്ടു മാറിയിട്ട് (കല്യാസിന്റെ മുഖത്തുനിന്നും കൈയെടുത്തിട്ടു മാറുന്നു) 'നിന്നെ ഞാൻ കൊല്ലുമെടാ !' എന്നു പറഞ്ഞുകൊണ്ട് ഓടിച്ചെന്നും അവന്റെ നാഭിക്കു തന്നെ ഒരു ചവിട്ടു കൊടുത്തു. (പറയുന്നതോടൊപ്പം ഓടിച്ചെന്ന് കല്യാസിന്റെ നാഭിക്കു ചവിട്ടുകയും ചെയ്യുന്നു.)

(കല്യാസ് ഒരലർച്ചയോടുകൂടി മലർന്നുവീണു മരിച്ചതുപോലെ കിടക്കുന്നു.)

(ഇവാഗോൺ ഒന്നും സംഭവിക്കാത്തമട്ടിൽ മറ്റെവിടെയോ നോക്കിക്കൊണ്ട് നിശ്ചലനായി നില്ക്കുന്നു. അല്പനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം കല്യാസിന്റെ മുഖത്തേക്കു നോക്കി അനുകമ്പ കലർന്ന സ്വരത്തിൽ) ഇങ്ങനെയാണു കല്യാസേ, എന്റെ അമ്മാവൻ ആ അടിമയെ തല്ലിയത്.

കല്യാസ് : (അതേപടി കിടന്നുകൊണ്ടു ദയനീയമായ സ്വരത്തിൽ) എനിക്കു ശരിക്കും മനസ്സിലായി, ഇവാഗോണേ!

ഇവാഗോൺ : അതുകൊണ്ടാണു ഞാൻ പറഞ്ഞത് അവൻ ചാകാൻ പോകുകയാണെന്ന്.

കല്യാസ് : ഈ നിലയ്ക്ക് അവനിപ്പോൾ ചത്തുകാണും.

ഇവാഗോൺ : എനിക്കും അങ്ങനെതന്നെയാണു തോന്നുന്നത്.

(വീണ്ടും മറ്റെങ്ങോനോക്കി ചിന്തിച്ചുകൊണ്ടു നിൽക്കുന്നു.)

(കല്യാസ് വേദന സഹിച്ചുകൊണ്ട്, സാവധാനമെഴുന്നേൽക്കുന്നു. ദേഹത്തുള്ള പൊടിയും മറ്റും തട്ടിക്കളയുകയും, വേദനയുള്ള ഭാഗം തടവുകയും മറ്റും ചെയ്തതിനുശേഷം, പന്തം കൈയിലെടുത്ത് ഒരു ഭാഗത്തേക്കു മാറിനില്ക്കുന്നു. അവൻ വല്ലാതെ അവശനായിത്തീർന്നി രിക്കുന്നു. ഇവാഗോൺ അതൊന്നും കണ്ടഭാവം പോലും നടിക്കുന്നില്ല.)

കല്യാസ് : (കുറേനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം, സാധാരണരീതിയിൽ ) അങ്ങനെയൊക്കെ സംഭവിച്ചതിന് നീ ഇപ്പോൾ എങ്ങോട്ടോടുകയായിരുന്നു?

ഇവാഗോൺ : ആ അടിമ മരിക്കുമോ എന്നും, മരിച്ചാൽ എന്തു ചെയ്യണമെന്നും, എന്തെങ്കിലും കുഴപ്പങ്ങളുണ്ടാകുമോ എന്നുമൊക്കെ അറിയണ്ടേ?

കല്യാസ് : അതൊക്കെ അറിയേണ്ടതുതന്നെയാണ്. അതിനു നീ എങ്ങോട്ടു പോകുന്നു?

ഇവാഗോൺ : ഏതെങ്കിലും അറിവുള്ളവരോടു ചോദിച്ചാലല്ലേ ആവക കാര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കുകയുള്ളു.

കല്യാസ് : അതുകൊണ്ടു വലിയ പ്രയോജനമൊന്നുമുണ്ടാകുമെന്നു തോന്നുന്നില്ല. അതിനേക്കാളൊക്കെ നല്ല ഒരു വഴി ഞാൻ പറഞ്ഞുതരാം.

ഇവാഗോൺ : എന്താണ്?

കല്യാസ് : നീ ഡെൽഫിയിൽ പോയി അവിടത്തെ വെളിച്ചപ്പാടിനോടു ചോദിക്കൂ. വളരെ കൃത്യമായിട്ടു പറയും.

ഇവാഗോൺ : ഡെൽഫിയിലെ വെളിച്ചപ്പാടിനെപ്പറ്റി ഞാനും കേട്ടിട്ടുണ്ട്. പക്ഷേ, അത് ഇവിടെ അടുത്തു വല്ലയിടത്തുമാണോ; എത്രദൂരെ പോകണം!

കല്യാസ് : ഇങ്ങനെയുള്ള വിഷമം പിടിച്ച പ്രശ്നങ്ങളുണ്ടാകുമ്പോൾ പലരും ഡെൽഫിക്കാണു പോകുന്നത്. അവിടത്തെ വെളിച്ചപ്പാടു പറഞ്ഞാൽ തെറ്റുകയില്ല.

ഇവാഗോൺ : ശരിയായിരിക്കാം. പക്ഷേ, അവിടംവരെ ചെന്നു വിവരമറിഞ്ഞ് ഇവിടെ മടങ്ങിയെത്തുമ്പോഴേക്ക് ഇവനെ കുഴിച്ചിട്ട്, ഇവന്റെ എല്ലുംകൂടി ബാക്കിയില്ലായിരിക്കും.

കല്യാസ് : എന്നാലൊരു കാര്യം ചെയ്യ്. യൂതൈഫ്രോണിനെ കണ്ടു ചോദിക്കൂ. അയാൾ ദൈവത്തെപ്പോലെതന്നെയുള്ള ഒരാളാണല്ലോ.

ഇവാഗോൺ : യൂതൈഫ്രോണിൽ എനിക്കു വലിയ വിശ്വാസമൊന്നുമില്ല. അയാൾക്കു കിറുക്കാണെന്നു എന്റെ അച്ഛൻ പറയാറുണ്ട്. അയാൾ നിയമസഭയിൽ നിന്നുകൊണ്ട് എന്തെല്ലാം പ്രവചനങ്ങൾ നടത്തിയിട്ടുണ്ട്!

എന്നിട്ടു വല്ലതുമുണ്ടായോ? എന്നുതന്നെയുമല്ല, യൂതൈഫ്രോൺ ഇപ്പോൾ ഇവിടെയില്ല. ഡീലോസിലേക്കു പോയിരിക്കുകയാണ്.

(മെലീസ്യാസ് ആ വഴി വരുന്നു. അവന്റെ കൈയിലും കത്തുന്ന പന്തമുണ്ട്. അവൻ നടന്നു ഇവാഗോണിന്റെയും കല്യാസിന്റെയും അടുക്കലെത്തുന്നു.)

മെലീസ്യാസ് : (ഇവാഗോണിനെയും കല്യാസിനെയും മാറിമാറി നോക്കിയിട്ട്) നിങ്ങൾ എന്തു കാര്യത്തെപ്പറ്റിയാണു സംസാരിക്കുന്നത്?

ഇവാഗോൺ : (പരുഷമായിട്ട്) അതു ചോദിക്കാൻ നീ ആരാണ്?

മെലീസ്യാസ് : സ്നേഹവും പരിചയവുമുള്ളതുകൊണ്ടു ചോദിച്ചതാണ്.

കല്യാസ് : ഇതു നിന്നോടു പറയാൻ പറ്റിയ കാര്യമല്ല.

മെലീസ്യാസ് : എന്താ, ഞാൻ ഏഥൻസുകാരനല്ലെ?

ഇവാഗോൺ : ഏഥൻസിലുണ്ടാകുന്ന കാര്യങ്ങളൊക്കെ നിന്നെ അറിയിച്ചു കൊള്ളണമെന്നുണ്ടോ? നീ ആരാണ്? 'ആർക്കണോ'?

മെലീസ്യാസ് : ശരി. ഞാൻ വേണമെങ്കിൽ പോയേക്കാം. ഞാൻ ആർക്കണല്ലല്ലോ.

കല്യാസ് : (ഒരു ഭാഗത്തേക്കു നോക്കിയിട്ട്) സോക്രട്ടീസ് വരുന്നുണ്ട്. (എല്ലാവരും ആ ഭാഗത്തേക്കു നോക്കുന്നു.) ഇവാഗോൺ!

ഇവാഗോൺ : ഉം?

കല്യാസ് : നീ പറഞ്ഞ കാര്യത്തെപ്പറ്റി നമുക്ക് സോക്രട്ടീസിനോട് ചോദിക്കാം. അദ്ദേഹവും വലിയ അറിവുള്ള ആളാണല്ലോ. ചിലപ്പോൾ എന്തെങ്കിലും പ്രയോജനമുണ്ടായേക്കും.

(കല്യാസ് സൂചിപ്പിച്ച ഭാഗത്തേക്കുതന്നെ അവർ നോക്കിക്കൊണ്ടു നില്ക്കുമ്പോൾ, സോക്രട്ടീസ് സാവധാനം നടന്നടുക്കുന്നു. അദ്ദേഹം ആ മൂന്നു ചെറുപ്പക്കാരെയും നോക്കി പുഞ്ചിരിക്കുന്നു. സോക്രട്ടീസിനെ കണ്ടപ്പോൾ, കല്യാസിന്റെയും ഇവാഗോണിന്റെയും മെലീസ്യാസിന്റെയും മുഖങ്ങളിൽ, ഏറ്റവും സ്നേഹിക്കുന്ന ഒരു ബന്ധുവിനെക്കണ്ട സന്തോഷം നിഴലിക്കുന്നു.)

സോക്രട്ടീസ് : (മൂന്നുപേരെയും സൂക്ഷിച്ചുനോക്കിയിട്ട് ശാന്തമായ സ്വരത്തിൽ) നല്ലത്; ഒരു ചെറിയ സഭയാണല്ലോ. സഭയിൽ എന്താണു വിഷയം? ലോകത്തിനുപകാരമുള്ള എന്തെങ്കിലുമാണോ? അതോ, ഒരർഥവുമില്ലാത്ത വെടിപറച്ചിലോ? അതുമല്ലെങ്കിൽ പരദൂഷണമാണോ? എനിക്കും കൂടി കേട്ടു മനസ്സിലാക്കാൻ വല്ലതുമുള്ള കാര്യമാണോ? പറയൂ....

കല്യാസ് : സോക്രട്ടീസും കൂടി കേൾക്കേണ്ട കാര്യമാണിത്. വലിയ പ്രശ്നമുണ്ടായിരിക്കുന്നു.

സോക്രട്ടീസ് : അത്ര വലിയ പ്രശ്നമാണെങ്കിൽ അതു കേൾക്കണം.

കല്യാസ് : (ഇവാഗോണിനെ നോക്കി) ഇവാഗോൺ തന്നെ പറയണം (സോക്രട്ടീസിനോട്) ഇവാഗോണിന്റെ പ്രശ്നമാണ്. (സോക്രട്ടീസ്, 'എന്താണ്' എന്നു ചോദിക്കുന്ന ഭാവത്തിൽ ഇവാഗോണിന്റെ മുഖത്തേക്കു നോക്കുന്നു)

ഇവാഗോൺ : (ഒന്നു മുരണ്ടു തൊണ്ട തെളിച്ചതിനുശേഷം) എന്റെ അമ്മാവൻ ഒരു വേലക്കാരനെ തല്ലിക്കൊല്ലാറാക്കിയിട്ടിരിക്കുന്നു. അതിന്റെ ഭവിഷ്യത്തുകളെപ്പറ്റി അറിയണം. എന്റെ അമ്മാവൻ ചെയ്തതു തെറ്റാണോ ശരിയാണോ എന്നും കൂടി അറിയണം.

സോക്രട്ടീസ് : (അല്പനേരം മിണ്ടാതെ നിന്നതിനുശേഷം) ഇത്തരം കാര്യങ്ങളെപ്പറ്റി എനിക്കു വലിയ അറിവൊന്നുമില്ല. പലതിന്റെയും തെറ്റും ശരിയും മനസ്സിലാക്കാൻ വേണ്ടിയാണ് ഞാൻ ഇങ്ങനെ അലഞ്ഞുനടക്കുന്നത്. പക്ഷേ, നിർഭാഗ്യകരമെന്നു പറയട്ടെ, കാലം കടന്നുപോകുന്തോറും, എനിക്ക് അത്തരം കാര്യങ്ങളിലുള്ള സംശയങ്ങൾ വർധിച്ചു വരുന്നതേയുള്ളൂ. ഒന്നും തന്നെ പഠിക്കാൻ കഴിഞ്ഞിട്ടില്ലെന്നുവേണം പറയാൻ.

കല്യാസ് : പക്ഷേ, ഇക്കാര്യത്തിൽ സംശയിക്കാനൊന്നുമില്ല. ഒരാൾ മറ്റൊരാളെ തല്ലിക്കൊല്ലുന്നു. അതു തെറ്റുതന്നെയാണ്. (മെലീസ്യാസിനെ നോക്കി) അല്ലേ?

മെലീസ്യാസ് : തെറ്റാണെന്നും എനിക്കും തോന്നുന്നുണ്ട്.

**സോക്രട്ടീസ്** **പി. ജെ. ആന്റണി**

- “തെറ്റും ശരിയും മനസ്സിലാക്കാൻ വേണ്ടിയാണ് ഞാൻ ഇങ്ങനെ അലഞ്ഞു നടക്കുന്നത്. പക്ഷേ നിർഭാഗ്യകരം എന്ന് പറയട്ടെ, കാലം കടന്നുപോകുന്തോറും എനിക്ക് അത്തരം കാര്യങ്ങളിലുള്ള സംശയങ്ങൾ വർധിച്ചു വരുന്നതേയുള്ളൂ.” സോക്രട്ടീസ് ഇങ്ങനെ പറയാനിടയായത് എന്തുകൊണ്ടായിരിക്കാം? നിങ്ങളുടെ നിഗമനങ്ങൾ കുറിപ്പായി എഴുതുക.

- “ആ അടിമ മരിക്കുമോ എന്നും മരിച്ചാൽ എന്തുചെയ്യണമെന്നും എന്തെങ്കിലും കുഴപ്പങ്ങൾ ഉണ്ടാകുമോ എന്നുമൊക്കെ അറിയേണ്ടേ?”

  - കൺമുന്നിൽ വച്ച് മൃഗീയമായി ഉപദ്രവിക്കപ്പെട്ട ഒരു സഹജീവിയോടുള്ള അനുതാപമാണോ ഇവാഗോണിന്റെ ഈ മനോഭാവത്തിൽ കാണാൻ കഴിയുന്നത്? സന്ദർഭം വിശകലനം ചെയ്ത് നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

- ‘അടിമ അമ്മാവന്റെ സ്വന്തമല്ല. കുറച്ചു നാളത്തെ ആവശ്യത്തിനുവേണ്ടി മറ്റൊരാളുടെ പക്കൽ നിന്ന് വായ്പ വാങ്ങിയതാണ്.’ - ഇവാഗോണിന്റെ ഈ വാക്യം കാലം സാക്ഷിയായ ഒരു ദുഷിച്ച വ്യവസ്ഥിതിയെ കുറിച്ചാണ് സൂചിപ്പിക്കുന്നത്. അക്കാലത്തെ സാമൂഹ്യാവസ്ഥയെ ഇത് എങ്ങനെയെല്ലാം ബാധിച്ചിരുന്നുവെന്ന് ചർച്ചചെയ്യൂ.

- പാഠഭാഗം സംഘമായി തിരിഞ്ഞ് നാടകമായി അവതരിപ്പിക്കുക. മികച്ചത് സ്കൂളിലെ പൊതുപരിപാടികളിൽ അവതരിപ്പിക്കുകയുമാവാം.

- കേരളത്തിൽ അങ്ങോളമിങ്ങോളമുണ്ടായിരുന്ന ഗ്രാമീണ നാടകസംഘങ്ങളും പ്രൊഫഷണൽ നാടകസംഘങ്ങളും കേരളീയസമൂഹത്തിനും മലയാളനാടകവേദിക്കും നൽകിയ സംഭാവനകളെക്കുറിച്ചന്വേഷിച്ച് ലേഖനം തയ്യാറാക്കുക.

- സ്കൂൾ സാഹിത്യവേദിയുമായി ചേർന്ന് നാടകശില്പശാല സംഘടിപ്പിക്കുക. സാമൂഹികപ്രാധാന്യമുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് ലഘുനാടകങ്ങൾ രചിക്കുകയും പൊതു ഇടങ്ങളിൽ അവതരിപ്പിക്കുകയും ചെയ്യുക.

  - ലഹരി എന്ന സാമൂഹിക വിപത്ത്
  - പരിസരശുചിത്വം
  - മൊബൈൽ ദുരുപയോഗം



# ജീവിതംതേടി

1982 ജനുവരി 10. റിയാദിൽ എത്തി. ഇതുവരെ ജീവിച്ചതിൽ നിന്ന് പറ്റെ മാറ്റം. ജീവിതം തന്നെ പ്രധാനം. കലയ്ക്കോ കലാചിന്തകൾക്കോ അവിടെ സ്ഥാനമില്ല. നേരവുമില്ല. റിയാദിൽ ചെന്ന് രണ്ടുമൂന്നുമാസം ഞാൻ അനുഭവിച്ച ടെൻഷൻ! ഭാഷ അറിയില്ല, അവിടത്തുകാരുടെ സ്വഭാവമറിയില്ല ജോലി ചെയ്ത് മുൻപരിചയമില്ല. ഉടനെ നാട്ടിലേക്കു മടങ്ങിപ്പോകാൻ തോന്നും. പക്ഷേ, എന്തു ത്യാഗം സഹിച്ചും ഇവിടെ പിടിച്ചുനിൽക്കും എന്ന് ഉറച്ചു. കലാലോകത്തേക്ക് ഇനിയില്ല എന്ന് ഉറച്ചു. അങ്ങനെ പത്തൊമ്പതരക്കൊല്ലം റിയാദിൽ നിന്നു. എന്നിട്ടോ? നാട്ടിലേക്കയയ്ക്കുന്ന കാശിന് വല്ല തുമ്പുമുണ്ടോ? അതങ്ങനെ ചെലവായി. വൈക്കം മുഹമ്മദ്ബഷീർ 'പാത്തുമ്മായുടെ ആടി'ൽ പറയുന്നതുപോലെ "ജീവിതത്തിൽ ചെലവുകളില്ലേ?"

40-ാം വയസ്സിലാണ് ഞാൻ ഗൾഫിൽ എത്തുന്നത്. പുതിയ ലോകം, അറിയാത്ത ഭാഷ, അടിമകളോടെന്ന മട്ടിലുള്ള പെരുമാറ്റം. വിമാനത്താവളത്തിൽ അറബി കാത്തുനിന്നിരുന്നു. ഒരു ആജാനുബാഹു ഭീകരനെയാണ് ഞാൻ പ്രതീക്ഷിച്ചത്. പക്ഷേ സൗമ്യനും സുന്ദരനുമായ ഒരു ചെറുപ്പക്കാരൻ. വീട്ടിലെത്തി എല്ലാവരും വട്ടമിട്ടിരുന്ന് ഒരുമിച്ച് ഭക്ഷണം കഴിക്കാൻ ക്ഷണിച്ചു. എനിക്കതൊരു പുതുമയായിരുന്നു. ഞാനൊരു സ്പൂൺ ചോദിച്ചു. അത് അവർക്ക് അദ്ഭുതമായി. പതുക്കെപ്പതുക്കെ ഞാനെല്ലാം പഠിക്കാൻ തുടങ്ങി.

എന്റെ കൂടെ ഒരു ഗുജറാത്തി സ്ത്രീയും പണിക്കായി വന്നിരുന്നു. നല്ല സുന്ദരി. ഇംഗ്ലീഷും ഹിന്ദിയും അറബിയും ഒക്കെ അറിയാം. അവൾക്കായിരുന്നു പ്രാധാന്യം. എനിക്ക് പൊതുവേ ഒരു താഴ്ത്തിക്കെട്ടലാണ്. ഇടയ്ക്കിടെ കുളിമുറിയിൽ പോയി ഞാൻ പൊട്ടിക്കരയും. കുറച്ചു കഴിഞ്ഞ് മുഖം കഴുകി തിരിച്ചുവന്ന് ഒന്നും സംഭവിക്കാത്തതുപോലെ ജോലിചെയ്യും. അവിടെയും അഭിനയം എന്നെ സഹായിച്ചു. മൂന്നുമാസം കൊണ്ട് ഭാഷപഠിക്കുമെന്ന് ഞാൻ ശപഥം ചെയ്തു. പതുക്കെപ്പതുക്കെ ഞാനവരെ കൈയിലെടുത്തു. അറബി പഠിച്ചപ്പോൾ കുറേശ്ശെയായി ഞാനെന്റെ തൊഴിലിനെക്കുറിച്ചും എന്നെക്കുറിച്ചും അവരോടു പറഞ്ഞു മനസ്സിലാക്കി. എനിക്ക് ആ വീട്ടിൽ അംഗീകാരവും സ്നേഹവും കിട്ടി. ഒരിക്കൽ മലയാളികളായ തൊഴിലാളികൾ തിങ്ങി താമസിക്കുന്ന ഒരു സ്ഥലത്ത് ഞാൻ പോയി. ആ വീട്ടിലെ മൂത്തമകളാണ് എന്നെ അവിടെ കൊണ്ടുപോയത്. എന്നെ കണ്ടതും അവിടെയുണ്ടായിരുന്ന മലയാളികൾ ബഹുമാനത്തോടെ ചാടിയെഴുന്നേറ്റ് സ്നേഹപൂർവം സംസാരിക്കാൻ തുടങ്ങി. 'നിങ്ങളെന്താ ഇവിടെ' എന്ന അദ്ഭുതമായിരുന്നു അവർക്ക്. 'ഞാനിവിടെ കലാകാരിയല്ലാ വേലക്കാരിയാണ്' എന്നു പറഞ്ഞിട്ട് അവർക്ക് വിശ്വാസമായില്ല ആദ്യം. ഈ ബഹുമാനപ്രകടനം എനിക്ക് ആ വീട്ടിൽ ഒന്നുകൂടി അംഗീകാരം കിട്ടാൻ കാരണമായി. ഞാൻ അവിടത്തെ കുട്ടികളെ കഞ്ഞികുടിക്കാനും മലയാളം പാട്ടു പാടാനും പഠിപ്പിച്ചു. പതുക്കെപ്പതുക്കെ ഞാൻ ആ വീട്ടിലെ ഒരംഗം പോലെയായി. എനിക്ക് നല്ല സ്വാതന്ത്ര്യമായിരുന്നു. ഞാനിവിടത്തെ ഒരു വലിയ ബുദ്ധിജീവിയാണെന്നാണ് അവർ വിചാരിച്ചത്. 'ആണായാലും പെണ്ണായാലും ഗൾഫിൽ ചെന്നാൽ മൂന്നുമാസം കരയും' അതാണ് എന്റെ അനുഭവം.

**ജീവിതത്തിന്റെ അരങ്ങ്** — **നിലമ്പൂർ ആയിഷ**

> പ്രതികൂലസാഹചര്യങ്ങളിലും സാമൂഹികാംഗീകാരം നേടാൻ കലാപ്രവർത്തനം സഹായകമാവാറുണ്ടോ? നിലമ്പൂർ ആയിഷയുടെ ജീവിതാനുഭവങ്ങളെ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

# ഞാനും വരട്ടെയോ

*ചന്ദ്രിക :*

കാനനച്ഛായയിലാടുമേയ്ക്കാൻ
ഞാനും വരട്ടെയോ നിന്റെ കൂടെ?
ആ വനവീഥികളീ വസന്ത-
ശ്രീവിലാസത്തിൽത്തെളിഞ്ഞിരിക്കും;
ഇപ്പോളവിടത്തെ മാമരങ്ങൾ
പുഷ്പങ്ങൾകൊണ്ടു നിറഞ്ഞിരിക്കും;
അങ്ങിപ്പോളോമൽക്കുയിലിണകൾ
സംഗീതം പെയ്യുകയായിരിക്കും;
പുഷ്പനികുഞ്ജങ്ങളാകമാനം
തല്പതലങ്ങൾ വിരിച്ചിരിക്കും;
കൊച്ചുപൂഞ്ചോലകൾ വെൺനുരയാൽ-
പ്പൊട്ടിച്ചിരിക്കുകയായിരിക്കും;
ഇന്നാവനത്തിലെക്കാഴ്ച കാണാ-
നെന്നെയുംകൂടൊന്നുകൊണ്ടുപോകൂ!



*രമണൻ :*

ആരണ്യച്ചാർത്തിലേക്കെന്റെ കൂടെ-
പ്പോരേണ്ട, പോരേണ്ട ചന്ദ്രികേ, നീ;
നിൻകഴൽപ്പൂമ്പൊടി പൂശിനിൽക്കാൻ,
ശങ്കയി, ല്ലാ വനമർഹമല്ല!
എന്നെപ്പോൽ തുച്ഛരാമാട്ടിടയർ
ചെന്നിടാനുള്ളതാണപ്രദേശം.
വെണ്ണക്കുളിർക്കൽ വിരിപ്പുകളാൽ
കണ്ണാടിയിട്ട നിലത്തു നീളെ,
ചെമ്പനിനീരലർ ചിന്നിച്ചിന്നി-
സ്സഞ്ചരിക്കുന്ന നിൻ ചേവടികൾ
കല്ലിലും മുള്ളിലും വിന്യസിക്കാ-
നില്ല, ഞാൻ സമ്മതമേകുകില്ല!
ഈ മണിമേടയിൽ വിശ്വഭാഗ്യ-
സീമ വന്നോളംതുളുമ്പിനില്ക്കേ,
ആഡംബരങ്ങൾ നിനക്കു നിത്യ-
മാനന്ദമഞ്ചമലങ്കരിക്കേ,
നിർവൃതിപ്പൂക്കൾ നിനക്കു ചുറ്റും
ഭവ്യപരിമളം വീശിനില്ക്കേ,
ആസ്വാദനങ്ങൾ നിൻ വാതിലിങ്ക-
ലാശ്രയിച്ചെപ്പൊഴും കാവൽനിൽക്കേ,
പോരുന്നതെന്തിനു, ചന്ദ്രികേ,
നീ പാറകൾ ചൂഴുമക്കാനനത്തിൽ?

**രമണൻ** **ചങ്ങമ്പുഴ കൃഷ്ണപിള്ള**

കവിത ചെറുസംഘങ്ങളായി തിരിഞ്ഞ് ആലപിക്കൂ. സംഗീതശില്പമായി ക്ലാസ്സിൽ അവതരിപ്പിക്കുക.

"പുഷ്പനികുഞ്ജങ്ങളാകമാനം
തല്പതലങ്ങൾ വിരിച്ചിരിക്കും.
കൊച്ചുപൂഞ്ചോലകൾ വെൺനുരയാൽ-
പ്പൊട്ടിച്ചിരിക്കുകയായിരിക്കും."

ഈ വരികളുടെ സൗന്ദര്യതലം ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കുക.

# രമണീയം



"രമണന് വേണ്ടി മണിയോർഡറുകളുടെ പ്രവാഹമായിരുന്നു എന്ന് കേട്ടിരുന്നു. പട്ടാളക്യാമ്പുകളിൽ റോഡുപണിക്കായി ആസാമിലേക്ക് റിക്രൂട്ട് ചെയ്ത കൂലി പ്പട്ടാളത്തിന്റെ കൂടാരങ്ങളിൽ നിന്ന്, മണിയോർഡറുകൾ പെരുകിയപ്പോൾ പോസ്റ്റാഫീസിൽ അതിനായി ഒരു വിഭാഗം പ്രവർത്തിക്കേണ്ടിവന്നു! പുസ്തകം വരുത്തിയ ആസാം പണിക്കാർ പലരും എഴുത്തും വായനയും അറിയാത്തവരാ യിരുന്നു. എന്നാലും ഒരു രമണൻ സ്വന്തമാക്കാൻ അവരാഗ്രഹിച്ചു. കൂട്ടിവായിക്കാ നറിയുന്ന ഒരാൾ വായിച്ചതു കേട്ടുകൊണ്ട് അവർ പരിസരംമറന്നിരുന്നു. അവർക്ക് സ്വന്തം മലരണിക്കാടുകൾ തിങ്ങിവിങ്ങിയ മരതക കാന്തിപ്രദേശങ്ങളായി. ഇടയ സഖാക്കളായി അവർ മനസ്സിൽ മാറി. ഗ്രാമത്തിലെ വലിയ വീട് ചന്ദ്രികയുടെ മണിഹർമ്യമായി. കേട്ടുകേട്ട്, അവർക്ക് രമണൻ മനഃപാഠമായി."

**രമണീയം ഒരു കാലം** — **എം. ടി. വാസുദേവൻ നായർ**

- രമണൻ ജനങ്ങളെ ആകർഷിക്കുക മാത്രമല്ല സ്വാധീനിക്കുകയും ചെയ്തിരുന്നുവെന്ന് എം.ടി.യുടെ ലേഖനഭാഗത്തുനിന്നും മനസ്സിലാക്കിയല്ലോ. കാവ്യഭാഗം കൂടി വായിച്ച് രമണന്റെ ജനപ്രിയതയ്ക്കുള്ള കാരണങ്ങൾ കണ്ടെത്തി എഴുതുക.

- രമണൻ മലയാളിസമൂഹത്തിലുണ്ടാക്കിയ സ്വാധീനം പലതരത്തിൽ ആ കവിതയ്ക്ക് പുനരാവിഷ്കാരം നൽകാൻ കാരണമായിട്ടുണ്ട്. ചലച്ചിത്രം, കഥാപ്രസംഗം, നാടകം, ചലച്ചിത്ര ഗാനങ്ങൾ, കഥകൾ, കവിതകൾ എന്നിങ്ങനെ. അവയെപ്പറ്റി അന്വേഷണം നടത്തി ലഘുപ്രോജക്ട് തയ്യാറാക്കുക.

- രമണൻ എന്ന സിനിമയിലെ ഗാനങ്ങൾ കണ്ടെത്തി ഗാനാലാപനസദസ്സ് സംഘടിപ്പിക്കുക.

- **'രമണൻ'**

നന്നായി ഓടക്കുഴലൂതുമായിരുന്നു
പതിനാറായിരത്തെട്ടിന്റെ ഇടയനായിരുന്നു.
എന്നിട്ടും
ഒരാട്ടിൻ കുട്ടി കൈ വിട്ടുപോയപ്പോൾ
തൂങ്ങിച്ചത്തു
ലുബ്ധൻ!

(കെ. ജി. എസ്.)

പ്രണയിനിയെ നഷ്ടമായപ്പോൾ ആത്മഹത്യചെയ്ത രമണന്റെ ദൗർബല്യത്തെ ഹാസ്യാത്മകമായി അവതരിപ്പിക്കുകയാണ് ഇവിടെ. ഈ കവിത നൽകുന്ന ജീവിതപാഠം എന്ത്? നിങ്ങളുടെ അഭിപ്രായങ്ങൾ അവതരിപ്പിക്കുക.

- താഴെക്കൊടുത്തിട്ടുള്ള കൃതികൾ വായിച്ച് ഏതെങ്കിലും ഒന്നിന് പുസ്തകപരിചയം തയ്യാറാക്കുക.
    - രമണൻ - ചങ്ങമ്പുഴ
    - ഓടയിൽനിന്ന് - പി. കേശവദേവ്
    - ഇരുട്ടിന്റെ ആത്മാവ് - എം. ടി. വാസുദേവൻനായർ
    - ചണ്ഡാലഭിക്ഷുകി - കുമാരനാശാൻ

# മീനാക്ഷിയേടത്തി



മീനാക്ഷിയേടത്തി അമ്മയുടെ അച്ഛന്റെ മരുമകളായിരുന്നു. അവർ പതിനഞ്ചാം വയസ്സിൽ ഒരു വിധവയായിത്തീർന്നു. അതിനുശേഷം അമ്മയുടെ വീട്ടിൽ താമസിക്കുവാൻ തുടങ്ങി. കുട്ടികളെ നോക്കാനും വീട്ടുജോലികളിൽ അമ്മയെ സഹായിക്കാനും വേണ്ടിയാണ് മീനാക്ഷിയേടത്തിയെ അച്ഛനും അമ്മാമനും കൂടി ഗുരുവായൂരിൽ നിന്നു കൊണ്ടുവന്നത്. വന്നതിനുശേഷം മീനാക്ഷിയേടത്തി ആ മുറ്റംകടന്നു പുറത്തിറങ്ങിയിട്ടുമില്ല. നാല്പത്തിയൊന്നു കൊല്ലങ്ങൾക്കുശേഷം പന്ത്രണ്ടുദിവസം സുഖക്കേടുപിടിച്ച് അവശയായി അഞ്ചാംപുരയ്ക്കടുത്തുള്ള ഇരുട്ടുമുറിയിൽ കിടന്ന്, രാത്രി മൂന്നരമണിക്ക് അവർ മരിച്ചു.

മീനാക്ഷിയേടത്തിക്ക് സുഖക്കേട് പിടിച്ചപ്പോഴും ആരും അത്ര കാര്യമാക്കിയില്ല. കാരണം, ഒരു ദീനക്കാരിയുടെ ദേഹപ്രകൃതിയായിരുന്നു അവർക്ക്. എന്നും രാത്രി കാലും കൈയും കുടഞ്ഞ്, ആവൂ അമ്മേ, അയ്യോ എന്നൊക്കെ അവർ മുറവിളി കൂട്ടാറുണ്ട്. മഴക്കാലത്തു ജലദോഷം അവരെ വിട്ടൊഴിഞ്ഞു പോകാറില്ല. അങ്ങനെ വല്ലതുമാവണം എന്നുമാത്രം എല്ലാവരും കരുതി.

“വയറു വേദനിച്ചിട്ടു വയ്യ” എന്ന് അവർ ആവലാതിപ്പെട്ടപ്പോൾ അമ്മ പറഞ്ഞു: “മീനാക്ഷി ആ ചകിരിമാവിൻെറ മാങ്ങ തിന്നാൻ പോയതെന്തിനാ? അവനാന്റെകാര്യം കുറച്ചു നോക്കണ്ടെ? ഇങ്ങനെ ബുദ്ധില്യാണ്ട് ഓരോന്നുതിന്നു ദഹനക്കേടുവരുത്തിയാൽ അതും അവനാൻതന്നെ അനുഭവിക്കണം.” മീനാക്ഷിയേടത്തി ആ നേരത്തു കിഴക്കെകോലായിൽ ഇരുന്ന് ഒരു ചിരവക്കത്തിന്മേൽ കുമ്പളങ്ങ മുറിക്കുകയായിരുന്നു. അവർ പെട്ടെന്ന് ഒന്നു മുന്നോട്ടു വളഞ്ഞു. അവരുടെ മുഖം വല്ലാതെ വിളർത്തിരുന്നു.

“ഞാൻ മാങ്ങയൊന്നും കഴിച്ചിട്ടില്ല്യ.” അവർ പറഞ്ഞു. “ഇന്നലെ രാത്രി വയറുവേദനിച്ചിട്ടു കണ്ണ് പൂട്ടീട്ടില്ല.”

“മീനാക്ഷി കൊറച്ച് അഷ്ടചൂർണ്ണം മോരിൽ കലക്കി കുടിച്ചോളൊ.” അമ്മ പറഞ്ഞു.

“അഷ്ടചൂർണ്ണം ഇന്നലെ കഴിച്ചു. ഒരു ഫലോല്യ... ആ വെളുത്ത ഗുളിക കഴിച്ചാലോ?

ലീലക്കുട്ടി കഴിക്കാറുള്ളത്”

“ആസ്പ്രൊ ആണൊ പറേണ്? അതോണ്ട് വയറുവേദനക്ക് ഫലണ്ടാവോ? എനിക്കറിയില്ല”

അമ്മ അപ്പോൾതന്നെ രണ്ട് ആസ്പ്രൊ മീനാക്ഷിയേടത്തിക്ക് കൊടുത്തു. ഞാൻ പത്തായ പ്പെട്ടിയിന്മേൽ കിടന്ന് ഒരു നോവൽ വായിക്കുകയായിരുന്നു.

“രണ്ട് ആസ്പ്രൊ കുറച്ചധികാ” ഞാൻ പറഞ്ഞു. “മീനാക്ഷിയേടത്തി ഇതൊന്നും ഇതേവരെ കഴിച്ച് ശീലിച്ചിട്ടില്യല്ലോ.” ‘

“മീനാക്ഷി അത് രണ്ടും കഴിച്ചോ” അമ്മ പറഞ്ഞു.

അന്നു വൈകുന്നേരമാവുമ്പോഴേയ്ക്കും മീനാക്ഷിയേടത്തിയുടെ ദീനം കൂടുതലായി. അവർ ക്കു വേദന സഹിക്കാൻ കഴിയാത്ത മട്ടായിത്തീർന്നു. എന്തുകഴിച്ചാലും അതു ഛർദിക്കും എന്നൊരു നിലയായി. മീനാക്ഷിയേടത്തിയെ അഞ്ചാംപുരയ്ക്കകത്തുള്ള ഇരുട്ടുമുറിയിൽ കൊ ണ്ടുപോയി അവിടെയുള്ള മരക്കട്ടിലിൽ പായ വിരിച്ചു കിടത്തി. ആ മുറിയിൽ വച്ചിരുന്ന ചേന, മത്തൻ, പുളിവട്ടികൾ മുതലായവ അവിടെനിന്നു ബഹിഷ്കരിക്കപ്പെട്ടു. എന്നിട്ടും ആ മുറിയിൽ ചക്ക പഴുത്തതിന്റെ ഒരു മണം തങ്ങിനിന്നു. ‘ഡോക്ടറെ വിളിയ്ക്കാണ് നല്ലത് ’ അമ്മ പറഞ്ഞു.

മീനാക്ഷിയേടത്തി കട്ടിലിൽ കിടന്നു ഞെരങ്ങുന്നുണ്ടായിരുന്നു. അച്ഛൻ വാതില്ക്കൽവന്ന് ഒന്നെത്തിച്ചുനോക്കി.

“ഡോക്ടരെയൊന്നും വിളിയ്ക്കണ്ട. ഒരു ദിവസം കഴിയട്ടെ. വല്ല ദഹനക്കേടാവും” അച്ഛൻ പറഞ്ഞു.

“ആവു അമ്മേ, ഇയ്ക്ക് വെയ്യല്ലോ” മീനാക്ഷിയേടത്തി ഉറക്കെ ആവലാതിപ്പെട്ടു.

“നിങ്ങളെ കണ്ണിൽ കണ്ടതൊക്കെ തിന്നിട്ടാ ഇപ്പൊ വയറുവേദന അനുഭവിക്കണ്.”

അച്ഛൻ പറഞ്ഞു. അച്ഛനു ദേഷ്യം വന്നുതുടങ്ങിയിരുന്നു. “ഒന്നും തിന്നിട്ടില്യാന്നാ പറഞ്ഞ്”

അമ്മ പറഞ്ഞു. "മീനാക്ഷി അല്ലെങ്കിലും ഇപ്പൊ പണ്ടത്തെപ്പോലെയല്ല, രുചിയൊക്കെ പോയിരിക്കുന്നു. ഒരുപിടി ചോറ് വാരിത്തിന്ന് എണീക്കണത് കാണാറ്ണ്ട്."

"കഴിച്ചതൊക്കെ ഛർദിക്കാണ്. ഇയ്ക്ക് എന്ത് പറ്റിയാവോ?"

"അധികം കഴിക്കാത്തത് നല്ലതാ" അച്ഛൻ പറഞ്ഞു. "ങ്ങക്ക് ചെറുപ്പൊന്ന്വല്ല ഇപ്പൊ, അതുമിതും വാരിതിന്നാൻ."

"ആവൂ, അമ്മേ..... ഇയ്ക്ക് വെയ്യല്ലൊ" മീനാക്ഷിയേടത്തി പറഞ്ഞു. അവർ ചുടുവെള്ളസ്സഞ്ചി തന്റെ ഒട്ടിയ അടിവയറ്റത്തുവെച്ച് അമർത്തിക്കൊണ്ടിരുന്നു.

അച്ഛൻ അവിടെനിന്നു നേരെ ഉമ്മറത്തേക്കാണ് പോയത്. അവിടെ ചാരുകസാലയിൽ കിടന്ന് ഒരു സിഗരറ്റ് കൊളുത്തി.

"ഡോക്ടർക്ക് ആളെ അയക്കട്ടെ." അമ്മ ചോദിച്ചു.

"ഇതിനൊക്കെ ഡോക്ടറെ വിളിക്കാനൊന്നും എന്നെക്കൊണ്ട് വയ്യ." അച്ഛൻ പറഞ്ഞു. "വെറുതെ പത്തുറുപ്യ കളയണ്ടെ?"

"മീനാക്ഷിക്ക് നല്ല ദണ്ണണ്ട്ട്ടൊ. ഇല്ലെങ്കില് അവള് ഇങ്ങനെ നെലോളിയ്ക്കൊന്നൂല്യ."

"അവടെ കെടന്ന് നെലോളിയ്ക്കട്ടെ. എന്റെ കയ്യില് ഇപ്പൊ പണല്യ." അച്ഛൻ പറഞ്ഞു.

"പണം എന്റെ കയ്യില്ണ്ട്." അമ്മ പറഞ്ഞു." ആ കുറീന്ന് കിട്ടിയ പണം പെട്ടീല്ണ്ട്."

"ഇപ്പൊ ഡോക്ടറെ വിളിയ്ക്കണ്ട. ആരേം വിളിയ്ക്കണ്ട. ഒര് ദഹനക്കേട് വര്മ്പഴയ്ക്കും ആസ്പത്രി മരുന്നുവേണം, ഡോക്ടര് വേണം... എനിക്ക് കേക്കണ്ട!"

അമ്മ തോറ്റുപിൻവാങ്ങി. രാത്രി ഒമ്പതു മണിയായപ്പോൾ മീനാക്ഷിയേടത്തി ചോര ഛർദിച്ചു. ഉടനെ അച്ഛൻ ഡോക്ടറെ വിളിച്ചുകൊണ്ടുവരാൻ പോയി.

മീനാക്ഷിയേടത്തിയുടെ മുഖത്ത് ഒരു ക്ഷമായാചനമുണ്ടായിരുന്നു. അവർ കിടന്നിടത്തുനിന്ന് എഴുന്നേററ് നിലത്തെ രക്തം തുടയ്ക്കുവാൻ ഒരുമ്പെട്ടു. "അനങ്ങാണ്ട് കെടക്ക്, മീനാക്ഷ്യേ" അമ്മ പറഞ്ഞു.

"ഞാൻ തുടയ്ക്കാം" മീനാക്ഷിയേടത്തി പറഞ്ഞു. "ഒര് തുണിതന്നാ ഞാൻ തൊടയ്ക്കാം."

"അത് തൊടയ്ക്കണ്ട. അത് ഡോക്ടറെ കാണിക്കണം." അമ്മ പറഞ്ഞു.

ഡോക്ടർ വന്നപ്പോൾ മീനാക്ഷിയേടത്തി ചുമരുംനോക്കി നിശ്ചലയായി കിടക്കുകയായിരുന്നു. അവരുടെ അടുത്ത് ഇരുന്നുകൊണ്ട് ഡോക്ടർ പറഞ്ഞു: "ഒന്ന് ഇങ്ങട്ട് തിരിയൂ"

മീനാക്ഷിയേടത്തി ഞങ്ങളെയെല്ലാവരെയും നിറഞ്ഞ കണ്ണുകളോടെ നോക്കി.

"ഇയ്ക്ക് അശേഷം വയ്യ" അവർ പിറുപിറുത്തു.

പരിശോധനയ്ക്കുശേഷം ഡോക്ടർ ഒരു കുത്തിവെപ്പു നടത്തി.

“എത്ര വയസ്സായി?” ഡോക്ടർ ചോദിച്ചു.

“മീനാക്ഷിയ്ക്ക് അമ്പത്താറ് കഴിഞ്ഞിട്ടുണ്ടാവും. എന്നേക്കാൾ നാലുവയസ്സ് താഴെയാ അവള്” അമ്മ പറഞ്ഞു.

അച്ഛൻ നിലത്തെ ചോരത്തളത്തിലേക്ക് അസ്വസ്ഥതയോടെ നോക്കിക്കൊണ്ടിരുന്നു.

നാലുദിവസം കഴിഞ്ഞപ്പോഴേക്കും മീനാക്ഷിയേടത്തിയുടെ സ്വബോധം അവരെ വിട്ടുപോയി. അവർ കണ്ണുകൾ മിഴിച്ച് തട്ടും നോക്കിക്കൊണ്ട് ചിലപ്പോൾ കിടക്കുന്നതു കാണാം. അല്ലാത്തപ്പോഴൊക്കെ നല്ല ഉറക്കവും. ഉറക്കത്തിൽ ചിലപ്പോൾ ഞെരങ്ങുന്നതും കേൾക്കാം.

“അവർക്കു കാൻസറാണ് എന്ന് തോന്നുന്നു” ഡോക്ടർ പറഞ്ഞു:

“ഞാൻ മോർഫിൻ കൊടുക്കുന്നുണ്ട്, വേദന ശമിക്കാൻ. പക്ഷെ, മദിരാശിക്കൊ മറ്റോ കൊണ്ടുപോയി നോക്കിക്കുകയാണ് നല്ലത്.”

അച്ഛൻ അന്നുരാത്രി ഊണുകഴിക്കുന്നതിനിടയിൽ പറഞ്ഞു: “കാൻസറാണെങ്കിൽ മാറാൻ പ്രയാസമാണ്. മദിരാശിയ്ക്ക് കൊണ്ടുപോയിട്ട് എന്തുകിട്ടാനാ?”

“എന്നാ കോഴിക്കോട്ടേയ്ക്കു കൊണ്ട്വോവല്ലേ നല്ലത്?” അമ്മ ചോദിച്ചു:

“ഡോക്ടർ ബാലകൃഷ്ണൻനായരെ ഒന്നു കാട്ടിക്കൂടെ?”

“കോഴിക്കോട്ടേക്കു കൊണ്ടുപൂവാൻ എത്ര ചെലവാവും നെണക്കറിയോ?”

അച്ഛൻ ചോദിച്ചു.



“ആ കുറീടെ പണം പെട്ടീലിരിയ്ക്കണ്ട്” അമ്മ പറഞ്ഞു.

“കുറീടെ പണം! നാല്പത്തഞ്ച് ഉറുപ്യകൊണ്ട് കാൻസറ് ചികിത്സിച്ചു മാറ്റാൻ കഴിയോ?” അച്ഛൻ ദേഷ്യത്തോടെ ചോദിച്ചു. അമ്മ തന്റെ മൂക്ക് കോന്തലകൊണ്ടു തുടച്ച്, ചോറ് രണ്ടാമതും വിളമ്പിത്തുടങ്ങി.

“മതി, മതി. എനിക്ക് ഇനി ചോറു വേണ്ട” അച്ഛൻ പറഞ്ഞു.

പിറ്റെ ദിവസം ഉച്ചതിരിഞ്ഞിട്ട് ബോധംവന്നപ്പോൾ മീനാക്ഷിയേടത്തി അമ്മയോടു പറഞ്ഞു.

“ഇന്നെ ആശുപത്രീല് കൊണ്ടോയാക്കരുതേ... ഇയ്ക്ക് ആശുപത്രീല് കെടന്നുമരിയ്ക്കണ്ട. ഇബടെ കെടന്ന് നിങ്ങടെല്ലാവര്ടെം കയ്യീന്നു വെള്ളം കിട്ടി മരിയ്ക്കണം.”

“മീനാക്ഷി മരിക്കൊന്നൂല്യ” അമ്മ പറഞ്ഞു: “രണ്ടു ദിവസം കഴിഞ്ഞാൽ ഇതൊക്കെ മാറും.”

“ഇല്ല... ഞാൻ ചാവ്വായി” മീനാക്ഷിയേടത്തി തേങ്ങിക്കൊണ്ടു പറഞ്ഞു. ഞാൻ അവരുടെ കട്ടിലിൽ ചെന്നിരുന്ന്, ആ മെലിഞ്ഞ കൈകൾ എടുത്ത് എന്റെ മടിയിൽ വെച്ചു. ആ മുറിയിൽനിന്നു ചക്കയുടെ മണം അപ്പോഴേയ്ക്കും തീരെ മാഞ്ഞുപോയിരുന്നു. പകരം, വിയർപ്പ് തട്ടിയ തലമുടിയുടെയും സുഖക്കേടിന്റെയും തീരെ അസുഖകരമായ ഒരു ഗന്ധം അവിടെ ഉണ്ടായിരുന്നു. “മീനാക്ഷിയേടത്തിക്ക് ഇതൊക്കെ മാറും” ഞാൻ പറഞ്ഞു. ഞാൻ ബോംബെയ്ക്കു മടങ്ങുമ്പോഴേയ്ക്കും ഒക്കെ മാറി ശരിയാവണം. മീനാക്ഷിയേടത്തി സുഖല്യാണ്ട് കെടക്കുമ്പൊ ഞാനെങ്ങനെയാ പ്രസവിക്ക്യാ” മീനാക്ഷിയേടത്തി കരഞ്ഞുതുടങ്ങി.

“കുട്ടീടെ മകനെ കാണാൻ യോഗല്യണ്ടെയായല്ലോ!” അവർ പറഞ്ഞു.

“മീനാക്ഷിക്ക് ലീലടെ കുട്ടിയെ കാണാൻ സാധിക്കും. അതു ഞാൻ തീർത്തുപറയാം.” അമ്മ പറഞ്ഞു.

പക്ഷെ, അതിനുശേഷം മീനാക്ഷിയേടത്തിക്ക് ബോധം തെളിഞ്ഞതേയില്ല. അയൽപക്കത്തുള്ള സ്ത്രീകളും മറ്റും അവരെ കാണാൻവേണ്ടി ആ മുറിക്കകത്ത് വന്നുനിന്നപ്പോൾ ഒരിക്കൽ, ഒരു നിമിഷത്തിന് അവർ കണ്ണുകൾ മിഴിച്ചു. അത്രമാത്രം.

മീനാക്ഷിയേടത്തി മരിച്ചപ്പോൾ അച്ഛനും കരഞ്ഞു. അച്ഛൻ കരയുന്നത് ആദ്യമായിട്ടാണ് ഞാൻ അന്നു കണ്ടത്.

“ഇത്ര സാധുവായിട്ട് ഒരാളെ കാണാൻ പ്രയാസമാണ്.” അച്ഛൻ കണ്ണുകൾ തുടച്ചുകൊണ്ട് പറഞ്ഞു.

ജഗന്നാഥൻ ചുറ്റിയ ആ കറുത്ത മെലിഞ്ഞ സ്ത്രീശരീരത്തെ വീട്ടിന്റെ പുറത്തേക്കു നാലുപേർ ഇറക്കിയപ്പോൾ അമ്മ ഉറക്കെ പൊട്ടിക്കരഞ്ഞു.

ഞാൻ കരഞ്ഞില്ല. പക്ഷെ കുട്ടിക്കാലം മുതൽ കണ്ടുവന്ന ആ മുഖം ഇനി കാണില്ലായെന്ന് ഓർത്തപ്പോൾ എന്റെ ഹൃദയം മരവിച്ചുപോകുന്നുവെന്ന് എനിക്കു തോന്നി.

സന്ധ്യയാവുന്നതുവരെ ആ പറമ്പിൽനിന്നു പുക ഉയർന്നുകൊണ്ടിരുന്നു. പിന്നെ നിലാവെളിച്ചത്തിൽ, ആ പുകച്ചുരുളുകളും ലയിച്ചുചേർന്നു.

"പതിനാറ് കേമാക്കണം" അച്ഛൻ കാര്യസ്ഥനോടു പറഞ്ഞു. എന്റെ കുട്ട്യോളെ ഒക്കെ നോക്കി വളർത്തിയത് അവരാ. എത്ര പണം ചെലവാക്കിയാലും അതധികാവില്യ.

അച്ഛൻ കരയുന്നത് അന്ന് ആദ്യമായിട്ടാണ് ഞാൻ കണ്ടത്.

**തണുപ്പ്** **മാധവിക്കുട്ടി**

- "പണം എന്റെ കയ്യിലില്ണ്ട്." അമ്മ പറഞ്ഞു." ആ കുറീന്ന് കിട്ടിയ പണം പെട്ടീലില്ണ്ട്." നാല്പത്തഞ്ച് ഉറുപ്യകൊണ്ട് കാൻസറ് ചികിത്സിച്ചു മാറ്റാൻ കഴിയോ?" അച്ഛൻ ദേഷ്യത്തോടെ ചോദിച്ചു. അമ്മ തന്റെ മൂക്ക് കോന്തലകൊണ്ടു തുടച്ച്, ചോറ് രണ്ടാമതും വിളമ്പിത്തുടങ്ങി.

  ചില സന്ദർഭങ്ങളിൽ നിസ്സഹായമായിത്തീരുന്നവരുടെ പ്രതിനിധിയാണോ കഥയിലെ അമ്മ? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

- ജീവിച്ചിരിക്കുമ്പോൾ കൊടുക്കാത്ത പരിഗണന മരിച്ചതിനുശേഷം നൽകുന്ന മനുഷ്യസ്വഭാവത്തിന്റെ കാപട്യത്തെ ഈ കഥ വരച്ചുകാട്ടുന്നുണ്ടോയെന്ന് ചർച്ചചെയ്യുക.

- സ്വന്തമായി ആഗ്രഹങ്ങളോ ഇഷ്ടങ്ങളോ ഇല്ലാതെ മറ്റുള്ളവർക്കുവേണ്ടി ജീവിതം ഹോമിച്ച മീനാക്ഷിയേടത്തി എന്ന കഥാപാത്രത്തെക്കുറിച്ച് നിരൂപണം തയ്യാറാക്കുക.

- മാധവിക്കുട്ടിയുടെ കൂടുതൽ കഥകൾ വായിച്ച് അവയെ ജനകീയമാക്കുന്ന ഘടകങ്ങൾ കണ്ടെത്തി ഉപന്യാസം തയ്യാറാക്കുക. താഴെകൊടുത്തിരിക്കുന്ന സൂചനകൾ കൂടി പരിഗണിക്കുമല്ലോ.

  - ഗ്രാമീണത
  - പ്രാദേശികഭാഷ
  - സ്ത്രീജീവിതം
  - കുടുംബപശ്ചാത്തലം

# മാമലകൾക്കപ്പുറത്ത് മരതകപ്പട്ടുടുത്ത്

ഉത്തരേന്ത്യയിലെ പട്ടാളക്യാമ്പിൽ ഒരു മലയാളി പട്ടാളക്കാരൻ പാടുന്ന പാട്ടാണ്. രംഗത്ത് പ്രേംനസീർ. പാടുന്നത് പി.ബി. ശ്രീനിവാസ്. "മാമലകൾക്കപ്പുറത്ത് മരതകപ്പട്ടുടുത്ത് മലയാളമെന്നൊരു നാടുണ്ട്" എന്ന പാട്ട്. പ്രവാസിയുടെ വികാരം, സ്വപ്നം എല്ലാം നിറഞ്ഞ പാട്ട്. എന്റെ ഗ്രാമത്തെ, വീടിനെ, വീടിന്റെ ഉമ്മറത്ത് വിളക്കുംകൊളുത്തി കാത്തിരിക്കുന്ന തന്റെ പെണ്ണിനെയെല്ലാം പട്ടാളക്യാമ്പിൽ വച്ച് അയാൾ ഓർക്കുന്നു. പാട്ടിന്റെ ഗതിയാകട്ടെ ഒരു യാത്രയുടെ രീതിയിൽ. പാട്ട് ചിട്ടപ്പെടുത്തിയിരിക്കുന്നത് തീവണ്ടിയാത്രയുടെ താളത്തിൽ. പട്ടാളത്തിലെ യാതനകൾക്കിടയിൽ ഒരു നിമിഷം നാടിനെയും പ്രാണസഖിയെയും പ്രകൃതിയെയും വീടിനെയും കുറിച്ചുമൊക്കെ ചിന്തിച്ചുപോകുമെങ്കിലും എത്രയോ ദൂരെ കിടക്കുന്ന തനിക്ക് ഇതൊന്നും പെട്ടെന്നു കാണാൻകഴിയില്ലല്ലോ എന്ന ഇച്ഛാഭംഗവും പാട്ടിലുണ്ട്.

"മാമലകൾക്കപ്പുറത്ത് മരതകപ്പട്ടുടുത്ത്
മലയാളമെന്നൊരു നാടുണ്ട് കൊച്ചു
മലയാളമെന്നൊരു നാടുണ്ട്."



എന്ന പി. ഭാസ്കരനും ബാബുരാജും ചേർന്നൊരുക്കിയ ഈ പാട്ട് 'നിണമണിഞ്ഞ കാല്പാടുകൾ' എന്ന ചിത്രത്തിലേതാണ്. പാറപ്പുറത്തിന്റെ അതേ പേരിലുള്ള നോവലിനെ ആസ്പദമാക്കി നിർമ്മിച്ച ചിത്രം. സംവിധാനം ചെയ്തത് എൻ.എൻ.പിഷാരടി. പ്രവാസ ജീവിതത്തിലെ ദുഃഖം, സന്തോഷം, മുംബൈപോലുള്ള നഗരങ്ങളിലെ ക്രിമിനൽ ജീവിതം എന്നിവയൊക്കെ നമ്മുടെ സിനിമകൾക്ക് വിഷയമായിട്ടുണ്ട്. പ്രവാസജീവിതത്തിന്റെ അന്ത്യത്തിൽ എല്ലാം നഷ്ടപ്പെട്ട് അല്ലെങ്കിൽ ഒന്നും നേടാനാകാതെ തിരിച്ചുവന്നവരുടെ കഥകളും ചിത്രീകരിച്ചിട്ടുണ്ട്. പി. ടി. കുഞ്ഞുമുഹമ്മദിന്റെ 'ഗർഷോം' പോലുള്ള സിനിമകളും പ്രവാസവിഷയം കൈകാര്യം ചെയ്ത് ശ്രദ്ധേയമായവയാണ്. ഗൾഫിൽ ജീവിക്കുന്നവരുടെ ഭാര്യമാരുടെ ദുഃഖം കത്തുപാട്ടുകൾക്ക് വിഷയമായിട്ടുണ്ട്.

പട്ടാളടെന്റിലിരുന്ന് കത്തുകളെഴുതുകയും മറുപടി കാത്തിരിക്കുകയും ചെയ്യുന്ന പട്ടാളക്കാരൻ. അവന്റെ ഉള്ളുമുഴുവൻ പുറത്തേക്ക് ഒഴുക്കുന്ന ഗാനം. ഏതോ ഉത്തരേന്ത്യൻ ഗ്രാമത്തിലിരുന്ന് സ്വന്തം ഗ്രാമത്തെ ഓർക്കുകയാണ് കഥാപാത്രം. വീടിന്റെ ഉമ്മറത്ത് വിളക്കു വച്ച് കാത്തിരിക്കുന്ന പ്രാണസഖി.

'കൈതപ്പൂ നിറമുള്ള
കരിനീലക്കണ്ണുള്ള
കവിളത്ത് മറുകുള്ള പെണ്ണുണ്ട്.'

മദിരാശിയിൽ ചില്ലറക്കച്ചവടം നടത്തി ജീവിക്കുന്ന മുസ്ലിം ചെറുപ്പക്കാരൻ പാടുന്നത് ഇങ്ങനെ.

'നോമ്പും നോറ്റെന്നെ കാത്തിരിക്കും വാഴ-
ക്കൂമ്പു പോലുള്ളൊരു പെണ്ണുണ്ട്.
ചാമ്പയ്ക്കച്ചുണ്ടുള്ള ചന്ദനക്കവിളുള്ള
ചാട്ടുളിക്കണ്ണുള്ള പെണ്ണുണ്ട്.'

രണ്ടിന്റെയും ആവിഷ്കാരത്തിൽ ഉള്ള ഭേദങ്ങൾ ശ്രദ്ധിച്ചുനോക്കൂ.

"നാളികേരത്തിന്റെ നാട്ടിലെനിക്കൊരു
നാഴിയിടങ്ങഴി മണ്ണുണ്ട്"

എന്നത് മാമലകൾക്കപ്പുറത്ത് എന്ന പാട്ടിൽ
"തൈത്തെങ്ങിൻ തണലത്ത് താമരക്കടവത്ത്" എന്നാകുന്നു.

രണ്ടുപാട്ടുകളുടെയും സാംസ്കാരികഭിന്നതയും പ്രകൃതിയെ വിവരിക്കുമ്പോൾ ഉപയോഗിക്കുന്ന ഭാഷയും വ്യത്യസ്തമാണ്.

"നാലുകാലോലപ്പുരയുണ്ട്" എന്നൊരാൾ പാടുമ്പോൾ

"കിളിക്കൂടുപോലുള്ളൊരു വീടുണ്ട്" എന്ന് മറ്റേയാൾ പാടുന്നു.

'തുറക്കാത്ത വീട്' എന്ന ചിത്രത്തിലേതാണ് രണ്ടാമത്തെ ഗാനം.

'നാളികേരത്തിന്റെ' എന്ന പാട്ട് രചിച്ചതും ഭാസ്കരൻമാസ്റ്റർതന്നെ. സംഗീതം രാഘവൻമാസ്റ്ററും. ഒന്ന്, സാധാരണ ഈണത്തിലാണെങ്കിൽ മറ്റേത്, മാപ്പിളപ്പാട്ടിന്റെ ഈണത്തിൽ.

പട്ടാളക്കാരന് അവധി കിട്ടാതെ അത്രയെളുപ്പം വരാൻ കഴിയില്ല. കാത്തിരിക്കുന്ന പെണ്ണിനെ കാണുക അവന് എളുപ്പമല്ല. ദിവസങ്ങൾ വണ്ടിയിലിരിക്കണം. മദിരാശിയിൽനിന്ന് വരുന്നതുപോലെ ഒരു ദിവസം കൊണ്ട് എത്താനാകില്ല.

"ഓരോരോ തീവണ്ടിയോടിയെത്തുമ്പോഴും
ഓടുന്നു മുറ്റത്ത് നീയെന്നും." എന്ന് അവന് പറയാൻ കഴിയില്ല.

'നിണമണിഞ്ഞ കാൽപ്പാടു'കളിലെ സ്ത്രീകഥാപാത്രവും അങ്ങനെ പ്രതീക്ഷിക്കുന്നില്ല. പ്രിയതമയെക്കുറിച്ചുള്ള ഓർമ്മകൾ ഓരോ ദിവസവും ഓരോ നിമിഷവും തന്നെ നാട്ടിലെത്തിക്കുന്നു.

"മധുരക്കിനാവിന്റെ മായാവിമാനത്തിന് മനുഷ്യനെ കൊണ്ടുപോകാൻ കഴിയില്ലല്ലോ" എന്ന യാൾ പാടുന്നത് വേദനയോടെയാണ്. അങ്ങനെയേ അയാൾക്കു പറയാൻ കഴിയൂ. അയാളുടെ ജീവിതത്തിന് ഒരു അനിശ്ചിതത്വമുണ്ട്. കാരണം അയാൾ പട്ടാളക്കാരനാണ്.

മലയാളഗാനശാഖയിലെ അപൂർവസുന്ദരങ്ങളായ രചനകളാണ് ഈ ഗാനങ്ങൾ. സംഗീതത്തിന്റെ കാര്യത്തിലും അങ്ങനെതന്നെ. സിനിമയിലെ കഥാപാത്രങ്ങൾ, സാംസ്കാരിക പശ്ചാത്തലം എന്നിവ കണക്കിലെടുത്താണ് അക്കാലത്ത് ഗാനങ്ങൾ സൃഷ്ടിച്ചിരുന്നത് എന്നതിന് ഉദാഹരണങ്ങളായി ഈ ഗാനങ്ങളെ ചൂണ്ടിക്കാണിക്കാം. കാലത്തെ പരിഗണിക്കാതെ, കാലത്തെ നിർമ്മിക്കുവാൻ സംഗീതത്തിന് സാധിക്കും എന്ന കാര്യം ഓർക്കാതെയാണ് ഇപ്പോൾ പാട്ടുകൾ പോവുന്നത്.

വീടിന്റെ ഉമ്മറത്ത് വിളക്കു കൊളുത്തിവച്ച് കാത്തിരിക്കുന്ന പെണ്ണും നോമ്പുനോറ്റ് കാത്തിരിക്കുന്ന വാഴക്കൂമ്പുപോലുള്ള പെണ്ണും; രണ്ടുപേരും കാത്തിരിക്കുകതന്നെയാണ്. എന്നാൽ കാത്തിരിക്കുന്നവരുടെ ചിത്രം വരയ്ക്കുന്നത് അവർ ആരെയാണോ കാത്തിരിക്കുന്നത് ആ പുരുഷന്മാർ. സ്ത്രീയുടെ കാത്തിരിപ്പിന്റെ നൊമ്പരം അനുഭവിക്കുന്ന പുരുഷൻ.

"തൈത്തെങ്ങിൻ തണലത്ത് താമരക്കടവത്ത്
കിളിക്കൂട് പോലുള്ള വീടുള്ള"യാളും

"നാരായണക്കിളിക്കൂടുപോലുള്ളൊരു
നാലുകാലോലപ്പുര"യുള്ളയാളും - രണ്ടു പേരുടെയും ജീവിതദൈന്യത പാട്ടിൽ സ്പഷ്ടം. ഇത്തരം പാട്ടുകൾ മലയാളത്തിൽ ഇനിയും കണ്ടേക്കാം.

നമ്മുടെ പദകോശത്തിൽനിന്ന് ചില വാക്കുകൾതന്നെ ഇല്ലാതായിക്കൊണ്ടിരിക്കുന്നു എന്നു സൂചിപ്പിക്കട്ടെ. 'പുര' എന്ന വാക്ക് ഇപ്പോൾ ആരും ഉപയോഗിക്കുന്നില്ല. വലിയ ചില ഹോട്ടലുകൾക്കൊക്കെ ഈ പേരിട്ടതു കണ്ടിട്ടുണ്ട്.

ജീവിതപ്രയാസങ്ങളിലൂടെ കടന്നുപോകുന്ന പ്രവാസി മലയാളിക്ക് ഈ പാട്ടുകൾ ഇപ്പോഴും കുളിരുപകരും. ഈ പാട്ടുകൾ ആധുനികവൽക്കരിക്കാൻ ശ്രമിക്കാതിരുന്നാൽ മതി. നാടിനെ, പ്രകൃതിയെ, ബാല്യ-കൗമാരസ്മൃതികളെ, കൂട്ടുകാരിയെ എല്ലാം ഈ പാട്ടുകൾ ഓരോ മലയാളി പ്രവാസിയെയും അനുഭവിപ്പിച്ചുകൊണ്ടിരിക്കും.

**പാട്ടൊരുക്കം** **വി. ടി. മുരളി**

- മനുഷ്യരുടെ വൈകാരികാവസ്ഥയുടെ പ്രതിഫലനമായി മലയാള ചലച്ചിത്രഗാനങ്ങൾ മാറുന്നുവോ? പാഠഭാഗത്തെയും നിങ്ങൾക്ക് പരിചിതമായ കൂടുതൽ സിനിമാഗാനങ്ങളെയും മുൻനിർത്തി അഭിപ്രായങ്ങൾ പങ്കുവയ്ക്കുക.

- 'മാമലകൾക്കപ്പുറത്ത് മരതകപ്പട്ടുടുത്ത്' എന്ന് തുടങ്ങുന്ന സിനിമാഗാനം നിങ്ങൾ കേട്ടുവല്ലോ. ഈ ഗാനത്തിൽ നിന്ന് നിങ്ങൾ കണ്ടെത്തിയ സവിശേഷതകളും മനസ്സിലാക്കിയ കാര്യങ്ങളും താഴെക്കൊടുത്തിരിക്കുന്ന സൂചനകളും പരിഗണിച്ച് ആസ്വാദനം തയ്യാറാക്കുക.
  - ഈണം, താളം
  - ആശയം
  - ചമൽക്കാരഭംഗി

- സിനിമയിലെ കഥാപാത്രങ്ങൾ, സാംസ്കാരികപശ്ചാത്തലം എന്നിവ കണക്കിലെടുത്താണ് ഒരു കാലത്ത് ഗാനങ്ങൾ സൃഷ്ടിച്ചിരുന്നത്. ഈ അഭിപ്രായത്തെ പാഠഭാഗത്ത് പരാമർശിക്കപ്പെട്ടിരിക്കുന്ന സിനിമാഗാനങ്ങളുമായി ചേർത്തുവച്ച് പരിശോധിക്കുക.

- പ്രവാസജീവിതം നയിക്കുന്ന മലയാളികളുടെ ഗൃഹാതുരമായ ചിന്തകൾ പങ്കുവയ്ക്കുന്ന കൂടുതൽ ചലച്ചിത്രഗാനങ്ങൾ ശേഖരിച്ച് പതിപ്പ് തയാറാക്കുക.

- സിനിമാഗാനങ്ങൾപോലെ നാടകഗാനങ്ങളും നമ്മുടെ സമൂഹത്തിന് ഏറെ പ്രിയപ്പെട്ടതാണല്ലോ. ശ്രദ്ധേയമായ സിനിമ-നാടകഗാനങ്ങൾ കണ്ടെത്തി രണ്ടു ഗ്രൂപ്പുകളായി തിരിഞ്ഞ് ഗാനകേളി സംഘടിപ്പിക്കുക.

- തെക്കുതെക്കു തെക്കുചെന്നൊരു പെണ്ണിനെക്കണ്ടു
  ഞമ്മള് പെണ്ണിനെക്കണ്ടു
  നിക്കുനിക്കു പൊന്നെ കണ്ണേയെന്നു പറഞ്ഞു
  ഒക്കത്തില്ല മിണ്ടത്തില്ല കാണത്തില്ലായെന്നു പറഞ്ഞു
  നാക്കുകൊണ്ടൊരു പെട പെടച്ചു നടന്നുപെണ്ണ്
  വടക്കു വടക്കു വടക്കു പോയൊരു പെണ്ണിനെക്കണ്ടു
  ഞമ്മള് പെണ്ണിനെക്കണ്ടു
  എനിക്കു പ്രേമം പെരുത്തുപോയെന്നവളോടു പറഞ്ഞ്
  'ബര്ന്നില്ലപ്പാ, കീഞ്ഞാളിൻ ബേഗ'മെന്നു പറഞ്ഞ്
  വൈരം കൊടുത്തിട്ടു സുന്ദരിപ്പെണ്ണു പാഞ്ഞുമറഞ്ഞു
  നടക്കു നടക്കു നടുക്കു ചെന്നൊരു നാരിയെക്കണ്ടു
  ഞമ്മള് നാരിയെക്കണ്ടു
  തടുത്തുനിർത്തി തേനിൽ മുക്കിയ വാക്കുപറഞ്ഞ്
  'എന്തൂട്ടാ നിങ്ങള് മെക്കട്ട് കേറണെ'യെന്നുപറഞ്ഞ്
  'പണ്ടാരടങ്ങട്ടെ'യെന്നു ശപിച്ചവൾ നാടുകടന്ന്

  **പി. ഭാസ്കരൻ കൃതികൾ സമ്പൂർണ്ണം — പി. ഭാസ്കരൻ**

  'നാടോടികൾ' എന്ന ചലച്ചിത്രത്തിലെ ഈ ഗാനത്തെ ആകർഷകമാക്കുന്നത് പ്രാദേശിക ഭാഷാപ്രയോഗമാണല്ലോ. പ്രാദേശികഭാഷയ്ക്കും വാമൊഴിയ്ക്കും പ്രാധാന്യം നൽകുന്ന ഒരു രചന തയ്യാറാക്കി അവതരിപ്പിക്കുക. ചെറുകഥ, കവിത, ഗാനം, ലഘുനാടകം, കത്ത് തുടങ്ങിയ വ്യവഹാരരൂപങ്ങൾ സ്വീകരിക്കാം.

# 3

# സംസ്കാരവിനിമയം



കുളക്കരയിലെ കൈത പൂത്തപ്പോൾ കാത് കുത്തിയ പെണ്ണേ
കീറിച്ചുറ്റി നെയ്തെടുത്തൊരു കനവ് കണ്ടെടി പെണ്ണേ
പൂത്തുനിന്ന കൈതപ്പൂക്കൾ പുഞ്ചിരിതൂകി നിന്നേ
കാലം തെറ്റിയ മഴയെ നോക്കി പ്രാകി നിന്നെടി പെണ്ണേ
തഴയറുത്തുഞാൻ വയൽക്കരയിൽ തളർന്നിരുന്നെടി പെണ്ണേ
വിരലമർത്തിഞാൻ നീട്ടിത്തുപ്പിയ വെറ്റിലപ്പാക്കിന്റെ ചൂര്
തഴയും കീറി സൊറപറഞ്ഞുഞാൻ പായത്തുമ്പേലിരുന്നേ
പതക്കം വന്നൊരാ പതിച്ചിത്തള്ളേടെ പന്നക്കംകേട്ടു ഞാനിരുന്നേ
പാട്ടുകേട്ടു ഏറ്റുപാടിയ പൂങ്കുയിലിനെ കണ്ടേ
പാലമരത്തണലിൽ വന്നു മതിമറന്നു ഞാൻ നിന്നേ
ചടഞ്ഞിരുന്നു ഞാൻ നെയ്തെടുത്തൊരു പായ കണ്ടോടി പെണ്ണേ
പാകം വന്നൊരു പായത്തുമ്പേൽ പാട്ടും കേട്ടു ഞാനിരുന്നേ
പാട്ടുംകേട്ടു ഞാനിരുന്നേ
പാട്ടുംകേട്ടു ഞാനിരുന്നേ

**തഴപ്പാട്ട്** — **അനി മങ്ക്**

പാട്ടിൽ പ്രതിഫലിക്കുന്ന ജീവിതാവസ്ഥയെക്കുറിച്ച് ചർച്ചചെയ്യൂ.

# ആരോഗ്യനികേതനം

ഡോക്ടർ വേഗം നടക്കുകയാണ്. മനസ്സിൽ ഉത്സാഹം തിങ്ങിനിറയുന്നു. മരുന്ന് തീർച്ചപ്പെടുത്തിക്കഴിഞ്ഞു. ഇത് അദ്ദേഹംതന്നെ തയ്യാറാക്കും. നാട്ടിൽ സുലഭമായ ചില സാധനങ്ങൾ ചേർന്ന മരുന്ന്. പക്ഷേ, അക്കാര്യം അവരോട് പറയുകയില്ല. ലോകത്ത് സുലഭമായതിൽ മനുഷ്യന് വിശ്വാസം ഇല്ല. ഏതായാലും ഇതു പറഞ്ഞുകൊടുക്കുകയില്ല. ഒരിക്കലും പറഞ്ഞുകൊടുക്കുകയില്ല. ഒരൊറ്റ ദിവസംകൊണ്ട് ഇക്കിൾ നിർത്തി അദ്ദേഹം കാണിച്ചുകൊടുക്കും, എത്ര വിചിത്രമാണ് തന്റെ ഔഷധവും ചികിത്സയും എന്ന്. നടക്കുന്നതിനിടയിൽ അദ്ദേഹം പെട്ടെന്ന് നിന്നു. സേതാബിനെ ഒന്ന് കണ്ടിട്ട് പോകാം. പക്ഷേ, അതിന് തിരികെ പിന്നോട്ട് നടക്കണം. മനോരാജ്യത്തിലാണ് നടന്നുനടന്ന് സേതാബിന്റെ വീട്ടിലേക്ക് പോകാനുള്ള ഇടവഴി കടന്നുപോന്നു. സാരമില്ല – വൃദ്ധന്റെ പനി ഇന്ന് തീർച്ചയായും മാറിക്കാണും. ഇപ്പോൾ അയാൾ തനിച്ചിരുന്ന് ചതുരംഗം കളിക്കുകയായിരിക്കും. രാവിലെ വന്നുകാണാം. ഇപ്പോൾ വേഗം വീട്ടിൽ പോയി മരുന്നുണ്ടാക്കണം.

"ജീവൻമശായ് അല്ലേ, ആരാ പോകുന്നത്? ഓ ജീവൻമശായ്!" അടുത്ത ഇടവഴിയിൽനിന്ന് സ്ത്രീസ്വരത്തിൽ ആരോ വിളിച്ചു: "ഇത് കേൾക്കൂ. നിൽക്കൂ."

ജീവൻമശായ് നിന്നു. ഇടവഴിയിൽനിന്ന് ഒരു പ്രൗഢവിധവ ഇറങ്ങിവന്നു. നവഗ്രാമത്തിലെ നിശിഠാക്കുരുൺ. വിഖ്യാതയായ നിശിഠാക്കുരുൺ. ഗ്രാമത്തിലെ കുട്ടികൾ ഒളിവിലും മറവിലും നിന്ന് അവളെ വിളിക്കും: 'മിസ്സിസ് ഷെറീഫ് ഓഫ് നവഗ്രാം' എന്ന്. ഗ്രാമത്തിൽ നിശിക്ക് നിസ്സീമ പ്രതാപമുണ്ട്.

വന്നവഴിതന്നെ നിശി ചോദിച്ചു: "രത്തൻബാബുവിന്റെ മകനെ നോക്കിയിട്ട് വരികയല്ലേ? എങ്ങനെയിരിക്കുന്നു. പറയൂ."

ജവൻമശായ് അപകടത്തിലായി. ശബ്ദം കേട്ടപ്പോൾ നിശിയാണെന്ന് അനുമാനിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. കഴിയേണ്ടതായിരുന്നു. ഈ വഴിയിൽ ഇത്ര അധികാരസ്വരത്തിൽ വേറെ ആരുവിളിക്കാൻ? നിശിഠാക്കുരുൺ. ആ വരാന്തയിൽ ഇരുന്നുകൊണ്ട് ആവശ്യമുള്ള ആരെയും വിളിച്ച് വിശേഷങ്ങൾ ശേഖരിക്കും.

ജീവൻ ഡോക്ടർ ചുരുക്കി പറഞ്ഞു: "രോഗം കഠിനമാണ്. എന്നാലും ആശ വിടാറായിട്ടില്ല. ഞാൻ പോകട്ടെ, നിശി, മരുന്നുണ്ടാക്കിക്കൊടുക്കണം."

"ഓ, എന്നാലും നിൽക്കൂ. അതിനിത്ര കിടന്ന് ഓടണോ?"

"മരുന്നുണ്ടാക്കി കൊടുത്തയയ്ക്കണം, നിശീ."

"അത് മനസ്സിലായി, കൂടെ ആളുള്ളത് കാണുകയും ചെയ്തു. ഏയ്, താൻ മുമ്പേ നടന്നോ, ഡോക്ടർ പുറകെ വരും. എന്റെ അമ്മാവന്റെ പേരക്കിടാവിന് തീരെ സുഖമില്ല. വയറ്റിൽ

സുഖക്കേട്. എന്തുചെയ്തിട്ടും മാറുന്നില്ല. ഒന്ന് വന്നുനോക്കൂ മശായ്. ഇപ്പോഴത്തെ ഈ ഡോക്ടർമാരുടെ മരുന്നിന് ഒരുപാട് രൂപ ചെലവാക്കി. എല്ലാം വെറുതേ, പിന്നെ നിങ്ങളെ ഈയിടെ ഇങ്ങോട്ടെങ്ങും കാണാനുമില്ല. ഓ, ഞങ്ങളെയൊക്കെ ഉപേക്ഷിച്ചായിരിക്കും. എടീ, നീഹാർ! ഒന്നിങ്ങോട്ടു വന്നേ."

"വിളിക്കണ്ട. വരൂ, നോക്കിയിട്ട് പൊയ്ക്കളയാം. എടാ, നീ ഇവിടെ അഞ്ചു മിനിട്ട് നിൽക്ക്, കേട്ടോ."

വീട്ടിൽ കടന്നയുടനെ നിശി ഡോക്ടറുടെ മുമ്പിൽ കയറിനിന്ന് വഴി മുടക്കിക്കൊണ്ടെന്ന പോലെ ചോദിച്ചു: "ഇനി ശരിക്കു പറയൂ, മശായ്. രത്തൻമാസ്റ്ററുടെ മകൻ രക്ഷപ്പെടുമോ, അതോ മരിക്കുമോ?"

ജീവൻമശായ് അദ്ഭുതപ്പെട്ടില്ല. നിശിയുടെ പ്രകൃതമാണത്. ലോകത്തിലെ സ്വകാര്യ വർത്തമാനങ്ങളെല്ലാം അവൾക്ക് അറിയണം. അറിഞ്ഞാൽ മാത്രം പോരാ, അത് പറഞ്ഞു പരത്തുകയും വേണം. എന്നാലേ തൃപ്തിവരൂ. ജീവൻമശായ് ഗൗരവസ്വരത്തിൽ പറഞ്ഞു: "ഞാൻ ഒന്നും ഒളിച്ചുവച്ചില്ല, നിശീ, നാഡി നോക്കിയിട്ട് ഒന്നും മനസ്സിലായില്ല."

"മനസ്സിലായില്ല? നിങ്ങൾ — ജീവൻമശായ് — നിങ്ങൾക്കു മനസ്സിലായില്ലെന്നോ!

അതെങ്ങനെയാ? ജീവൻമശായ് നാഡി നോക്കിയാൽ മരണരോഗത്തിൽ മൃത്യു ചിലങ്ക കിലുക്കി വരുമെന്നാണ് ആളുകൾ പറയുന്നത്. നിങ്ങൾ എന്തോ ഒളിക്കുന്നുണ്ട്."-

ഡോക്ടറുടെ പുരികം ചുളിഞ്ഞു. നിശി നിർത്തി. എങ്കിലും പേടിച്ചില്ല.

അവൾ പറഞ്ഞു: "ശരി, ശരി, മനസ്സിലായി. അതു പോട്ടെ. പിന്നെ - എടീ നീഹാർ, നീ എവിടെപ്പോയി കിടക്കുന്നു?"

"എന്താ അപ്പച്ചി?" നീഹാർ മുറിയിൽനിന്ന് വിളിച്ചുചോദിച്ചു. അവൾ വാതിൽ അല്പം തുറന്നുനോക്കി. അച്ചാറിന്റെ മണം ഉടനെ ജീവൻമശായ്ക്ക് അനുഭവപ്പെട്ടു. പെണ്ണ് മുറിയിൽ ഒളിച്ചിരുന്ന് അച്ചാർ തിന്നുകയാണ്. വയറുകടിയുടെ ലക്ഷണം. രോഗം മാറ്റുക ദുഷ്കരമായ നിലയിൽ എത്തിയിരിക്കുന്നു. അല്ലെങ്കിൽ അനിഷ്ടകരമായ വസ്തുക്കളിൽ എന്താ ഇത്ര രുചി?

പെൺകുട്ടി ഇറങ്ങിവന്നു. മെലിഞ്ഞ് എല്ലിൻകൂടുപോലെയായ, വാടിക്കരിഞ്ഞ അതസിപ്പൂവിന്റെ നിറമുള്ള ഒരു പിഞ്ചുകുട്ടി. തലയിൽ സിന്ദൂരം! പ്രായം കൊണ്ട് കുട്ടിയാണെങ്കിലും അവൾ ഒരു മാതാവായിക്കഴിഞ്ഞു!

ജീവൻമശായ് ഞെട്ടിപ്പോയി. സർവാംഗം ആരുടെയോ നിഴൽ വീണിട്ടുള്ളതുപോലെ. നിശിരാക്കുരുന്ന് പറഞ്ഞു: "ഗർഭസൂതി'കയാണ്. രണ്ട് പിള്ളേരുണ്ട്. എല്ലാം കുഴപ്പത്തിലാകും, മശായ്." നെടുവീർപ്പിട്ടുകൊണ്ട് നിശി കരഞ്ഞുതുടങ്ങി.

"രണ്ടു പിള്ളേരോ? എത്ര വയസ്സുണ്ട്—പതിനാല്? രണ്ടു പിള്ളേർ?" ഡോക്ടർ സവിസ്മയം ചോദിച്ചു.

കണ്ണുതുടച്ച് മുഹൂർത്തമാത്രയിൽ നിശി സഹജഭാവത്തിൽ പറഞ്ഞു: "പന്ത്രണ്ട് തികഞ്ഞപ്പോഴാണ് ആദ്യത്തെ കുഞ്ഞുണ്ടായത്. പതിനാലായപ്പോൾ രണ്ടാമത്തെയും ഉണ്ടായി. നല്ല ചന്ദ്രനെപ്പോലുള്ള പിള്ളേരാണ്, മശായ്."

ചന്ദ്രനല്ല, യമൻ, അമ്മയെ വിഴുങ്ങാൻ വന്നിരിക്കുകയാണ്, അച്ഛന്റെ സംയമമില്ലായ്മ മൂർത്തീകരിച്ചതുപോലെ, ജീവൻഡോക്ടറുടെ മനസ്സ് വല്ലാത്തായി. ഈ അനാചാരികളെ ശിക്ഷിക്കേണ്ടതല്ലേ? അദ്ദേഹം ഒരു ദീർഘനിശ്വാസം വിട്ടു. അച്ഛൻ പറഞ്ഞിരുന്നു— ഏതു രോഗിയെ കണ്ടാലും യാതൊരുകാരണവശാലും ദേഷ്യമോ വെറുപ്പോ തോന്നരുത്. തോന്നാൻ പാടില്ല. മനുഷ്യന് എന്ത് ചെയ്യാൻ കഴിയും? അവൻ ഒരു കളിപ്പാവ മാത്രമാണ്.

അലോപ്പതി ശാസ്ത്രത്തിൽ അദ്ദേഹത്തിന്റെ ഗുരുവായ രംഗലാൽ ഡോക്ടർ പറഞ്ഞിരുന്നു— മനുഷ്യൻ തീരെ നിസ്സഹായനാണ്. മൃഗങ്ങളെപ്പോലെ കാമക്രോധലോഭാദികളുണ്ട്. എന്നാൽ മൃഗങ്ങളെപ്പോലെ സഹനശക്തിയില്ലതാനും. അവരോട് ദേഷ്യം തോന്നരുത്. തോന്നാം, അതിനുള്ള അവകാശം തീർച്ചയായും നിങ്ങൾക്കുണ്ട്. പക്ഷേ, അപ്പോൾ ചികിത്സാവൃത്തിക്ക് പോകരുതെന്നുമാത്രം.

ഒരു ദീർഘനിശ്വാസത്തോടെ ഡോക്ടർ ചോദിച്ചു: "ഇത്രനാളും എന്തെടുക്കുകയായിരുന്നു, നിശി?"

"അതും ഇതുമൊക്കെ. സൂതികയുണ്ട്, മശായ്. എന്നാലും എങ്ങനെ വരുമെന്ന് എങ്ങനെ അറിയും, പറയൂ. പിന്നെ, ഇന്നത്തെ പുതിയ ഡോക്ടർമാരെ കാണിച്ചു. അവരും പലതും പറഞ്ഞു. ചെലവുകളുടെ ഒരു നീണ്ട പട്ടിക. ഇതൊക്കെ ഞാൻ എവിടെനിന്നുണ്ടാക്കും?"



"ഉം," എന്നുമാത്രം പറഞ്ഞ് ഡോക്ടർ നിർത്തി.

"തകിട് എഴുതിക്കെട്ടി. വഴിപാട് നേർന്നു. എല്ലാം ചെയ്തു—" നിശിയുടെ സംസാരം ഇപ്പോഴും പൂർത്തിയായിട്ടില്ല. ഡോക്ടർക്ക് ഇത് മനസ്സിലായി. കഴുത്തിൽ ഒരു ചുമട് തകിടുകൾ. എന്തു ചെയ്യും? അദ്ദേഹത്തിന് എന്തു ചെയ്യാൻ കഴിയും? ഇതിന് ഒരു മരുന്നേയുള്ളൂ, ആയുർവേദ മരുന്ന്— സൂചികാബരണം.

"ചെയ്യാമോ ജലബരണം?"

"ജലബരണമോ?" നിശി ഞെട്ടിപ്പോയി: "എന്താ മശായ് ഈ പറയുന്നത്?"

"അതെ, ജലബരണം, നോക്കട്ടെ, കുട്ടി. കൈ ഒന്നുകൂടി നോക്കട്ടെ."

മരണരോഗക്ലിഷ്ടയായ കുട്ടി തുണികൊണ്ട് വാ മൂടി ചിരിച്ചു. സന്താനങ്ങളുടെ മാതാവായ താൻ കുട്ടിയാണത്രേ! ഡോക്ടറും ചിരിച്ചു. ഒപ്പംതന്നെ ഒരു നെടുവീർപ്പിട്ടു. വിഷം മാത്രമേ മരുന്നുള്ളൂ. വിഷമംപിടിച്ച രോഗത്തിന് വിഷംതന്നെ മരുന്ന്. നാഡിയിൽ അദ്ദേഹം പദധ്വനി കേട്ടു.

നിശി പറഞ്ഞത് കള്ളമല്ല മൃത്യുവിന്റെ കാലിൽ ഈ നാട്ടിലെ പെൺകുട്ടികളുടെ കാലിലെന്നപോലെ ചിലങ്കയുണ്ടെങ്കിൽ അതിന്റെ കിലുകിലാരവം ഡോക്ടർ കേൾക്കും. ആളുകൾ പറയും, എന്തൊരു അച്ഛനായിരുന്നു! എന്തൊരു പഠിപ്പാണ് കിട്ടിയത്! അച്ഛനായിരുന്നു ഗുരുവും. അദ്ദേഹമോ? നാഡിപരിശോധനാവിദ്യയിൽ ഒരു സിദ്ധ പുരുഷനും. വ്യാകരണപാഠം കഴിഞ്ഞ് നാഡിപരിശോധനാവിദ്യ പ്രായോഗികമായി പഠിപ്പിച്ചത് വളരെ വിശേഷപ്പെട്ട ഒരു ദിവസമായിരുന്നു — വൈശാഖമാസത്തിലെ അക്ഷയതൃതീയദിവസം.

ഈ വയസ്സുകാലത്തും അന്നത്തെ കഥകൾ ഇന്നലെ നടന്നതുപോലെ ഓർമ്മിക്കുന്നു. സ്പഷ്ടമായി ഓർമ്മിക്കുന്നു. വഴി നടക്കുമ്പോൾ മശായ് ആ കഥകൾ ഓർമ്മിക്കുക യായിരുന്നു.

ഇക്കിളിനുള്ള മരുന്ന് തയ്യാറാക്കി അത് കഴിക്കേണ്ട വിധവും പാലിക്കേണ്ട പഥ്യവും കടലാസിൽ എഴുതി രത്തൻ ബാബുവിന്റെ ആൾവശം കൊടുത്തയച്ചിട്ട് ജീവൻമശായ് ആരോഗ്യനികേതനത്തിന്റെ വരാന്തയിലിരുന്ന് ദീർഘമായി നിശ്വസിച്ചു. നിശിയുടെ വാക്കുകൾ വീണ്ടും അദ്ദേഹത്തിന്റെ ഓർമ്മയിൽ എത്തി.

**ആരോഗ്യനികേതനം**

**താരാശങ്കർ ബാനർജി**
**വിവ: നിലീനാ അബ്രഹാം**

| | | |
|---|---|---|
| ഗർഭസൂതി | - | പ്രസവത്തിനുശേഷം വരുന്ന ഒരു പനി |
| സൂചികാബരണം | - | ഒരു വിഷപ്രയോഗം. സൂചിയുടെ അറ്റത്ത് മാത്രം മരുന്നുപയോഗിക്കുന്നതിനാൽ ഈ പേരു കിട്ടി. |

- കേരളീയ സാമൂഹിക - സാംസ്കാരിക പരിസരത്തോടു ചേർന്നുനിൽക്കുന്ന രചനയായി ആരോഗ്യനികേതനം എന്ന നോവൽഭാഗത്തെ കാണാൻ കഴിയുമോ. ചർച്ചചെയ്യുക.
- "മനുഷ്യൻ തീരെ നിസ്സഹായനാണ്. മൃഗങ്ങളെപ്പോലെ കാമക്രോധലോഭാദികളുണ്ട്. എന്നാൽ മൃഗങ്ങളെപ്പോലെ സഹനശക്തിയില്ലാതാനും. അവരോട് ദേഷ്യം തോന്നരുത്. തോന്നാം, അതിനുള്ള അവകാശം തീർച്ചയായും നിങ്ങൾക്കുണ്ട്. പക്ഷേ അപ്പോൾ ചികിത്സാവൃത്തിക്ക് പോകരുതെന്ന് മാത്രം". ഡോക്ടർ രംഗലാലിന്റെ ഈ വാക്കുകൾ എത്രമാത്രം പ്രസക്തമാണ്? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.
- • കണ്ണുതുടച്ച് മുഹൂർത്തമാത്രയിൽ നിശി സഹജഭാവത്തിൽ പറഞ്ഞു: "പന്ത്രണ്ട് തികഞ്ഞപ്പോഴാണ് ആദ്യത്തെ കുഞ്ഞുണ്ടായത്. പതിനാലായപ്പോൾ രണ്ടാമത്തെയും ഉണ്ടായി. നല്ല ചന്ദ്രനെപ്പോലുള്ള പിള്ളേരാണ്, മശായ്."

- "ചന്ദ്രനല്ല, യമൻ, അമ്മയെ വിഴുങ്ങാൻ വന്നിരിക്കുകയാണ്,"

ഒരേ വിഷയത്തോടുള്ള രണ്ടുപേരുടെ സമീപനങ്ങളാണ് മേൽ കൊടുത്തിരിക്കുന്നത്. ഇതിൽ ഏതിനോടാണ് നിങ്ങൾ യോജിക്കുന്നത്? വിമർശനാത്മകമായി വിലയിരുത്തുക.

### കവിതാവിവർത്തനം

കവിതാവിവർത്തനം
ഒരു കൂടുവിട്ടു കൂടുമാറ്റമാണ്
മത്സ്യം വെള്ളത്തിലൂടെ ഊളിയിടുന്നതുപോലെ
വിവർത്തകൻ മനസ്സുകളിലൂടെ ഊളിയിടുന്നു
ഓരോ വാക്കിന്റെയും തീരത്ത്
അവൻ തരിമണലിൽ കുനിഞ്ഞിരിക്കുന്നു
ഓരോ കക്കയുടെയും നിറം പഠിക്കുന്നു
ഓരോ ശംഖും ഊതിനോക്കുന്നു.

**തിരഞ്ഞെടുത്ത കവിതകൾ** — **സച്ചിദാനന്ദൻ**

വിവർത്തനത്തെ സംബന്ധിച്ചുള്ള സച്ചിദാനന്ദന്റെ കാഴ്ചപ്പാട് പരിചയപ്പെട്ടുവല്ലോ. ഇവയെ മുൻനിർത്തി ചുവടെ കൊടുത്തിരിക്കുന്ന ഭാഗം വിവർത്തനം ചെയ്യുക.

Cultural exchange is the process through which people from different countries and backgrounds share their traditions, languages, food, art and values. It helps people understand and respect each other's way of life. Through cultural exchange programs, students get opportunities to travel, study and interact with people from other cultures. This experience reduces misunderstandings and promotes friendship and co-operation among nations. Cultural exchange also helps individuals to become more open-minded and tolerant. In a globalized world, cultural exchange plays an important role in creating peace and harmony among people.

- <u>അച്ഛൻ</u> പറഞ്ഞിരുന്നു
- <u>അച്ഛനോട്</u> പറഞ്ഞിരുന്നു
- <u>അച്ഛന്</u> പറയാൻ കഴിഞ്ഞില്ല

അടിവരയിട്ട നാമപദങ്ങളോട് വിഭക്തി പ്രത്യയങ്ങൾ ചേർത്തപ്പോൾ ഉണ്ടായ മാറ്റം ശ്രദ്ധിച്ചുവല്ലോ? വിഭക്തിയെക്കുറിച്ചും അവയുടെ വിഭാഗങ്ങളെക്കുറിച്ചും ടീച്ചറുമായി ചർച്ചചെയ്ത് മറ്റു പാഠഭാഗങ്ങളിൽ നിന്നും കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുക.

# നമ്മുടെ പാട്ടുകൾ

## മധുരപ്പൂങ്കനിയാൾ



മണക്കുമ്പോൾ ശജർകൊമ്പു മുറിന്ദ് താനെ
മനം ഞെട്ടി ഇരിഫേരും ഫുവിയിൽ ബീണെ

ഉണർന്ദഫൾ കിനാവിന്ന് ഹുസ്നുൽ ജമാൽ
ഉടയോനെ സഹിത്ത് നാനിരിക്കാ ഈ ഹാൽ

തുണമുത്തെൻ മഹ്ബൂബ് ഫിരിഞ്ഞദിലും
സുകമല്ലോ തടി റൂഹ് ഫിരിഞ്ഞെങ്കിലും

കുണക്കേടെൻ തടിക്കിനി ബരുവാനെന്ദാം
ഖുദ്റത്തിൽ നടത്തിയ ബിദിയോ ചിന്ദാൻ

ബിദി യെണ്ടുറ്റടങ്കി താൻ കിടക്കുമ്പോദിൽ
ബിലത്താൽ കേട്ടൊരു സദ്ദം ചെവിന്റെ കാദിൽ

മദുരഫൂ സിറി അന്ദെ സുരം കേട്ടാരെ
മഹി തന്നിൽ മനഫോദം ബിടുന്ദിട്ടാരെ

ബദൻ ഫോദം തെളിന്ദൊരു കെടി തന്നിലെ
ബടിവാൽ കണ്ടൊരു റജുൽ അവൾ മുന്നിലെ

ഫദി ബുസ്താൻ തനത്തിലുൾ ഖിദ്മാണ്ട
ഫരിശോടെ നിനന്ദവൾ എളുന്ദുകൊണ്ട്

എളുന്ദവൾ ഹുലലെടുത്തണിന്ദാരെല്ലാം
എദിർ കത്തുന്നൊരു മാല കനിവാനില്ലാ

മൊളിന്ദന്ദെ റജുലോട് ചമയം മാല
മുദിർത്ത് നീയെടുത്തൊ ചൊൽ ശണമിൽ ബാല

ഫിളർ ഫവിള ചിരിയും ബാക്കവൻ തരിത്ത്
ഫിരിശത്താൽ മകിൾന്ദവൻ ചിരിത്തുരത്ത്

കുളർകഫൂങ്കനിയെ ഞാനെടുത്തിട്ടില്ലാ
കളവെന്നിൽ റജുലെ നീ ബിരുത്തീടൊല്ലാ

**ബദ്റുൽ മുനീർ ഹുസ്നുൽജമാൽ** — **മോയിൻകുട്ടി വൈദ്യർ**

| | | |
|---|---|---|
| ശജർകൊമ്പ് | - | മരക്കൊമ്പ് |
| ഫുവി | - | ഭൂമി, മണ്ണ് |
| കിനാവിന്ന് | - | കിനാവിൽ നിന്ന് |
| ഈ ഹാൽ | - | ഈ അവസ്ഥ |
| ഫിരിഞ്ഞദിലും | - | പിരിഞ്ഞതിനേക്കാൾ |
| റൂഹ് | - | ആത്മാവ് |
| ഖുദ്റത്ത് | - | ദൈവികശക്തി |
| മഹി തന്നിൽ | - | ഭൂമിയിൽ, മണ്ണിൽ |
| ബദൻ ഫോദം | - | ശരീരബോധം |
| കെടി | - | മണിക്കൂർ |
| റജുൽ | - | പുരുഷൻ |
| ബുസ്താൻ | - | പൂന്തോട്ടം |
| ഖിദ്മാൾ | - | പരിപാലകൻ |
| ഹുലൽ | - | ആഭരണങ്ങൾ |
| എദിർ കത്തുന്ന | - | പ്രശോഭിക്കുന്ന |
| കനിവാനില്ല | - | കാണാനില്ല |
| കുളർകഫൂങ്കനി | - | സുന്ദരപ്പൂങ്കനി |

- "കുണക്കേടെൻ തടിക്കിനി ബരുവാനെന്ദാം
ഖുദ്റത്തിൽ നടത്തിയ ബിദിയോ ചിന്ദാൻ"
ഹുസ്നുൽജമാൽ ഇങ്ങനെ ചിന്തിക്കാനിടയായ സാഹചര്യം എന്താണെന്ന് കണ്ടെത്തിയെഴുതുക.

- അറബി മലയാളഭാഷയിൽ ഉണ്ടായ ഏറ്റവും ജനകീയകൃതികളിൽ ഒന്നാണ് മോയിൻകുട്ടി വൈദ്യരുടെ ബദ്റുൽ മുനീർ ഹുസ്നുൽ ജമാൽ. പാഠഭാഗം വായിച്ച് കവിതയുടെ പ്രമേയം, ഭാഷാഭംഗി, വർണ്ണനകൾ എന്നിവയുടെ പ്രത്യേകതകൾ കണ്ടെത്തി മാപ്പിളപ്പാട്ടിന്റെ ജനകീയതയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

- ദൈനംദിന ജീവിതത്തിൽ നാം ഉപയോഗിക്കുന്ന പല പദങ്ങളും മറ്റു ഭാഷകളിൽ നിന്ന് സ്വീകരിച്ചിട്ടുള്ളതാണ്. അസൽ, കത്ത്, കരാർ തുടങ്ങിയവ അറബിഭാഷയിൽ നിന്ന് വന്നതാണല്ലോ. അത്തരത്തിലുള്ള പരകീയപദങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുക.

# പൂമാതൈ പൊന്നമ്മ

നിറയും പറ വെച്ച് ദീപം വെച്ച്
താലത്തിൽ കണ്ണാടി ചെപ്പും വെച്ച്
അരിനുരിച്ചും ദീപം കൈവണങ്ങി
പൂമാതൈ പൊന്നമ്മ പാട്ടാട്യാല്
പൂവിന് മണമുണ്ടാം തേനുമുണ്ടാവും
പൂമാതൈ പൊന്നമ്മ പാട്ട്വേട്ടാല്
ഏക്കംകൊര മാറും വീക്കം മാറും
പൂമാതൈ പൊന്നമ്മ പാട്ട്വേട്ടാല്
മാരനില്ലാ മങ്കക്ക് മാരനുണ്ടാം
അറ്റതറവാട്ടില് പെണ്ണുണ്ടാവും
പൂമാതൈ പൊന്നമ്മ പാട്ട്വേട്ടാല്
കണ്ണില് നിറയല്ലോ കണ്ണുനീര്
മാറത്തൊഴുകുന്നത് ചോരത്തുള്ളി
പൂമാതൈ പൊന്നമ്മ പാട്ട്വേട്ടാല്
വെംഗത്തുപ്പാറയലിഞ്ഞു പോകും
പൊന്നമ്മ പൂമാതൈ എന്റെ ദൈവേ
തെളിഞ്ഞും വിളയാടൂ ദൈവത്താളേ
പൊൻപുഴക്കരക്കാതം തെക്ക് ഭാഗം
കടലുങ്കര നാടെന്നൊരു നാടുണ്ടല്ലോ
അവിടെവെച്ചാട തൊടങ്ങ്വമ്മള്



വടക്കൻപാട്ടുകൾ (സമ്പാദനം) — എം. സി. അപ്പുണ്ണി നമ്പ്യാർ

| | | |
|---|---|---|
| പാട്ട്വേട്ടാല് | - | പാട്ടു കേട്ടാല് |
| ഏക്കം | - | ശ്വാസതടസ്സം |
| കൊര | - | ചുമ |
| അറ്റ തറവാട് | - | തലമുറ അറ്റ തറവാട് |

- പാഠഭാഗം ആശയം ഉൾക്കൊണ്ട് ഭാവാത്മകമായി ചൊല്ലി അവതരിപ്പിക്കുകയും അതിലെ ആശയം ചുരുക്കി എഴുതുകയും ചെയ്യുക.
- വടക്കൻപാട്ടുകളിൽ പ്രതിപാദിക്കുന്ന പൂമാതൈ പൊന്നമ്മ എന്ന കഥാപാത്രം സമകാലീനസാഹിത്യത്തിലും കലാരൂപങ്ങളിലും ഇന്നും പ്രത്യക്ഷപ്പെടാറുണ്ടോ? ഒരു വെബ് മാഗസിനിലേക്ക് ആവശ്യമായ അന്വേഷണാത്മക കുറിപ്പ് തയ്യാറാക്കുക.

# ചെങ്ങന്നൂരാതി പുലിമൊകം കളരിയിൽ പോയ കഥ

ഒട്ടുനാളു കഴിഞ്ഞപ്പോളാണു ചെങ്ങന്നൂരാതി
അമ്മയോടു പറയുന്നതൊണ്ടു ചെങ്ങന്നൂക്കുഞ്ഞ്
എന്നാലും കേക്കുക വേണമമ്മേ പെറ്റൊരുതള്ളയെ
എനിക്കു *ദിരിഡവും വെച്ചുതള്ളേ പെറ്റോരുതള്ളേ
ഒന്നോളം നല്ലേ ഒരുവനോളം അമ്മേ പ്രായവുമായി
എനിക്കങ്ങു പ്രായവും തെകഞ്ഞമ്മേ പെറ്റോരുതള്ള
ഒന്നോളം ഒരുവനോളം അമ്മേ പ്രായവുമായി
പതിനെട്ടു കളരിയെന്നാണമ്മേ കേട്ടറിവൊള്ളേ
ഇരുപത്തൊന്നാതിമാരെന്നും ഞാനും കേട്ടറിവൊള്ളേ
നാടുനടന്നു കാണണമെനിക്കമ്മേ പെറ്റോരുതള്ളേ
പതിനെട്ടുകളരിലും അമ്മേയൊന്നു പോയിവരേണം
പതിനെട്ടുകളരിയെനിക്കൊന്നു കണ്ടറിയേണം
ഇരുപത്തൊന്നാതിമാരെയും എനിക്കു കണ്ടറിയേണം
നാടുവൊന്നു കണ്ടറിയാനും അമ്മേ പോണമെനിക്ക്
നാടെനിക്കു കണ്ടറിയാനും അമ്മേ പോണമെനിക്ക്
എന്റെ മകനെ പൊന്നുമകനേ ചെങ്ങന്നൂക്കുഞ്ഞ
നിന്റെ മനസ്സുതമ്മനസ്സല്ലേടാ പൊന്നുമകനേ
നീയും അങ്ങുപോയി വരണമേടാ പൊന്നുമകനേ
നീയും പോയാലേ താമസിക്കല്ലേടാ പൊന്നുമകനേ
അന്നുപോയാൽ അന്നുവരണവേടാ പൊന്നുമകനേ
ഒറ്റമ്മയ്ക്കേ ഒരു മകനാണെടാ നീ പൊന്നുമകനേ

**ചെങ്ങന്നൂർ ആതി** — **സമ്പാദനം : ഡോ. എ. കെ. അപ്പുക്കുട്ടൻ**

- പാഠഭാഗത്തെ സംഭാഷണരൂപത്തിൽ ക്ലാസിൽ അവതരിപ്പിക്കുക.
- വടക്കൻപാട്ട്, ഇടനാടൻപാട്ട്, മാപ്പിളപ്പാട്ട് എന്നിവയുടെ പൊതുസവിശേഷതകൾ കണ്ടെത്തി, കലാരൂപങ്ങളിലൂടെ സംഭവിക്കുന്ന സംസ്കാരവിനിമയത്തെക്കുറിച്ച് പ്രസംഗം തയ്യാറാക്കുക.
- നമ്മുടെ പ്രദേശത്തിന്റെ വാമൊഴി സംസ്കാരത്തെ പ്രതിഫലിപ്പിക്കുന്ന ധാരാളം പദങ്ങൾ ഭാഷയിൽ കാണാം. അത്തരം മാതൃകകൾ കണ്ടെത്തി പദകോശം തയ്യാറാക്കുക.

  ഉദാ:
  - പാട്ട്വാട്ട്യാല് - പാട്ടുകേട്ടാൽ എന്ന അർഥം വരുന്ന ഈ വാക്ക് വാമൊഴി പ്രയോഗത്തിന്റെ ഭാഗമായി ലോപിച്ച് 'പാട്ട്വാട്ട്യാല്' എന്നാണ് പ്രാദേശികമായി ഉപയോഗിച്ചു വരുന്നത്. വടക്കൻ കേരളത്തിലെ പല പ്രദേശങ്ങളിൽ ഇത്തരം പ്രയോഗങ്ങൾ സാധാരണമാണ്.
  - പിരിശത്താൽ - സ്നേഹം, ഇഷ്ടം എന്നീ വികാരങ്ങളെ പ്രകടിപ്പിക്കാൻ ഉപയോഗിക്കുന്ന പദം. അറബി മലയാളസാഹിത്യത്തിൽ പൊതുവേ ഈ പദം കാണപ്പെടുന്നു.
  - ദിരിഡം - ഉറപ്പുള്ളത് എന്ന് സൂചിപ്പിക്കുന്നു. വാമൊഴിയുടെ ഭാഗമായി ദിരിഡം എന്ന് ഉപയോഗിച്ചിരിക്കുന്നു. ദൃഢം എന്നാണ് ഇതിന്റെ യഥാർഥം.

# കർണ്ണന്റെ അരങ്ങേറ്റം



ദ്രോണാചാര്യരുടെ കീഴിൽ പാണ്ഡവരും ധാർത്തരാഷ്ട്രരുമായ രാജകുമാരന്മാരുടെ ആയുധാഭ്യാസം കഴിഞ്ഞ്, അവരുടെ അരങ്ങേറ്റം നടത്തുകയാണ്. നഗരത്തിനു പുറമേ വിശാലമായ ഒരൊഴിഞ്ഞ സ്ഥലം നികത്തി വെടിപ്പാക്കി പൂജകഴിച്ചു കാഴ്ചക്കാർക്കിരിക്കാനുള്ള ഇരിപ്പിടങ്ങൾ നിർമ്മിക്കപ്പെട്ടു. ഭീഷ്മപിതാമഹനെ മുൻനിർത്തി ധൃതരാഷ്ട്രരും വിദുരർ മുതലായ കുരുവൃദ്ധന്മാരും, ഗാന്ധാരി, കുന്തി മുതലായ അന്തഃപുരസ്ത്രീകളും, പൗരന്മാരും, ജാനപദന്മാരുമെല്ലാം ഹൃഷ്ടരായി തക്കസ്ഥാനങ്ങളിൽ വന്നിരുന്നു. കൊട്ടും മേളവും മുഴങ്ങി. അനന്തരം വസ്ത്രവും പൂണുനൂലുമെന്ന പോലെ തലമുടിയും താടിയും വെളുത്ത ദ്രോണാചാര്യർ പുത്രനോടുകൂടി വന്നു രംഗപൂജ കഴിപ്പിച്ചു; ബ്രാഹ്മണരുടെ പുണ്യാഹഘോഷങ്ങൾ മുഴങ്ങി; ഭൃത്യന്മാർ ആയുധങ്ങൾ കൊണ്ടുവന്നുവച്ചു. ആ നൂറ്റഞ്ചു സഹോദരന്മാരും പടക്കോപ്പണിഞ്ഞു ജ്യേഷ്ഠക്രമത്തിൽ വഴിക്കുവഴിക്കു പ്രവേശിച്ച് അദ്ഭുതകരമായ അമ്പെയ്ത്തു തുടങ്ങി. അമ്പുകളേറ്റാലോ എന്നു പേടിച്ച് ആളുകൾ തലതാഴ്ത്തി; ചിലർ മിഴിച്ചുനിന്നു. ആ കുമാരന്മാരുടെ രഥാശ്വഗജാരോഹ വൈദഗ്ധ്യവും മറ്റും കണ്ടു സദസ്സിൽ നിന്നു കൂടെക്കൂടെ "ബലേ ബലേ' വിളികൾ മുഴങ്ങി.

പിന്നീടു സുയോധനനും വൃകോദരനും ഗദയേന്തി കളത്തിലിറങ്ങി; അവർ വാശിപൂണ്ടു പല പയറ്റുമുറകളും കാട്ടി, കാഴ്ചക്കാർക്കിടയിൽ പക്ഷപാതഭേദംമൂലം കക്ഷിപിരിവു വരികയായി. അപ്പോൾ ബുദ്ധിമാനായ ദ്രോണാചാര്യർ പുത്രനെ അയച്ചു അവരെ പിരിച്ചുവിട്ടു. എന്നിട്ടദ്ദേഹം കളത്തിൽച്ചെന്നു മേളവാദ്യം തടഞ്ഞിട്ടു പറഞ്ഞു: "എനിക്കു എന്റെ പുത്രനെക്കാൾ പ്രിയതരനായ അർജുനനെ കണ്ടുകൊൾവിൻ."

സ്വസ്ത്യയനം കഴിഞ്ഞു, കൈയുറയും പൊൻകവചവും നിറഞ്ഞ ആവനാഴിയും വില്ലും ധരിച്ച അർജുനൻ കളത്തിലിറങ്ങി. സദസ്സിൽ തിക്കു വർധിച്ചു. മേളവാദ്യം മുഴങ്ങി. "ഇതാ കുന്തീ പുത്രൻ! ഇതാ പാണ്ഡവമധ്യമൻ' എന്നിങ്ങിനെ ആളുകളുടെ ആർപ്പുവിളികൾ കേട്ടു കുന്തിയുടെ മാറിടം കണ്ണീർകൊണ്ടും മുലപ്പാൽ കൊണ്ടും കുതിർന്നു. സദസ്സിലെ ഇരമ്പം കേട്ടു ധൃതരാഷ്ട്രർ വിദുരരോട് "ഇതെന്തെന്നന്വേഷിച്ചു; അർജുനന്റെ വൈഭവമാണെന്നു കേട്ടു "ഞാൻ ധന്യനായി, അനുഗൃഹീതനായി!' എന്നു പറഞ്ഞു.

രംഗം ഒതുങ്ങിയപ്പോൾ അർജുനൻ തന്റെ വൈദഗ്ധ്യം കാണിക്കുകയായി ആഗ്നേയാസ്ത്രം കൊണ്ടു തീയുണ്ടാക്കി, വാരുണം കൊണ്ടു വെള്ളമുണ്ടാക്കി, ഭൗമംകൊണ്ടു ഭൂമിയിലാണ്ടു, അന്തർധാനംകൊണ്ടു മറഞ്ഞു; ക്ഷണനേരംകൊണ്ടു കുറിയവനും നെടിയവനുമായി, ക്ഷണനേരംകൊണ്ടു തേർനുകത്തിലും തേർത്തടത്തിലും കാണപ്പെട്ടു; വട്ടംചുറ്റുന്ന ഒരു ലോഹ വരാഹത്തിന്റെ വായിൽ ഒപ്പം അഞ്ചമ്പ് എയ്തു തറച്ചു; കയറിൽ തൂങ്ങിയാടുന്ന ഒരു കാളക്കൊമ്പിന്മേൽ ഇരുപത്തൊന്നമ്പ് എല്പിച്ചു. ഇതു പോലെ ഖഡ്ഗാദി പ്രയോഗത്തിലും പല അദ്ഭുതങ്ങൾ കാണിച്ചു.

എല്ലാം കഴിഞ്ഞ കൂട്ടത്തിലായി. സദസ്സു മന്ദീഭവിച്ചു. വാദ്യം ചുരുങ്ങി. ഒരിടത്തു ദ്രോണരെ ച്ചുഴന്നു പാണ്ഡവന്മാരഞ്ചുപേരും അപ്പുറത്ത് അശ്വത്ഥാമാവിനോടൊപ്പം ഞെളിഞ്ഞു നിലകൊള്ളുന്ന ദുര്യോധനനെച്ചുഴന്നു നൂറ്റുവരും നില്ക്കുന്നു. പെട്ടെന്നു പ്രവേശനദ്വാരത്തിൽ നിന്ന് ഇടിവെട്ടുപോലെ ഊക്കുകാണിക്കുന്ന ഒരു കൈകൊട്ടു കേൾക്കായി. ആളുകളാകെ അമ്പരപ്പോടെ അങ്ങോട്ടു നോക്കിയപ്പോഴുണ്ട്, വഴിമാറിക്കൊടുത്തു മിഴിച്ചുനിന്ന ആൾക്കൂട്ടത്തിന്റെ നടുവിലൂടെ, സഹജങ്ങളായ കവചകുണ്ഡലങ്ങളാൽ ഉജ്ജ്വലനായി വില്ലും വാളും ധരിച്ച കർണ്ണൻ അന്തസ്സിൽ നടന്നുവരുന്നു. അയാളും കുന്തി കന്യകയായിരിക്കുമ്പോഴുണ്ടായ പുത്രനാണ്. അയാൾ രംഗത്തെ മുഴുവൻ നോക്കി ദ്രോണകൃപന്മാരെ ഏറെ വഴങ്ങാതെ വന്ദിച്ച്, "ഈയാളേത്!' എന്നമ്പരന്നുനില്ക്കുന്ന സദസ്യർ കേൾക്കേ, തന്റെ അറിയാത്ത അനുജനായ അർജുനനോടു പറഞ്ഞു: "കുന്തീപുത്രാ, താങ്കളിപ്പോൾ കാണിച്ച വിദ്യകളെല്ലാം കുറെക്കൂടി മെച്ചപ്പെട്ട നിലയിൽ ഞാനും കാണിക്കാം. ആളുകൾ നോക്കട്ടെ. താങ്കൾ താങ്കളെച്ചൊല്ലി അദ്ഭുതപ്പെടേണ്ട!"

അയാളിതു പറഞ്ഞുതീർന്നില്ല, ആളുകളൊക്കെ എമ്പാടും യന്ത്രംകൊണ്ടു പൊന്തിച്ചാലത്തെപ്പോലെ പിടഞ്ഞെഴുന്നേറ്റു. ദുര്യോധനന്നു രസമായി; അർജുനന്നു ലജ്ജയും ക്രോധവുമുണ്ടായി. കർണ്ണൻ ദ്രോണരുടെ അനുമതിയോടുകൂടി പറഞ്ഞവിധംതന്നെ പ്രവർത്തിച്ചു കാണിച്ചു. ദുര്യോധനൻ സഹോദരന്മാരോടു കൂടിച്ചെന്നു കർണ്ണനെ ആലിംഗനം ചെയ്തു പറഞ്ഞു: "മഹാബാഹോ, സ്വാഗതം! ഞാനും കുരുരാജ്യവും താങ്കളുടേതാണ്. കർണ്ണൻ ദുര്യോധനനോടു സഖ്യം മാത്രം വരിച്ചതിനുശേഷം, തനിക്ക് അർജുനനോടു ദ്വന്ദ്വയുദ്ധം ചെയ്താൽക്കൊള്ളാമെന്നുണ്ടെന്ന് അറിയിച്ചു.

അർജുനൻ കയർത്തു: "കർണ്ണാ, വിളിക്കാതെ വന്നുകേറി ചോദിക്കാതെ പറയുന്നവർക്കുള്ള ലോകങ്ങളിലേക്കു ഞാൻ നിന്നെ കൊന്നയയ്ക്കുന്നുണ്ട്.

കർണ്ണൻ പറഞ്ഞു: "ഈ രംഗം പൊതുവിലുള്ളതാണ്. താങ്കൾക്കെന്താണിതിൽ ദുർബലന്മാരുടെ ആശ്വാസമായ ശകാരങ്ങളെക്കൊണ്ടെന്താണ്? അമ്പുകളെക്കൊണ്ടു മറുപടി പറയൂ. അപ്പോൾ ഞാൻ കൂരമ്പുകളെക്കൊണ്ടു ഗുരുവിന്റെ മുമ്പിൽ വെച്ചു നിന്റെ തലയെടുത്തോളാം.

അർജുനൻ ഗുരുവിന്റെയും സഹോദരന്മാരുടെയും അനുമതിയോടുകൂടി ദ്വന്ദ്വയുദ്ധത്തി ന്നിറങ്ങി; കർണ്ണനും ഒരുങ്ങിനിന്നു.

ആ സമയത്ത് ആകാശത്ത്, ഇടിയും മിന്നലും, മഴവില്ലും വെള്ളിൽപ്പറവകളുമായി മേഘ ങ്ങൾ വന്നു നിരന്നു. ആവിധത്തിൽ ദേവേന്ദ്രൻ പുത്രസ്നേഹം മൂലം ആ രംഗം കാണാൻ വന്ന പ്പോൾ, സൂര്യൻ തന്റെ അരികെ വന്നുകൂടിയ മേഘങ്ങളെ മുടിച്ചുവിട്ടു. അർജുനന്റെ മേൽ മേഘച്ഛായയും കർണ്ണന്റെ മേൽ സൂര്യപ്രകാശവും വ്യാപിച്ചു. കർണ്ണന്റെ വശത്തു നൂറ്റുവരും, അർജുനന്റെ വശത്തു ദ്രോണകൃപഭീഷ്മാദികളും - രണ്ടു പങ്കായി. സ്ത്രീകൾക്കിടയിൽ പ്പോലും പക്ഷഭേദം വന്നു. എല്ലാം മനസ്സിലായ കുന്തിയാകട്ടേ, കഷ്ടം, മോഹാലസ്യപ്പെട്ടുപോയി. വിദുരർ ചന്ദനക്കുളിർനീർ തളിച്ച് അവരെ ആശ്വസിപ്പിച്ചു. ബോധം തെളിഞ്ഞിട്ടും കുന്തി ആ ഒരുമ്പെട്ടുനില്ക്കുന്ന മക്കളെക്കണ്ട് എന്തുവേണ്ടു എന്നറിയാതെ പരിതപിച്ചു.

അപ്പോൾ കൃപർ ദ്വന്ദ്വയുദ്ധമുറയനുസരിച്ചു പറഞ്ഞു: "കർണ്ണാ, കുരുവംശത്തിൽ പാണ്ഡു വിന്റെയും കുന്തിയുടെയും ഇളയപുത്രനായ അർജുനനാണ് നിന്റെ പ്രതിദ്വന്ദി, മഹാബാഹോ, നീയും ഇതുപോലെ നിന്റെ വംശത്തിന്റെയും അച്ഛനമ്മമാരുടേയും പേർ പറയൂ. ഏതു രാജ വംശത്തിലെ സന്തതിയാണ് നീ? അതറിഞ്ഞാൽ അർജുനൻ നിന്നോടു നേരിടുകയോ നേരിടാതിരിക്കുകയോ ചെയ്യും.

ഇതു കേട്ടപ്പോൾ കർണ്ണന്റെ മുഖം താണു; അതു മഴയേറ്റു ചാഞ്ഞ താമരപ്പൂപോലായി. അപ്പോൾ ദുര്യോധനൻ പറഞ്ഞു: "ആചാര്യാ, രാജാക്കന്മാരുടെ കുലം നിശ്ചയിക്കാൻ ശാസ്ത്ര ത്തിൽ ഒറ്റവഴിയല്ല പറഞ്ഞിട്ടുള്ളൂ. അർജുനനു രാജാവിനോടല്ലാതെ യുദ്ധം ചെയ്യാനിഷ്ടമില്ലെ ങ്കിൽ, ഞാനിതാ, ഇയാളെ അംഗരാജ്യത്ത് അഭിഷേചിക്കുന്നു."

താമസമുണ്ടായില്ല. അവിടെവച്ചു യഥാവിധി കർണ്ണന് അംഗരാജ്യാഭിഷേകം നടന്നു. അയാൾ പൊൻപീഠത്തിൽ വെൺകൊറ്റക്കുടയ്ക്കുകീഴേ ചാമരങ്ങളാൽ വീശപ്പെട്ടുകൊണ്ടു ജയശബ്ദങ്ങൾ ക്കിടയിൽ ദുര്യോധനനോടുപറഞ്ഞു: "ഈ രാജ്യപ്രദാനത്തിനൊത്തവണ്ണം ഞാൻ താങ്കൾക്കു എന്തുചെയ്യട്ടെ? പറയൂ ഞാൻ ചെയ്യാം. "ഒടുങ്ങാത്ത സഖ്യമിച്ഛിക്കുന്നു."

"അങ്ങിനെയാവട്ടെ."

രണ്ടുപേരും മനംതെളിഞ്ഞ് ആലിംഗനംചെയ്ത് അത്യന്തം സന്തോഷിച്ചു.

അപ്പോഴതാ, ആ രംഗത്തിലേക്കു വടിയൂന്നി വിറച്ചു വിയർത്തൊലിച്ച് ഉത്തരീയമിഴിഞ്ഞു കർണ്ണനെ വിളിച്ചുംകൊണ്ട് അധിരഥൻ വരുന്നു. അയാളെ കണ്ടപ്പോൾ കർണ്ണൻ വില്ലുവച്ചു ചെന്ന് അഭിഷേകാർദ്രമായ ശിരസ്സുകൊണ്ടു നമസ്കരിച്ചു. അധിരഥൻ വസ്ത്രമിഴിഞ്ഞ് കുനിഞ്ഞു "മകനേ എന്നു വിളിച്ച് ആശ്ലേഷിച്ചു മൂർധാവിൽ മുകർന്ന് അതിൽ കണ്ണീർകൊണ്ടു വീണ്ടും അഭിഷേകം കഴിച്ചു.

ഇങ്ങിനെ കർണ്ണന്റെ ജാതി തെളിഞ്ഞുകണ്ടപ്പോൾ ഭീമസേനൻ ഹസിച്ചു പറഞ്ഞു: "സൂതന്റെ മകനേ, നീ യുദ്ധത്തിൽ കുന്തീപുത്രന്റെ കൈകൊണ്ടു ചാവാനർഹിക്കുന്നില്ല. നിന്റെ കുലത്തി നൊത്ത വണ്ണം ചമ്മട്ടിയേന്തിക്കൊള്ളുക. നീ അംഗരാജ്യം വാഴാൻ അർഹനല്ല. ശ്വാവിന്നോ യജ്ഞ ത്തിലെ പുരോഡാശം?" കർണ്ണൻ ഇതുകേട്ടു ചുണ്ടു വിറച്ചുകൊണ്ടു ആകാശത്തു നില്ക്കുന്ന സൂര്യനെ നോക്കുകമാത്രം ചെയ്തു; ദുര്യോധനനാണ് ചാടിവന്നു ഭീമനോടു മറുത്തുപറഞ്ഞത്: "വൃകോദരാ, പറയരുതാത്തതാണ് നീ പറഞ്ഞത്. ക്ഷത്രിയന്മാർക്കു ബലമാണ് മേന്മ, യുദ്ധമാണ്

വേല. ശൂരന്മാരുടെയും നദികളുടെയും ഉൽപത്തി അറിവാൻ മേലാ. ഉദാഹരണം വളരെ വേണ്ട; നിങ്ങൾ തന്നെ എങ്ങിനെ ജനിച്ചു എന്നു രാജാക്കന്മാർക്കറിയാം. എന്നല്ല, ദിവ്യലക്ഷണങ്ങളായ കവചകുണ്ഡലങ്ങളോടുകൂടി സൂര്യനെപ്പോലെ തിളങ്ങുന്ന ഈ നരിയെ പെറ്റത് ഒരു മാൻപേടയാകുമോ! ഈ മനുഷ്യേശ്വരൻ അംഗരാജ്യമല്ല, പൃഥിവീരാജ്യംതന്നെ അർഹിക്കുന്നു. എന്റെ ഈ ദാനം പൊറുക്കാത്തവനാരോ അവൻ വില്ലുകുലച്ചു വരട്ടെ.

അപ്പോഴേക്കു സദസ്സിൽ വലിയ ആർപ്പും കൂക്കും "ബലേ-ബലേ' വിളികളുമായി, സൂര്യൻ അസ്തമിക്കുകയും ചെയ്തു. ദുര്യോധനൻ കർണ്ണന്റെ കൈയും പിടിച്ചു രംഗംവിട്ടു. പാണ്ഡവന്മാരും ഭീഷ്മദ്രോണകൃപാദികളോടുകൂടി താന്താങ്ങളുടെ ഗൃഹം പൂകി. ആളുകൾ അർജ്ജുനനെപ്പറ്റിയും കർണ്ണനെപ്പറ്റിയും ദുര്യോധനനെപ്പറ്റിയും സംസാരിച്ചുകൊണ്ടുതിരിച്ചു. കുന്തിക്കു ദിവ്യലക്ഷണം ചേർന്ന കർണ്ണനെ കണ്ടറിഞ്ഞിട്ടു ഗൂഢമായ പ്രീതിവളർന്നു. യുധിഷ്ഠിരന്നു, കർണ്ണനൊത്ത വില്ലാളിയില്ലെന്നുറപ്പായി.

**ഭാരതപര്യടനം** — **കുട്ടികൃഷ്ണമാരാർ**

| | | |
|---|---|---|
| സ്വസ്ത്യയനം | - | ഖഡ്ഗം, വാൾ |
| പുരോഡാശം | - | ഹോമദ്രവ്യം |
| ഇഴിയുക | - | താഴുക, ഇറങ്ങുക |

- പാഠഭാഗം വിശകലനം ചെയ്ത് താഴെപ്പറയുന്ന നാടകീയ സന്ദർഭങ്ങളുടെ പ്രത്യേകത കണ്ടെത്തി വിവരിക്കുക.
  - അർജ്ജുനന്റെ ആയോധനാഭ്യാസം
  - കർണ്ണനെ അംഗരാജാവായി അഭിഷേകം ചെയ്യുന്നത്
- "വിജയിച്ചവരുടേത് മാത്രമല്ല, പരാജയപ്പെട്ടവരുടേത് കൂടിയാണ് ഈ ലോകം." കർണ്ണൻ എന്ന കഥാപാത്രത്തെ മുൻനിർത്തി ഈ പ്രസ്താവനയെ വിമർശനാത്മകമായി വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.
- അർഹതയും കഴിവും ഉള്ളവരെ തഴയുന്നതിനുള്ള ഉപാധിയായി കുലമഹിമയെയും പാരമ്പര്യത്തെയും എക്കാലത്തും ഉപയോഗിച്ചിട്ടുണ്ട്. കർണ്ണന്റെ അരങ്ങേറ്റം എന്ന ലേഖനത്തിലൂടെ മാരാർ ഈ വിഷയത്തെ എങ്ങനെയാണ് അവതരിപ്പിച്ചിട്ടുള്ളത്? സമകാലസമൂഹത്തിലും ഇത്തരം അവസ്ഥകൾ നിലനിൽക്കുന്നുണ്ടോ? വിമർശനാത്മകമായി ചർച്ചചെയ്യുക.
- തളർന്നുപോകുന്നിടത്തേക്ക് നീണ്ടുവരുന്ന കൈകൾ നൽകുന്ന ആശ്വാസം വളരെ വലുതാണ്. ഓരോ വിഷമഘട്ടത്തിലും കൈപിടിച്ചുയർത്തിയവൻ എന്ന നിലയ്ക്ക് ദുര്യോധനൻ എന്ന സുഹൃത്തിനെ കർണ്ണൻ എങ്ങനെയെല്ലാമാണ് വിലമതിക്കുന്നത്? ഭാവാത്മകമായ വിവരണം തയ്യാറാക്കുക.
- മാതൃത്വത്തിന്റെ വിഹ്വലതകൾ ഒരു സ്ത്രീയെ നിശബ്ദയാക്കാറുണ്ട് എന്നതിന്റെ ദൃഷ്ടാന്തമായി കുന്തി എന്ന കഥാപാത്രം മാറുന്നുണ്ടോ ? പാഠഭാഗത്തെ അടിസ്ഥാനമാക്കി കഥാപാത്രനിരൂപണം തയ്യാറാക്കുക.

# നവഭാഷാവ്യവഹാരങ്ങൾ



നിത്യജീവിതത്തിലെ മാറ്റങ്ങൾക്കനുസരിച്ച് പുതുമ കൈവരിക്കുന്ന ഒന്നാണ് നമ്മുടെ വ്യവഹാര ഭാഷ. സാങ്കേതികവിദ്യയുടെ കടന്നുവരവ് അനുദിനം നമ്മുടെ ഭാഷയിലും ചലനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. വിവരവിനിമയ സാങ്കേതികവിദ്യയുമായി വ്യവഹാരഭാഷ സ്വരചേർച്ചയിൽ ഏർപ്പെടുന്നതിന്റെ ഭാഗമായി പുതിയ ഭാഷാശാസ്ത്രം രൂപം പ്രാപിച്ചിട്ടുണ്ട്. ഭാഷയെയും കമ്പ്യൂട്ടറിനെയും ബന്ധിപ്പിച്ചുള്ള പഠനത്തിന് കമ്പ്യൂട്ടേഷണൽ ഭാഷാശാസ്ത്രമെന്നും ഇന്റർനെറ്റ് ലിംഗ്വിസ്റ്റിക്സെന്നും രണ്ടു പ്രധാന ധാരകളുണ്ട്. കമ്പ്യൂട്ടർ പ്രയോഗങ്ങൾക്കായി ഭാഷയെയും ഭാഷയ്ക്കനുകൂലമായി കമ്പ്യൂട്ടറിനെയും പാകപ്പെടുത്തിക്കൊടുക്കുന്നതിലാണ് കമ്പ്യൂട്ടേഷണൽ ഭാഷാശാസ്ത്രത്തിന്റെ ശ്രദ്ധയെങ്കിൽ പുത്തൻ സാങ്കേതികവിദ്യ ഭാഷയുടെമേൽ ചെലുത്തുന്ന സ്വാധീനതയിലാണ് ഇന്റർനെറ്റ് ലിംഗ്വിസ്റ്റിക്സിന്റെ ഊന്നൽ. ഇന്റർനെറ്റിന്റെ വരവിനെ മനുഷ്യകുലം ഇന്നോളം കൈവരിച്ച വൻനേട്ടങ്ങളുമായാണ് പലരും താരതമ്യം ചെയ്യുന്നത്. ചക്രം കണ്ടുപിടിച്ചതുപോലെയും തീയെ ഇണക്കിയതുപോലെയും വൈദ്യുതി കണ്ടുപിടിച്ചതുപോലെയും വിപ്ലവാത്മകമായ ഒന്ന്. കമ്പ്യൂട്ടർ പ്രയോഗങ്ങൾക്കായി ഭാഷയെയും ഭാഷയ്ക്കനുകൂലമായി കമ്പ്യൂട്ടറിനെയും പാകപ്പെടുത്തിക്കൊടുക്കുന്നതിലാണ് കമ്പ്യൂട്ടേഷണൽ ഭാഷാശാസ്ത്രത്തിന്റെ ശ്രദ്ധയെങ്കിൽ പുത്തൻ സാങ്കേതികവിദ്യ ഭാഷയുടെമേൽ ചെലുത്തുന്ന സ്വാധീനതയിലാണ് ഇന്റർനെറ്റ് ലിംഗ്വിസ്റ്റിക്സിന്റെ ഊന്നൽ.

### ഇ-ഡിസ്കോഴ്സ്

ആശയവിനിമയത്തിന്റെ മുഖ്യമാധ്യമമായി ഇന്റർനെറ്റ് വളർന്നതോടെയാണ് ഈ സാങ്കേതികവിദ്യ ഭാഷയെ ആഴത്തിൽ സ്വാധീനിക്കുന്നുവല്ലോ എന്ന ചിന്ത ഉടലെടുത്തത്. കമ്പ്യൂട്ടർ/ ഇന്റർനെറ്റ് മീഡിയേറ്റഡ് കമ്മ്യൂണിക്കേഷന്റെ വ്യാപനം ഇലക്ട്രോണിക് ഡിസ്കോഴ്സ് എന്നൊരു

പുതിയ ഭാഷാരീതി നിലവിൽവരാൻ കാരണമായി. ഇ-വ്യവഹാരത്തിലൂടെ നവമാധ്യമങ്ങൾ ഇതര ഭാഷാവ്യവഹാരങ്ങളെയാകെ ആഴത്തിൽ സ്വാധീനിക്കുകയും നിർണ്ണയിക്കുകയും ചെയ്യുന്നു എന്ന നിലയിലായി കാര്യങ്ങൾ. ഈ പശ്ചാത്തലത്തിലാണ് ഇന്റർനെറ്റ് ഭാഷാശാസ്ത്രം പ്രസക്തിനേടുന്നത്. ഡിജിറ്റൽ സാങ്കേതികത്തിൽ അധിഷ്ഠിതമായ ആശയവിനിമയ സങ്കേതങ്ങൾ പ്രബലമാകുന്നതോടെ ഭാഷ ഏറെ മാറിപ്പോയെന്നും പഴയ ഭാഷാസങ്കല്പങ്ങൾ പലതും തിരുത്തേണ്ടതുണ്ടെന്നും ഈ മേഖലയിൽ ശ്രദ്ധിക്കുന്ന ഭാഷാവിദഗ്ധർ കരുതുന്നു. വ്യവഹാരത്തിന്റെ തരഭേദമനുസരിച്ചുള്ള ഈ പുതുശൈലികളെ ഇന്റർനെറ്റ് ലിങ്ക്, നെറ്റ്സ്പീക്ക്, നെറ്റ്സ്ലാങ്, സൈബർസ്പീക്ക്, ചാറ്റ്സ്പീക്ക് എന്നൊക്കെയാണ് വിളിക്കാറ്. ആധുനികാനന്തര വ്യവഹാരങ്ങളുടെ തള്ളിച്ചയിൽ വരമൊഴിയിൽ കടന്നുവന്ന സങ്കീർണ്ണമായ വാക്യഘടനയെ പുതിയ മാധ്യമം തകർത്തുകളഞ്ഞുവെന്നതാണ് ആദ്യം ശ്രദ്ധയിൽപ്പെടുന്ന ഒരു സവിശേഷത. വാമൊഴിയുടെ അനായാസതയിലേക്ക് ഇ-വ്യവഹാരം മാറിയിരിക്കുന്നു. എന്നാ, എന്നാപ്പിന്നെ, അതുപിന്നെ, ആയ്ക്കോട്ട്, അന്നേരം, അല്ലപ്പാ തുടങ്ങിയ വ്യവഹാരചിഹ്നങ്ങൾ - ഡിസ്കോഴ്സ് മാർക്കേഴ്സ് - പറയുന്നമട്ടിൽ ചുരുക്കെഴുത്തായി ധാരാളമായി കടന്നുവരുന്നത് ഇതിന്റെ സൂചനയാണ്. വാമൊഴിയുടെ അനായാസതയ്ക്ക് സങ്കീർണ്ണഘടന ഇണങ്ങില്ലല്ലോ. കച്ചോടം, ഉസ്കൂള്, പൊത്തകം, ചങ്ങായി തുടങ്ങി നേരത്തേ സാഹിത്യേതരവരമൊഴിക്ക് അന്യമായിരുന്ന നാട്ടുപ്രയോഗങ്ങൾ ലേഖനങ്ങളിലും റിവ്യൂകളിലും മറ്റും കടന്നുവരുന്നു. വാമൊഴിയുടെ ലാഘവംതന്നെയാണ് ഇതും സൂചിപ്പിക്കുന്നത്. വാട്സാപ്പിലും മറ്റുമുള്ള വ്യക്തിഗതചാറ്റുകളിൽ ബഹുഭൂരിപക്ഷവും വാമൊഴിയുടെ എഴുത്തുരൂപത്തെയാണ് സ്വീകരിക്കുന്നത് എന്നതിനാൽത്തന്നെ വാമൊഴിയെ മലയാളത്തിന്റെ സ്വനിമഘടനയിലേക്ക് ഉൾച്ചേർക്കുന്ന സവിശേഷ പദാവലിതന്നെ രൂപപ്പെടുന്നുണ്ട്. അതിഖരഘോഷങ്ങളെ ഖരം കൊണ്ടും മൃദുകൊണ്ടും സൂചിപ്പിക്കുന്ന പതിവ് ഒരുദാഹരണം. വിജാരിക്കുക, നിർബന്തം, പ്രസിദ്ദി, അച്ഛൻ, പടിക്ക് (പഠിക്ക്), ഓഡ്റാ തുടങ്ങിയവ ഉദാഹരണം. അന്യഭാഷാപദങ്ങൾ ഇ-വ്യവഹാരത്തിൽ നിർബാധം പ്രത്യക്ഷപ്പെടുന്നു. മാധ്യമപരമാണ് പുതിയ ശൈലികൾ എന്നതാണ് ഇ-വ്യവഹാരങ്ങളുടെ മറ്റൊരു സവിശേഷത. ആദ്യമാദ്യം സന്ദർഭസൂചനയോടെയും പിന്നീട് സന്ദർഭമുക്തമായും അഭിധേതരമായ അർഥം സൂചിപ്പിക്കുന്നവയാണല്ലോ ശൈലികൾ. ചെണ്ടകൊട്ടിക്കുക, തറപറ്റിക്കുക, അടിയറവ് പറയിക്കുക തുടങ്ങി ഏത് ശൈലിക്കും പിറകിൽ ഒരു സന്ദർഭംകാണും. സന്ദർഭമുക്തമായും നിലനില്പു കൈവരുമ്പോഴാണ് അവ ഭാഷയിൽ ശൈലിയായി ഉറയ്ക്കുന്നത്.

## പ്രയോഗവൈവിധ്യം

പ്ലിങ്, തേപ്പ്, കട്ട, ബ്രോ, സഹോ, പോമോ, പൊക, ട്രോമ, എയറിലാവുക തുടങ്ങിയ പദാവലികൾ എല്ലാക്കാലത്തും ഭാഷയിൽ പലമട്ടിൽ പ്രത്യക്ഷപ്പെട്ടിരുന്നുവെങ്കിലും വാമൊഴിയിലല്ലാതെ ഔപചാരിക വരമൊഴിയിൽ അവയ്ക്ക് പ്രവേശനം ലഭിച്ചിരുന്നില്ല. ഇ-വ്യവഹാരങ്ങൾ ഔപചാരികതയുടെ കെട്ടുപാടുകൾ ഒഴിവാക്കുന്നതിനാൽ പുതിയ പദാവലികൾക്ക് എളുപ്പം സ്വീകാര്യത ലഭിക്കുന്നു. പുതിയ ആശയവിനിമയം ബഹുമാധ്യപരമാണെന്നതിനാൽ ചിത്രമായും ഓഡിയോ ആയും വീഡിയോ ആയും ഇത്തരം പദാവലികൾക്ക് നിലനിൽപ്പുണ്ട്. തേപ്പ് എന്ന വാക്ക് സവിശേഷ പരാമർശമർഹിക്കുന്നു. ഒരു പെൺകുട്ടി കാമുകനെ വഞ്ചിച്ച് സ്ഥലംവിടുന്നതിനെക്കുറിക്കുന്ന പുരുഷപക്ഷ പ്രയോഗമാണല്ലോ ഇത്. ആണിന്റെ വഞ്ചനയ്ക്ക് ഇതത്രത്തോളം ഉപയോഗിച്ചുകണ്ടിട്ടില്ല. മനസ്സിലുള്ള ഇഷ്ടം ഒരു സ്ലേറ്റിലെന്നപോലെ

എളുപ്പം തേച്ചുമായ്ച്ചുകളഞ്ഞുവെന്നാവാം അർഥം. ഈ വാക്കിന്റെ പ്രസിദ്ധാർഥങ്ങളെ ക്കുറിക്കുന്ന ഏത് സൂചകവും ഈ അർഥത്തെയും ജനിപ്പിക്കുമെന്നതാണ് കൗതുകകരം. ഇസ്തിരിപ്പെട്ടിയുടെ പടമോ പല്ലുതേക്കുന്ന ബ്രഷിന്റെ പടമോ ചുമര് തേക്കുന്ന തേപ്പു കത്തിയുടെ പടമോ, എന്തിന് വാർപ്പ് എന്ന വാക്കുപോലുമോ ഈ അർഥം ജനിപ്പിക്കു മെന്നത് ആർഥികമായ സ്വേച്ഛാപരതയുടെ പഴയ സങ്കല്പങ്ങളെ അട്ടിമറിക്കുന്ന ഒന്നാണ്. ഭാഷയിലെ പദരൂപവൽക്കരണത്തിന്റെ വേഗമാണ് ശ്രദ്ധേയമായ ഒന്ന്. ട്രോളുക, ട്രോളും, ട്രോളി, ട്രോളണ്ടേ തുടങ്ങി പുതുമാധ്യമങ്ങളുമായി ബന്ധപ്പെട്ട ഏത് ഇംഗ്ലീഷ് പദവും മലയാളത്തിന്റെ പ്രത്യയങ്ങളോടെ ഉപയോഗിക്കുന്ന രീതി വ്യാപകമായി. കിടിലൻ എന്ന തദ്ധിതത്തെ കിടുവെന്നു ചുരുക്കുകയും കിടുവേ എന്ന് സംബോധനാരൂപമായി ഉപയോഗിക്കുകയും തുടർന്ന് ആ പദം നടപ്പാവുകയും 'പടം കിടുവേ ആയിട്ടുണ്ട്' എന്നു പയോഗിക്കുകയും ചെയ്യുന്നു. ഇംഗ്ലീഷിലെ kudos എന്ന പദവുമായുള്ള സ്വനസാമ്യവും ഈ സ്വീകാര്യതയ്ക്കു പിന്നിലുണ്ട്. ചങ്ക്, ചങ്കിനിയാവുന്നതും ഫെമിനിസ്റ്റ് ഫെമിനിച്ചിയും ഫെമിനേച്ചിയും ആവുന്നതും മറ്റുദാഹരണങ്ങൾ. മാസ്മരികം awsome എന്നീവാക്കുകൾ ചേർത്ത് മാസ്മരികോസമാവുന്നത് മറ്റൊരിനം. സന്ദർഭനിഷ്ഠപ്രയോഗങ്ങൾ ആദ്യം ദൃശ്യ ങ്ങളുടെ സഹായത്തോടെയും പിന്നീട് തനിച്ചും കാലികമായെങ്കിലും ഭാഷയിൽ നടപ്പാവു കയും അവ ശൈലീത്വം നേടുകയും ചെയ്യുന്നുവെന്നത് ട്രോളാനന്തര, റീലാനന്തര മലയാളത്തിന്റെ ഒരു സവിശേഷതയാണ്. ചലച്ചിത്രങ്ങളിലൂടെയും റീലുകളിലൂടെയു മൊക്കെ സ്ഥിരപ്രതിഷ്ഠനേടിയ പ്രയോഗങ്ങൾ ഇത്രയധികമായി വ്യവഹാരത്തിലെത്തിയ സന്ദർഭം മുമ്പുണ്ടായിട്ടില്ല. 'പോ മോനേ ദിനേശാ' തുടങ്ങി അപൂർവം ശൈലികൾ മാത്രമാണ് നേരത്തേ ഭാഷയിൽ നടപ്പായിരുന്നതെങ്കിൽ ഇന്ന് സ്ഥിതിമാറി. സന്ദർഭ ത്തിന്റെ ഔചിത്യം, ദൃശ്യസവിശേഷതകൾ എന്നിവകൂടി ഇന്ന് ശൈലിയുടെ സഹായത്തി നെത്തുന്നു.

### ടെക്സ്റ്റിങ്ങും ഇമോജിയും

ഇമോജിയെന്ന ഭാവചിത്രങ്ങൾ ഇ-വ്യവഹാരത്തിൽ അവശ്യഘടകമായതാണ് മറ്റൊരു പരിഗണനാമേഖല. പഴയ ചിത്രലിപിയോടടുത്തു നിൽക്കുന്ന, ആശയവുമായി നേർബന്ധം ആരോപിക്കാവുന്ന ഭാവചിത്രങ്ങൾ ടെക്സ്റ്റിങ്ങിൽ കാര്യമായ ഇടപെടൽ നടത്തുന്നുണ്ട് ഇന്ന്. ഇമോജിയില്ലാത്ത ചാറ്റിങ് വിരസവും അനാവശ്യഗൗരവം തോന്നിക്കുന്നതു മാണെന്ന് കാണാം. ഇമോജികളുടെ വ്യാപകത്വം എഴുത്തിനെ ഘടനാപരമായിത്തന്നെ സ്വാധീനിക്കുന്നുണ്ട്. ഭാവപ്രകടനത്തിന് ഇമോജിയുടെ സഹായമുള്ളതിനാൽ വാക്യഘടനാ പരമായ ലാഘവം എഴുത്തിന് ലഭിക്കുകയും ചെയ്യുന്നു.

ലഘുവായ ടെക്സ്റ്റിങ്ങിൽ പൊതുവിലും ഇമോജികൾ ചേരുന്ന വാക്യങ്ങളിൽ വിശേഷിച്ചും ഘടനാപരമായ പൂർണ്ണത ആവശ്യമില്ല. വാക്യത്തിനുണ്ടായിരിക്കേണ്ട ഗുണങ്ങളായി പറഞ്ഞുവരുന്ന ആകാംക്ഷ (വാക്യഘടന), യോഗ്യത - വാക്കുകൾക്ക് പരസ്പര ബന്ധം, സന്നിധി - കാലവിളംബം കൂടാതെ പറയുക തുടങ്ങിയവ പഴയമട്ടിൽ ടെക്സ്റ്റിങ്ങിൽനിന്ന് പ്രതീക്ഷിക്കുന്നതിൽ അർഥമില്ല. സവിശേഷവാക്യഘടനയാണ്

ടെക്സ്റ്റിങ്ങിന്റേത് എന്നതാണ് ഇതിന്റെ മുഖ്യകാരണം. ഒരർഥത്തിൽ എഴുതലല്ല, പറയലാണ് ടെക്സ്റ്റിങ്. എഴുത്തുഭാഷയുടെ വ്യാകരണനിയമങ്ങളല്ലല്ലോ പറച്ചിലിന്റേത്. എഴുത്തിലും പ്രസാധനത്തിലും നടപ്പായ ജനാധിപത്യമാണ് ഇ-വ്യവഹാരം. പ്രയോഗ ലാഘവമെന്ന വ്യാകരണനിയമംമാത്രമാണ് അവിടെ നിയാമകം. ഭാഷയുടെ ചടുല മായ മാറ്റത്തിനാണ് ഇന്ന് നാം സാക്ഷിയാവുന്നത്. ഇന്റർനെറ്റ് ഭാഷാശാസ്ത്രവുമായി ബന്ധപ്പെട്ട് മലയാളത്തിൽ ഗൗരവപ്പെട്ട ഗവേഷണവും ആലോചനകളും നടക്കേണ്ടതുണ്ട് എന്നുമാത്രം.

**ഭാഷയുടെ ജനാധിപത്യം** **ഡോ. ആർ. വി. എം. ദിവാകരൻ**

- നിർമ്മിത ബുദ്ധിയുടെ പ്രാധാന്യം വർധിച്ചുവരുന്ന ഇന്നത്തെ സമൂഹത്തിൽ ഇന്റർ നെറ്റ് ഭാഷാശാസ്ത്രം എന്ന ശാഖയുടെ അനന്തസാധ്യതകളെ പറ്റി ചർച്ചചെയ്യുക.
- വാമൊഴിയുടെ എഴുത്തുരൂപങ്ങൾ നവമാധ്യമങ്ങളിൽ വ്യാപകമായി ഉപയോഗിച്ചു വരികയും അത് പിൽക്കാലത്ത് ശൈലിയായി മാറുകയും ചെയ്യുന്നത് ഭാഷയുടെ മാനകരൂപത്തെ പരിഷ്കരിക്കാൻ കാരണമാകുന്നുണ്ടോ? ചർച്ചചെയ്ത് സംവാദത്തി നായുള്ള കുറിപ്പ് തയ്യാറാക്കുക.
- ഇമോജി എന്ന ഭാവചിത്രങ്ങൾ മലയാളവാക്യഘടനയെ സ്വാധീനിക്കുന്നുണ്ടോ? വിശദമാക്കുക.
- സാമൂഹികമാധ്യമങ്ങളിലൂടെ പ്രചാരം നേടിയ ശൈലികൾ, ചൊല്ലുകൾ, സവിശേ ഷാർഥമുള്ള വാക്കുകൾ എന്നിവയെക്കുറിച്ച് ഗവേഷണം നടത്തുന്നതിന് ആവശ്യ മായ പ്രബന്ധസ്വരൂപം തയ്യാറാക്കുക.

# 4

# മുന്നോട്ട്



നവംബർ 3 1136 തുലാം 18, വ്യാഴാഴ്ച

പുറത്തിറങ്ങാറില്ല, കാരണം രണ്ട്.

ഒന്ന്, കണ്ണിന് നല്ല സുഖം ഇല്ല.

രണ്ട്, വസ്ത്രധാരണവും വളരെ പരിമിതമാക്കേണ്ടുന്ന ഘട്ടമാണ്.

വലിയതും ചെറിയതുമായ ഒരു മുണ്ട്. ഞാൻ പുറത്തു പോകുമ്പോൾ അത് എടുക്കും. വന്നാൽ ഭാര്യ ഉടുക്കും. പുറത്തുപോയ അവസരത്തിൽ ഭാര്യ കുളിച്ചാൽ ഈറനുമായി എന്റെ പ്രത്യാഗമനംവരെ ഉള്ളിൽ ഇരിക്കും.

വിഷ്ണുഭാരതീയൻ-ഡയറിക്കുറിപ്പ്

ദേശമേ ദേശമേ
25 അസാധാരണ ജീവിതങ്ങൾ
(താഹ മാടായി)

ജീവിതം പ്രതിഫലിപ്പിക്കുന്ന കാലത്തിന്റെ അടയാളം എന്ന നിലയിൽ ഡയറിക്കുറിപ്പുകൾ വർത്തമാനകാലത്ത് പ്രസക്തമാകുന്നുണ്ടോ? അഭിപ്രായങ്ങൾ അവതരിപ്പിക്കുക.

# നമ്മുടെ മറുപടി



ഭാരതമാണെന്റെ ജന്മഭൂവാ;-ശ്ശമ-
ധീരരൃഷിശ്രേഷ്ഠരെൻ പ്രപിതാമഹർ!
ബോധാർക്കരശ്മ്യങ്കുരങ്ങളുപനിഷൽ-
ഗീതകളെന്നെന്നുമെൻ കുലവിദ്യകൾ;
വിശ്വത്രയത്തിൽ മേ പ്രാപ്യമായുള്ളതോ,
നശ്വരമല്ലാത്ത പൂർണ്ണമുക്തിപദം.

എത്തേണ്ടതാമിടത്തെത്തിയാലും ശരി,
മധ്യേ മരണം വിഴുങ്ങിയാലും ശരി,
മുന്നോട്ടുതന്നെ നടക്കും വഴിയിലെ
മുള്ളുകളൊക്കെച്ചവിട്ടിമെതിച്ചു ഞാൻ
പിന്നാലെ വന്നിടും പിഞ്ചുപദങ്ങൾക്കു
വിന്യാസവേളയിൽ വേദന തോന്നൊലാ.
അല്ലുടൻ വന്നു മറച്ചാൽ മറയ്ക്കട്ടെ,
മുല്ലതൻ പൂക്കൾ വിരികതാൻ ചെയ്തിടും;
അന്തരീക്ഷത്തിലണയ്ക്കയും ചെയ്തിടു-
മന്തിക്കുളിർകാറ്റവറ്റിൻ പരിമളം.

എൻകാൽകളിലനാചാരകാളായസ-
ശൃംഖലക്കെട്ടൊന്നു കെട്ടിയിട്ടുള്ളതോ,
നേരേ വലിഞ്ഞുമുറിഞ്ഞുപൊയ്ക്കൊള്ളു,മി -
ങ്ങാറേഴടി നീട്ടിനീട്ടിവെച്ചാൽ മതി.

ജാതിമതാദിവഴക്കൊരു നാടിനെ
സ്വാതന്ത്ര്യസിദ്ധിക്കനർഹമാക്കീടുമോ?
സോദരർ തമ്മിലെപ്പോരൊരു പോരല്ല,
സൗഹൃദത്തിന്റെ കലങ്ങിമറിയലാം.
തങ്ങളിൽത്തല്ലിയിരമ്പുന്നു, വാസ്തവം-
തന്നേ, കടലിൽ പലതരമൂർമ്മികൾ;
എന്നാലതേപൊഴുതന്യോന്യമക്കൂട്ടർ
വെൺനുരച്ചാർത്താൽച്ചിരിപ്പതും കാണ്മു നാം.

**സാഹിത്യമഞ്ജരി (ഏഴാംഭാഗം)** **വള്ളത്തോൾ നാരായണമേനോൻ**

- നവോത്ഥാനം നമുക്ക് നൽകിയത് ഛിദ്രശക്തികൾക്ക് വഴങ്ങാത്ത ഒരു സാമൂഹിക പശ്ചാത്തലമാണെന്ന ആശയം പങ്കുവയ്ക്കാൻ നമ്മുടെ മറുപടി എന്ന കവിതയ്ക്ക് എത്രത്തോളം കഴിയുന്നുണ്ട്? വിശകലനം ചെയ്ത് കണ്ടെത്തലുകൾ അവതരിപ്പിക്കുക.
- 'മുന്നോട്ടുതന്നെ നടക്കും വഴിയിലെ
  മുള്ളുകളൊക്കെ ചവിട്ടി മെതിച്ചു ഞാൻ'

  - ഏതുദുർഘടമായ സാഹചര്യത്തെയും അതിജീവിച്ചുമുന്നേറാനുള്ള കരുത്ത് നമുക്കുണ്ടെന്ന ആശയമാണല്ലോ ഈ വരികളിലുള്ളത്. സമകാലിക സാഹചര്യങ്ങൾ മുൻനിർത്തി സ്വന്തം കാഴ്ചപ്പാട് അവതരിപ്പിക്കുക.
- 'നമ്മുടെ മറുപടി എന്ന കവിതയിലെ കാവ്യഭാഷ അതിന്റെ പ്രമേയത്തെ നന്നായി വെളിവാക്കുന്നുണ്ട്. വള്ളത്തോൾ കവിതകളുടെ പ്രത്യകതയും ഇതുതന്നെ.' ഈ പ്രസ്താവനയെ മുൻനിർത്തി ഉപന്യാസം തയ്യാറാക്കുക.
- അനാചാരങ്ങളെ മറികടന്ന് പുതുലോകത്തിലേക്ക് പ്രവേശിക്കാൻ എന്തൊക്കെ പ്രവർത്തനങ്ങളാണ് അക്കാലത്ത് കേരളീയർ നടത്തിയത്? കേരളത്തിലെ സ്വാതന്ത്ര്യസമരപ്രവർത്തനങ്ങളിലെ സംഭവങ്ങളുമായി ബന്ധപ്പെടുത്തി 'നമ്മുടെ മറുപടി' എന്ന കവിതയെ വിലയിരുത്തി കുറിപ്പുതയ്യാറാക്കുക.



# കോടമഞ്ഞ്

ഇപ്പകലിന്റെ
അവസാനനിമിഷവും
തീർന്നിരിക്കുന്നു.
പച്ചിലക്കുടുക്കയുടെ
ഒച്ചയിൽ
പൊതിഞ്ഞുവെക്കപ്പെട്ട
സന്ധ്യകളിലെല്ലാം
ആകാശത്തെ
ചാരിവെച്ചതുപോലെ
തോന്നും.
സൂര്യനൊന്നു നിവർന്നുനിൽക്കും.
ഇവിടത്തെ
മലകൾക്ക് വലിയ
ചിറക് മുളച്ചതുപോലെ
മഴമേഘം വന്നുചേരും.
കുറച്ചു കഴിയുമ്പോൾ
ഇവിടത്തെ
മലകളും കുന്നുകളും
കോടമഞ്ഞിൽ
കാണാതെപോകും.
ഏറ്റവും തണുപ്പുള്ള ഇവിടങ്ങ
ളിലെ രാത്രികളിൽ
പലപ്പോഴും ഞാൻ
പരാജയപ്പെടും.
ചെതുമ്പലുകൾ
മീനിനെ പൊതിഞ്ഞു
പിടിച്ചതുപോലെ
പക്ഷികളെ
അത്രമാത്രം ആഴത്തിൽ ചേർ
ത്തുപിടിക്കാൻ
ചിറകുകൾക്കല്ലാതെ
മറ്റൊന്നിനും
കഴിയില്ലെന്നപോലെ
നിഴലെന്നെയും
പൊതിഞ്ഞുപിടിക്കും.

**അശോകൻ മറയൂർ**

- കവിത വായിച്ചാസ്വദിച്ചുവല്ലോ. ഈ കവിതയെ ആകർഷകമാക്കുന്ന സവിശേഷ പ്രയോഗങ്ങളെന്തെല്ലാമെന്ന് കണ്ടെത്തി അവ കവിതയ്ക്ക് നൽകുന്ന സൗന്ദര്യാത്മക തലം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.
- ഭാഷയെയും സാഹിത്യത്തെയും പ്രതിരോധത്തിനും മുന്നേറ്റത്തിനുമുള്ള ശക്തമായ ഉപാധിയായി സ്വീകരിച്ചിട്ടുണ്ട് എന്നതിന്റെ ദൃഷ്ടാന്തമായി പരിഗണിക്കാവുന്ന കവിത യാണോ കോടമഞ്ഞ്? ചർച്ചചെയ്ത് നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

# കനവിന്റെ ലോകം

കുഞ്ഞുങ്ങളേ. നിങ്ങളിത് കേൾക്കിൻ... നമ്മുടെ കാർണോന്മാര് പറഞ്ഞത് കേൾക്കിൻ. പണ്ട് പണ്ട് നമുക്കും ഒരു കാലമുണ്ടായിരുന്നു. നമ്മളാരുടേം അടിമകളല്ലാതിരുന്ന കാലം. മാവേലിമൻറുവിന്റെ കാലമായിരുന്നു അത്.

കാടുവെട്ടി വിത്തിറക്കാനും കാത്തിരുന്ന് വിളയെടുക്കാനും അറിയാവുന്ന ഒരു ചെറിയ മൻറ മായിരുന്നു അത്. അവർക്ക്, പുഴയിൽനിന്ന് വെള്ളം തിരിച്ച് കൃഷി നനയ്ക്കാനറിയാമായിരുന്നു. കൂട്ടായി പണിചെയ്യും വിളയെടുത്തും ഉള്ളതിൽ പങ്ക് എല്ലാർക്കും പങ്കിട്ടും കഴിഞ്ഞവരായിരുന്നു അവർ. മാവേലിമൻറുവായിരുന്നു മൻറകാർണോര്. അവിടെ അടിയാനും പണിയനുമില്ലായിരുന്നു. കുറിച്യനും കുറുമനുമില്ലായിരുന്നു, നായരും നമ്പ്യാരുമില്ലായിരുന്നു.

എല്ലാരും മനുഷ്യര്, കള്ളവും ചതിയുമില്ലാത്ത സാധാരണ മനുഷ്യര്. അവരങ്ങനെ സ്വൈര്യായി കഴിയുന്ന കാലത്ത് മൂന്ന് കള്ളത്തമ്പുരാക്കളവിടെ ചെന്നു. മനുഷ്യന്റെ കള്ളച്ചിരിയുമായാണ വരവിടെയെത്തിയത്. മാവേലിമൻറു അവരെ ഹൃദയം തുറന്നിരുത്തി. തക്കം കിട്ട്യ നേരത്ത് ആ വന്ന തമ്പുരാക്കള്, ചതികാട്ടി മണ്ണും മൻറോം തകർത്തു. ചതിയറിഞ്ഞ കാർണോര് മണ്ണും മൻറോം ചോദിച്ചു. തമ്പുരാക്കള് മാവേലിമൻറുവിനെ മൂക്കിലിടിച്ച് താഴെയിട്ടു. മൻറമണ്ണില് മാവേലിയുടെ ചോര വീണു.

തുമ്പപ്പൂക്കളും കരച്ചിലുമായി ഓടിവന്ന മാവേലിമൻറുവിന്റെ മകളേം മാവേലിമൻറുവിനേം മൻറമക്കളാരും പിന്നെ കണ്ടില്ല. മൻറമക്കൾ അമ്പരപ്പോടെ നാലുംപാടും പാഞ്ഞു. എങ്ങോ ട്ടൊക്കെ പാഞ്ഞിട്ടെന്താ, കള്ളത്തമ്പുരാക്കളവരെ തടുത്തുകൂട്ടി. നിറങ്ങളുടെ പേരിലടിച്ചുടച്ച് നൂറ്റെട്ട് കുലോം നൂറ്റെട്ട് ജാതീം ഉണ്ടാക്കി. എല്ലാരും കേൾക്കാൻ നാല് ഭാഗത്തേക്ക്വായി അവര് വിളിച്ചു പറഞ്ഞു:

'കേട്ടോളീ നായിന്റെ മക്കളേ, വിരാട് പുരുഷനെന്ന പുരുഷന്റേതാണീ ലോകം! ഞങ്ങളു വിരാട് പുരുഷന്റെ വായിന്നും കയ്യീന്നും വന്നോര്, നിങ്ങള് വിരാട് പുരുഷന്റെ അടീന്ന് വന്നോര്. നിങ്ങള് ഞങ്ങടെ അടിമകള്. അതുകൊണ്ട് അടിമകളേ, ഇനി നമ്മൾ പറയുന്നത് ചെയ്യലാണ് നിങ്ങടെ പണി. ഇതെല്ലാം ഞങ്ങടെ ലോകം. ഈ വയലുകളൊക്കെ വലുതാക്കാൻ, ഈ കുന്നു കളൊക്കെ തോട്ടങ്ങളാക്കാൻ അടിമകളേ, എണീക്കിൻ.' ആ കള്ളന്മാരെന്ത് പറഞ്ഞിട്ടെന്താ ആരും എണീറ്റില്ലാ-ബായ്ബറഞ്ഞില്ലാ.

"കൊത്തിക്കീറിക്കത്തിച്ചാളയു.'

തമ്പുരാക്കള് വാളും കുന്തോം വീശി പേടിപ്പിച്ചു.

ആരും എണീറ്റില്ല-ബായ്ബറഞ്ഞില്ല. വാളും കുന്തോംകൊണ്ടു പറ്റാത്ത പണിക്ക് തമ്പുരാക്കള് മാളിയെ ഇറക്കി. ഒരു കയ്യില് ചോരയിറ്റുന്ന വാളുപിടിച്ച ദൈവത്തെ. മാളിയുടെ ചോരയിറ്റുന്ന നാവ്, മാളിയുടെ ചെന്നായ് അണയ്ക്കുമ്പോലെയുള്ള കുറുകല്, കൂമന്റെ കണ്ണുകളെപോലെ വെളിയില് ചാട്യ അതിന്റെ കണ്ണുകള്, മാനിന്റെ പിറകേ കടുവ പായുമ്പോലെയുള്ള അതിന്റെ പാച്ചില്, പേയ്ക്കളുടെ കരച്ചിലുപോലെ കില്ങ്ങുന്ന അതിന്റെ ചിലമ്പ്!

“അയ്യോ മാമാ...' ഈരശ്ശ് പേടിയായി.

“അപ്പപ്പിന്നെ മാവേലിമൻറമക്കടെ കാര്യമ്പറയണോ.' ജെവരപ്പെരുമൻ കളിയാക്കി. മാളിയെ കണ്ട് മൻറമക്കള് പേടിച്ചെണീറ്റ് തമ്പുരാക്കളുടെ അടിമകളായി. തമ്പുരാക്കളെന്തു പറഞ്ഞാലും അനുസരിക്കന്ന അടിമകളായി, പണിയരായി, അടിയോരായി, ഓരോരോ വയലുകളിലേക്കും മലകളിലേക്കും തമ്പുരാക്കൾക്കായി മാറി മാറിപ്പോയി...”

'ജെവരപ്പെരുമാ!'

'ഓ...'

'എന്താ നിർത്തീത്?'

'നിങ്ങക്കുറക്ക് വന്ന് തുടങ്ങീലേ? നേരം വെളുക്കും മുമ്പേ തമ്പുരാമ്പാടം വലുതാക്കാനിറങ്ങണ്ടേ?'

'സാര്വില്ല-പറയ്. പെലപ്പാട്ട് പൊളിച്ച് മേലോരച്ചന്റേം കീയോര്ത്തീടേം കഥ കൂടി പറയ്. മൂടൽ രാജ്യത്തിലെ കരിപ്പൂര് കോട്ടേന്ന് ഒളിച്ചോട്യ ആ കാർണോന്മാരുടെ കഥകൂടിപ്പറഞ്ഞ് ഞങ്ങടെ ഒറക്ക് കെടത്ത്.

'എന്നാ കേട്ടോളിൻ മക്കളേ, ഈ കള്ളത്തമ്പുരാക്കന്മാരുടെ കോട്ടകളീന്ന് ഒളിച്ചോടാൻ വിചാരിക്കാത്ത ഏതെങ്കിലും അടിമകളുണ്ടോ?



അങ്ങിനെയുള്ള അടിമകളുടെ മൻറകാർണോന്മാരായിരുന്നു മേലോരച്ചനും കീയോര്ത്തിയും. അവരങ്ങങ് കരിപ്പൂര് കോട്ടേലാരുന്നു. അടിമത്തം അവിടേം ഇവിടേം എല്ലാം ഒരേപോലെത്തന്നെ സഹിക്കാമ്പറ്റാത്തത്. മേലോരച്ചനും കീയോരുത്തിയും കൂടെ കൂട്യാലോചിച്ചു. എങ്ങനേലും ഇവിടന്നു രക്ഷപ്പെടാ, രക്ഷപ്പെട്ട് മാവേലിമൻറത്തിന്റെ വിത്തെവിട്യേലും പാകാം. തക്കം കിട്ട്യപ്പോൾ മേലോരച്ചനും കീയോര്ത്തീം ജീവനുംകൊണ്ടോടി. പുഴത്തീരത്തൂടെതന്നെ ഓടി.

എന്ത് പേട്യാര്ന്നെ! പുറകേ കോട്ടേന്നാര്വേലും വര്വൊന്നുള്ള പേടി, കാട്ടുപോത്തോ കാട്ടാനയോ തട്ടിപ്പൊട്ടിച്ചുകൊന്ന് കളയ്യോന്നുള്ള പേടി, വല്ല കടുവയോ പുലിയോ പിടിച്ചുതിന്നു കളയോന്നുള്ള പേടി, തമ്പുരാക്കളുടെ മാളിദൈവം പിറകേ വരോന്നുള്ള പേടി. എന്നിട്ടും മേലോരച്ചനും കീയോര്ത്തിയും ഓടി. ഇടയ്ക്കിടെ പൊഴേലിറങ്ങി വെള്ളം കുടിക്കും-ഓടും-ഇതു തന്ന്യായി രാത്രിയും പകലും. ഓടി ഓടി മടുക്കുമ്പോൾ എവിട്യേലുമിരിക്കും. പിന്നെ അവിട്ന്നെന്തേലും അനക്കം കേട്ടാ അവിടന്നും ഓടും.

അങ്ങനെ, മേലോരച്ചനും കീയോര്ത്തീം ഓടിയോടി പാക്കത്തെത്തി. അവർക്കെന്ത് പാക്കം! അന്തിയായപ്പോ ഇനി എവിട്യേലും കേറിക്കിടക്കാന്ന് വെച്ച് പൊഴ വിട്ടു കുന്നിലേക്ക് കേറി. മലവെള്ളം ഒലിച്ചുണ്ടായ വഴിയെ അവൻ കുന്നിൻമുകളിലെത്തി. ഒരുവിധം നിരപ്പിലെത്ത്യപ്പോൾ ഇരുട്ടിന്റെ ആ കൊടും കോട്ടയ്ക്കാത്ത് രണ്ടാളുമിരുന്നു. കരിപ്പൂര് കോട്ടേം പേടീം കുറേ കുറഞ്ഞതായി അവർക്ക് തോന്നി. അധികം താമസിയാതെ അങ്ങിങ്ങും ഒള്ള ചൂട് കൊടുത്ത് രണ്ടാളും നല്ല ഒറക്കം പിടിച്ചു.

ഇതാര്ടെ സ്ഥലാന്നാ നിങ്ങള് കരുതന്നേ? നമ്മുടെ മേലോരച്ചനും കീയോര്ത്തീം ചെന്നുപെട്ടതെവിടെയാന്നറിയ്യോ? പാക്കത്തപ്പന്റെ പാക്കത്ത് കോട്ടേല്. പാക്കത്തപ്പൻന്ന് പറഞ്ഞാ പാക്കത്തെ അപ്പൻ.

തിറവാള് വീശി പാക്കത്തപ്പൻ മേലോരച്ചനേം കീയോര്ത്തിയേയും അടിമകളാക്കി. മേലോരച്ചനെ കോലുക്കുമിലയ്ക്കു മാക്കി, കീയോര്ത്തിയെ അടുക്കളയ്ക്കുമാക്കി. മക്കളെ ഒറങ്ങ്യോ?' 'ഇല്ല... ഇല്ല.' 'ഒറങ്ങീല്ലേ കേൾക്കിൻ മക്കളെ, നിങ്ങളാ അങ്ങനെ ഓടിയോടി പാക്കത്ത് കോട്ടേലെത്ത്യേന്ന് വിചാരിച്ചോ, കൈപ്പാടൻ മേലോരച്ചൻ, ഈര കീയോര്ത്തി. നിങ്ങളെന്താ ചെയ്യാ? പേടിച്ച് അവിടെത്തന്നെ കഴിയ്യോ? അതോ തക്കം കിട്ടുമ്പളവിടുന്ന് രക്ഷപ്പെട്യോ?'

'രക്ഷപ്പെടും... രക്ഷപ്പെടും.'

'ങ്ഉം അന്നിട്ടെന്താ രക്ഷപ്പെടാത്തെ? ഇതെന്താ തമ്പുരാൻ ലോകല്ലേ? പറയാനെളുപ്പാ...!

പക്ഷേ മേലോരച്ചനും കീയോര്ത്തീം നമ്മളെപ്പോലെ പാക്കത്ത് കോട്ടേക്കെടന്ന് വട്ടം കറങ്ങീലാ. തക്കം കിട്ട്യപ്പൊ, തരം കിട്ട്യപ്പൊ അവര് പാക്കത്ത് കോട്ട കടന്നു.

കുറു, ചെറിയ കുറു,

കോളികടാവ് വലാവെച്ചു,

ചാലിക്കുണ്ടു കണ്ടു, കാടു കണ്ടു,

ചെറുകുളം കണ്ടു, വല്യകുളം കണ്ടു,

പന്തീരെരെ പഗാമാരു തിലേമുറ്റത്തി,

കണ്ണോണ്ട് മലേഞ്ച്,

കയ്യോണ്ട് തൊട്ട്,

കാലോണ്ട് തേച്ച് മാച്ച് ദുഃഖപ്പെട്ട്,

കാരുമണലില് വെളുമണലില് തളർന്നിരുന്നു.

പേടീം ക്ഷീണോം മാറിയപ്പോൾ, കാരു മണല് കോരി മണൽക്കോട്ടകള് പണിയാന്തുടങ്ങി. ഉതിർന്നു വീഴുന്ന മണൽക്കോട്ടകൾക്കിടയിൽ അവർ മാവേലിമൻറ[5]ത്തിന്റെ വിത്ത് പാകി. അവർക്ക് സന്തോഷായി. 'നമ്മളിതാ തമ്പുരാക്കളില്ലാത്ത ലോകത്തെത്തിയിരിക്കുന്നു.'

"തമ്പുരാക്കന്മാരില്ലാത്ത ലോകെന്താന്നറിയാമ്മേലെ? മാവേലിക്കാലം നിറഞ്ഞ ലോകം. നിന്റെ അമ്മ കെമ്പിയിൽ പൂത്ത ലോകം. ചൊട്ടേം കെമ്പീം കൂട്യപ്പോൾ ചൊട്ട ഊതിയ കുഴൽപ്പാട്ട് നിറഞ്ഞ ലോകം. നമുക്കിതുവരെ കാണാമ്പറ്റാത്ത ലോകം. എന്റേം നിങ്ങടേം ഉള്ളിലിടയ്ക്കിടെ മിന്നി മായ്ന്ന കനവിന്റെ ലോകം."

**മാവേലി മൻറം** — **കെ. ജെ. ബേബി**

| | | |
|---|---|---|
| ബായ്ബറഞ്ഞില്ലാ | - | ഒന്നും പറഞ്ഞില്ല |
| മാളി | - | ദൈവം |
| കോലുക്കുമിലയ്ക്ക് | - | വിറകിനും ഇലയ്ക്കുമാക്കി |
| കുറു | - | കുറുവാദ്വീപ് |
| മൻറം | - | ഗോത്രം |

- "വിരാട്പുരുഷനെന്ന പുരുഷന്റേതാണീ ലോകം! ഞങ്ങള് വിരാട്പുരുഷന്റെ വായീന്നും കയ്യീന്നും വന്നോര്. നിങ്ങള് വിരാട് പുരുഷന്റെ അടീന്ന് വന്നോര്. നിങ്ങള് ഞങ്ങളുടെ അടിമകള്." - ആദിവാസികൾ ഒരു കാലഘട്ടത്തിലനുഭവിച്ച സാമൂഹികാവസ്ഥയുടെ തീക്ഷ്ണമായ അനുഭവങ്ങൾ നോവൽഭാഗത്ത് അവതരിപ്പിക്കുന്നതെങ്ങനെ? പാഠഭാഗം വായിച്ച് വിശകലനം ചെയ്യുക.

- "തമ്പുരാക്കന്മാരില്ലാത്ത ലോകെന്താന്നറിയാമ്മേലെ? മാവേലിക്കാലം നിറഞ്ഞ ലോകം. നിന്റെ അമ്മ കെമ്പിയിൽ പൂത്ത ലോകം. ചൊട്ടേം കെമ്പീം കൂട്യപ്പോൾ ചൊട്ട ഊതിയ കുഴൽപ്പാട്ട് നിറഞ്ഞ ലോകം. നമുക്കിതുവരെ കാണാമ്പറ്റാത്ത ലോകം. എന്റേം നിങ്ങടേം ഉള്ളിലിടയ്ക്കിടെ മിന്നി മായ്ന്ന കനവിന്റെ ലോകം." - മനുഷ്യനിർമ്മിതമായ അടിച്ചമർത്തലുകൾക്കും അധികാരങ്ങൾക്കുമപ്പുറം സമത്വ സുന്ദരമായ നവലോകത്തിന്റെ സ്വപ്നമല്ലേ ഈ വരികൾ പ്രതിഫലിപ്പിക്കുന്നത്? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

- കനവിന്റെ ലോകം എന്ന പാഠഭാഗത്തെ സവിശേഷമാക്കുന്ന ഭാഷാപരമായ പ്രത്യേകതകൾ എന്തെല്ലാമാണെന്ന് ചർച്ചചെയ്യുക.

- മാവേലി മൻറം എന്ന നോവലിന്റെ പ്രമേയത്തിന് സമാനമായ വിഷയങ്ങൾ ചർച്ച ചെയ്യുന്ന സാഹിത്യകൃതികൾ കണ്ടെത്തി വായനക്കുറിപ്പ് തയ്യാറാക്കുക.

- അക്ഷരോച്ചാരണത്തിലെ പിശക് പലപ്പോഴും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടല്ലോ? അക്ഷരങ്ങളുടെ ഉച്ചാരണം കൃത്യതപ്പെടുത്തുന്നതിന് അവയുടെ ഉച്ചാരണസ്ഥാനങ്ങളെക്കുറിച്ചും അറിയേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനമെന്ന നിലയിൽ സംഘമായി തിരിഞ്ഞ് സ്വരങ്ങൾ, വ്യഞ്ജനങ്ങൾ (ഖരം, അതിഖരം, മൃദു, ഘോഷം, അനുനാസിക, ഊഷ്മാക്കൾ, മധ്യമങ്ങൾ) എന്നിവ കണ്ടെത്തി അവയുടെ സ്വരസ്ഥാനങ്ങൾ വിശദീകരിക്കുക.

## ആറണക്കൂലി

കളർകോട് പാടത്തെ പെണ്ണുങ്ങൾ ഒരു ദിവസം പാടത്തിറങ്ങിയില്ല. അഞ്ചണയിൽ നിന്നും കൂലി കൂട്ടണമെന്നും ഉച്ചയ്ക്ക് അല്പം വിശ്രമം അനുവദിക്കണമെന്നുമായിരുന്നു ആവശ്യം. ജന്മിഗുണ്ടകളും പോലീസും സ്ത്രീകളെക്കൊണ്ട് പണിയെടുപ്പിക്കുന്നതിന് പരമാവധി ശ്രമിച്ചുനോക്കി. പക്ഷേ, ആ സമരം പടർന്നുപിടിക്കയാണ് ചെയ്തത്. സ്ത്രീകൾ സംഘമായി മറ്റുള്ള പാടങ്ങളിൽ ചെന്നു പണിയെടുത്തുകൊണ്ടിരുന്നവരെ മുഴുവൻ പണി നിർത്തിച്ച് കരയ്ക്ക് കയറ്റി. രക്ഷയില്ലാതെ പൊലീസുതന്നെ മാധ്യസ്ഥ ത്തിന് മുൻകൈയെടുത്തു. കൂലി ആറണയായി വർധിപ്പിക്കാനും ഉച്ചയ്ക്ക് അരമണിക്കൂർ വിശ്രമസമയം അനുവദിക്കാനും തീർപ്പുണ്ടായി. ആ സമരത്തിന്റെ വിജയം ഞങ്ങൾ ക്കെല്ലാം വലിയ ഒരു ആവേശമായിരുന്നു. ഞങ്ങൾ സ്ത്രീകളുടെ നേതൃത്വത്തിൽത്തന്നെ യായിരുന്നു സമരം നടന്നതെങ്കിലും ഞങ്ങൾക്കാവശ്യമായ എല്ലാ ഉപദേശ നിർദേശ ങ്ങളും തരാൻ കയർത്തൊഴിലാളി യൂണിയൻ നേതാക്കളും മറ്റുമുണ്ടായിരുന്നു.

**ചോരയും കണ്ണീരും നനഞ്ഞ വഴികൾ** — **കെ. ദേവയാനി**

എല്ലാ കാലുകളിലും
കൊടുങ്കാറ്റ് ആവേശിക്കുന്നതുവരെ
എല്ലാ കടലുകളെയും കറുപ്പ് വിഴുങ്ങുന്നതുവരെ
ഞങ്ങൾ ഉറങ്ങുന്നില്ല.

**മുഴുമിപ്പിക്കാത്ത മുപ്പതുകളിൽ** — **എം. ആർ. രേണുകുമാർ**

കവിതാഭാഗം മാവേലി മൻറം, കെ. ദേവയാനിയുടെ ജീവിതാനുഭവം എന്നിവ യുമായി താരതമ്യം ചെയ്ത് കുറിപ്പു തയ്യാറാക്കുക.

# സ്വദേശത്ത് ഒരു മഹാമാരിക്കാലത്ത്

ഇതുവരെ പറഞ്ഞത് ഇന്ത്യയ്ക്കു പുറത്ത് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജീവകാരുണ്യപ്രവർത്തനങ്ങളുമായി സഞ്ചരിച്ചപ്പോഴുണ്ടായ അനുഭവങ്ങളും കണ്ട കാഴ്ചകളുമായിരുന്നു. അപ്പോഴൊക്കെ, സ്വന്തം രാജ്യത്ത് അത്തരമൊരു അവസ്ഥ ഉണ്ടാകരുതേയെന്ന് ആഗ്രഹിച്ചിരുന്നു. ആഭ്യന്തരകലാപങ്ങളും തീവ്രവാദ അതിക്രമങ്ങളും പ്രകൃതിക്ഷോഭങ്ങളും ഇന്ത്യയിലുണ്ടാകുന്നുണ്ടെന്ന കാര്യം വിസ്മരിക്കുന്നില്ല. പക്ഷേ, മറ്റു പല രാജ്യങ്ങളിലേതുപോലെ രാജ്യത്തിന്റെ മുഴുവൻ സാമ്പത്തികവ്യവസ്ഥയും പൊതുജനാരോഗ്യവും മറ്റും അട്ടിമറിക്കപ്പെടുംവിധത്തിലുള്ള സംഭവങ്ങളിൽനിന്ന് ഇന്ത്യ മോചിതയായിരുന്നു.

അപ്രതീക്ഷിതമായി, നൂറ്റാണ്ടിനുശേഷം ലോകത്താകമാനം പടർന്നുപിടിച്ച മഹാമാരി-കോവിഡ് 19 ഇന്ത്യയെയും പിടിച്ചുലച്ചു. പല സംസ്ഥാനങ്ങളിലും മനുഷ്യർ രോഗം ബാധിച്ചു മരിച്ചുവീണപ്പോൾ ഇന്ത്യയ്ക്കുള്ളിൽ കേരളമെന്ന കൊച്ചുസംസ്ഥാനം ആദ്യം പിടിച്ചുനിന്നു. രോഗബാധയുടെ തോതുയരുന്നത് ദീർഘിപ്പിക്കുക എന്ന തന്ത്രം ഫലിച്ചു എന്നുതന്നെ പറയാം. എങ്കിലും ചിലയിടങ്ങളിൽ കാര്യങ്ങൾ കൈവിട്ടുപോകുമോ എന്ന ഭീതിയുണ്ടായിരുന്നു. അങ്ങനെയാണ് കാസർകോട് കോവിഡ് രോഗികളെ ചികിത്സിക്കാനായി മാത്രം പ്രത്യേക സൗകര്യങ്ങളുള്ള ഒരാശുപത്രി സ്ഥാപിക്കാൻ കേരളസർക്കാർ തീരുമാനിച്ചത്.



സർക്കാർ ഏൽപ്പിച്ച ദൗത്യവുമായി 2020 ഏപ്രിൽ അഞ്ചിന് തിരുവനന്തപുരത്തുനിന്ന് ഇരുപത്തിയാറംഗ മെഡിക്കൽസംഘവുമായി പുറപ്പെടുമ്പോൾ മനസ്സ് ഉദ്വേഗഭരിതമായിരുന്നു. ആശുപത്രി എന്നത് ഒരു കെട്ടിടം മാത്രമല്ല മുക്കും മൂലയും വരെ കൃത്യമായി ഡിസൈൻ ചെയ്യേണ്ടുക്കേണ്ട ഒന്നാണത്. പരസ്പരം ബന്ധപ്പെട്ടും അല്ലാതെയുമുള്ള നിരവധി ചികിത്സാവിഭാഗങ്ങൾ, ഒ. പി, ഐസിയു, വിവിധവാർഡുകൾ, നഴ്സിങ്ങിന്റെയും ഹൗസ്കീപ്പിങ്ങിന്റെയും വിഭാഗങ്ങൾ, വൈദ്യുതി ലൈനുകൾ, ജലവിതരണ ശൃംഖലകൾ, ഓക്സിജൻ ലൈനുകൾ, സക്ഷൻ ലൈനുകൾ, ആശയവിനിമയോപാധികൾ തുടങ്ങി ഒരു സാധാരണ കെട്ടിടത്തിന് ആവശ്യമായതിലും വളരെയധികം സംവിധാനങ്ങൾ. ഇവയെല്ലാം രൂപകല്പനയിൽത്തന്നെ വേണ്ടവിധത്തിൽ സംയോജിപ്പിക്കുന്നത് സങ്കീർണ്ണമായ ഒരു പ്രക്രിയയാണ്.

കോവിഡ് പോലുള്ള പകർച്ചവ്യാധികൾ ചികിത്സിക്കാനുള്ള പ്രത്യേക കേന്ദ്രമാകുമ്പോൾ ഈ സങ്കീർണ്ണതകൾ പിന്നെയും കൂടും. രോഗികളെ കിടത്തുന്ന ഇടങ്ങൾക്കൊപ്പം രോഗം പകരാതെ ശ്രദ്ധിക്കാൻ ബഫർസോണും, സർവീസ് ഏരിയയുമൊക്കെ കൃത്യമായി സംവിധാനം ചെയ്യണം. അണുബാധാനിയന്ത്രണം രൂപകല്പനയുടെ ഭാഗമാകണം. രോഗികളെ പരിചരിക്കുന്നവർക്ക് രോഗമുണ്ടാകുക ഇത്തരം സാഹചര്യങ്ങളിൽ സാധാരണമാണെങ്കിലും മെഡിക്കൽ കോളേജ് പോലെയുള്ള സ്ഥാപനത്തിൽനിന്നു പോകുന്നസംഘത്തെ സംബന്ധിച്ച് അതുണ്ടാകാതെ നോക്കുകയാണ് പ്രൊഫഷണലിസം. ചികിത്സമാത്രമല്ല ഞങ്ങൾക്കു മുന്നിലുള്ള കടമ്പ എന്നർഥം.

അന്ന്, കോവിഡിന്റെ കാര്യത്തിൽ കാസർകോട് കേരളത്തിലെ റെഡ്സോണായിരുന്നു. കേരളം മുഴുവനും ഉറ്റുനോക്കുന്ന ജില്ല. രോഗികളുടെ എണ്ണം ദിനംപ്രതിയാണ് വർധിക്കുന്നത്. കാസർകോട് ജില്ലയിൽ സർക്കാർ സംവിധാനങ്ങളും പ്രൈവറ്റ് ആശുപത്രികളും നന്നേ കുറവായതിനാൽ സാധാരണ പനി മുതൽ ഹൃദയാഘാതംവരെയുള്ള ഏതു രോഗത്തിനും കാലാകാലങ്ങളായി മംഗലാപുരത്തെ പ്രൈവറ്റ് ആശുപത്രികളെയാണ് അവിടത്തുകാർ ആശ്രയിക്കുന്നത്. കേരളത്തിൽ നിന്നുള്ള കോവിഡ്രോഗികളെ ഭയന്ന് കർണാടക സർക്കാർ അതിർത്തി അടച്ചതോടെ അതു നിലച്ചു. ജനറൽ ആശുപത്രി ഉൾപ്പെടെയുള്ള ആശുപത്രികളിൽ കോവിഡ് രോഗികൾ നിറയുകയാണ്. വിദേശങ്ങളിലേതുപോലെ ദിവസവും ആയിരക്കണക്കിന് മനുഷ്യർ ചത്തൊടുങ്ങുന്ന അവസ്ഥയിലേക്ക് ഇവിടവും മാറുമോയെന്നും കോവിഡിന്റെ അടുത്ത ഇര താനാകുമോ എന്നും ഓരോരുത്തരും ചിന്തിച്ചുതുടങ്ങിയിരുന്നു. അതുകൊണ്ടുതന്നെ കാത്തിരിക്കാൻ സമയമില്ല.

കാസർകോട്ടെ ഓരോ മുഖങ്ങളിലും നിഴലിച്ചിരുന്ന നിസ്സഹായതയും അരക്ഷിതാവസ്ഥയും 2014-ൽ പടിഞ്ഞാറൻ ആഫ്രിക്കയിലെ സിയറ ലിയോണിന്റെ തലസ്ഥാനമായ ന്യൂടൗണിൽ വിമാനമിറങ്ങുമ്പോൾ ഞാൻ കണ്ട മുഖങ്ങളിലേതിനു സമാനമായിരുന്നു. എബോള വൈറസ് പടർന്നുപിടിച്ച സമയമായിരുന്നു അത്. കോവിഡിന്റെ ആഗോള മരണനിരക്ക് രണ്ടു മുതൽ മൂന്നു വരെ ശതമാനം മാത്രമാണ്. എബോളയ്ക്ക് അത് അറുപതു മുതൽ എൺപതു വരെയും. ഗിനിയയിൽ തുടങ്ങി ലൈബീരിയ, കോംഗോ, സിയറ ലിയോൺ എന്നിങ്ങനെ ഓരോ രാജ്യത്തും ആയിരക്കണക്കിന് മനുഷ്യർ ചത്തൊടുങ്ങുന്നു. തുടക്കത്തിൽ അതൊന്നും വികസിതലോകം ശ്രദ്ധിച്ചിരു

ന്നില്ല. അല്ലെങ്കിലും ആഫ്രിക്കയിലെ പട്ടിണിയും യുദ്ധവും മഹാമാരികളും ആരുടെയും പ്രശ്നമായിരുന്നില്ലല്ലോ. ചുരുക്കം ചില സന്നദ്ധസംഘടനകൾ മാത്രം പലയിടത്തും ചികിത്സയുമായി ഓടിനടന്നു. 2013 ഡിസംബറിൽ ഗിനിയയിൽ ആദ്യകേസ് റിപ്പോർട്ട് ചെയ്യപ്പെട്ടുവെങ്കിലും ആഫ്രിക്കയുടെ അതിരുകൾ കടന്ന് എബോള യൂറോപ്പിലും അമേരിക്കയിലും ഏഷ്യയിലുമൊക്കെ എത്തിപ്പെടുമോ എന്ന ആശങ്കയുയർന്നപ്പോൾ, 2014 അവസാനമാണ് ലോകരാജ്യങ്ങൾ ആഫ്രിക്കയിലേക്ക് നോക്കിത്തുടങ്ങിയത്.

ന്യൂടൗണിന്റെ പ്രാന്തപ്രദേശത്ത് വിജനമായ ഒരിടത്തു സജ്ജീകരിച്ച ആയിരം കിടക്കകളുള്ള എബോള ആശുപത്രിയിലെ ഓർത്തോപീഡിക്സർജൻ ആയിട്ടാണ് ഞാനവിടെ ചെന്നത്. എബോളയും ഓർത്തോപീഡിക് സർജനും തമ്മിലെന്തു ബന്ധം എന്നു നിങ്ങൾ സംശയിക്കുന്നുണ്ടാകും. രോഗങ്ങൾ നേർവരയിൽ വരച്ച വരകളല്ല. സമൂഹത്തിലെ കാൽഭാഗം ജനങ്ങൾക്കും രോഗം പിടിപെടുന്ന അവസ്ഥയിൽ, അതുമൂലമുള്ള സവിശേഷവും സങ്കീർണ്ണവുമായ സാഹചര്യങ്ങൾ ഡോക്ടർമാരുടെ ചിന്താപദ്ധതികളെ തകിടംമറിക്കാറുണ്ട്; പലപ്പോഴും ആരും കാണാതെ എങ്ങോട്ടെങ്കിലും ഇറങ്ങി ഓടാൻ തോന്നുംവിധം.

മഹാമാരി ബാധിച്ചവർക്കും പ്രസവിക്കേണ്ടിവരും. മറ്റു രോഗങ്ങൾക്ക് ശസ്ത്രക്രിയ വേണ്ടിവരും. വൃക്കരോഗികൾക്ക് ഡയാലിസിസ് വേണം. തമ്മിൽത്തല്ലിയോ അപകടത്തിലോ എല്ലുകൾ ഒടിഞ്ഞാൽ അതിനും വേണം ശസ്ത്രക്രിയ. ക്ഷതം തലയ്ക്കാണെങ്കിൽ ന്യൂറോ സർജറി വേണം. ചിലപ്പോൾ ഒരു രോഗിക്കുതന്നെ വിവിധ പ്രശ്നങ്ങൾ ഒരുമിച്ചുണ്ടാകും. അപ്പോൾ ഗൈനക്കോളജിസ്റ്റുകൾ, ജനറൽ സർജന്മാർ, ഓർത്തോ സർജന്മാർ, ന്യൂറോ സർജന്മാർ, നെഫ്രോളജിസ്റ്റുമാർ, അനസ്തറ്റിസ്റ്റ് തുടങ്ങി എല്ലാ വിഭാഗങ്ങളിലെയും ഡോക്ടർമാരെ ഒരിടത്ത് ഒരേസമയം ആവശ്യമാകും.

സിയറ ലിയോണിൽ ഉണ്ടായ ഒരു ലഹളയിൽ എല്ലുകൾ പൊട്ടിയവരെ ചികിത്സിക്കാനാണ് ഞാനവിടെ ചെന്നത്. എബോള രോഗികളെ ശസ്ത്രക്രിയ ചെയ്യാൻ അവിടത്തെ ഓർത്തോപീഡിക് സർജന്മാർ തയാറായിരുന്നില്ല.

ശസ്ത്രക്രിയചെയ്യുമ്പോൾ എല്ലുതുളയ്ക്കുവാൻ പല ഉപകരണങ്ങളും വേണം. ഈ യന്ത്രങ്ങൾ ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന എയറോസോളുകൾ വഴി കോടിക്കണക്കിന് വൈറസുകൾ അന്തരീക്ഷത്തിൽ കൂടുതലായി പടരും. ചികിത്സിക്കുന്ന ഡോക്ടർക്ക് രോഗം പിടിപെടാനുള്ള സാധ്യത കൂടും. രോഗം വന്നാൽ മരണസാധ്യത 60 മുതൽ 80 ശതമാനം വരെയാണ്. ഏറ്റവും വലിയ വെല്ലുവിളി ആയിരുന്നു ആ ശസ്ത്രക്രിയകൾ. താഴ്ന്ന മർദത്തിൽ സജ്ജീകരിച്ച പ്രത്യേക ലാമിനാർ എയർഫ്ലോ ഉള്ള ഓപ്പറേഷൻ തീയേറ്ററുകളിൽ സ്പേസ് സ്യൂട്ട് പോലെയുള്ള പേർസണൽ പ്രൊട്ടക്ഷൻ എക്വിപ്മെന്റുകൾ ഉപയോഗിച്ചാണ് അന്ന് ശസ്ത്രക്രിയകൾ ചെയ്തത്. സാധാരണ ഉപയോഗിക്കുന്ന ഇലക്ട്രിക്ക് ഡ്രില്ലുകളും മറ്റും ഉപേക്ഷിച്ചു കൈകൊണ്ടുതന്നെ ശസ്ത്രക്രിയ നടത്തി. പത്തു ദിവസംകൊണ്ട് ശസ്ത്രക്രിയകൾ പൂർത്തീകരിച്ചെങ്കിലും അതു കഴിഞ്ഞുള്ള ഇരുപത്തിയൊന്ന് ദിവസത്തെ ക്വാറന്റൈൻ ആയിരുന്നു ദുർഘടം. ആരും സംസാരിക്കാൻ പോലുമില്ലാതെ അടച്ചിട്ട ഒറ്റമുറിയിലെ ഏകാന്തദിനങ്ങൾ. മരണമണി മുഴക്കി എബോള വൈറസ് നടന്നടുക്കുന്ന ശബ്ദം കാതിൽ മുഴങ്ങിക്കൊണ്ടിരുന്നു. ഒരിക്കലും മറക്കാനാവില്ല ആ

ദിനങ്ങൾ. അതിനുശേഷം ഒരാഴ്ച ആ പ്രോജക്ടിന്റെ മെഡിക്കൽ ഡയറക്ടർ ആയി ജോലിചെയ്ത ശേഷമാണ് ഞാൻ മടങ്ങിയത്. മഹാമാരി ബാധിച്ച രാജ്യത്തെ ചികിത്സാ കേന്ദ്രത്തിന്റെ സംഘാടനവും നൂലാമാലകളും അടുത്തുനിന്നുകാണാനും പരിചയപ്പെടാനുമുള്ള അവസരമായിരുന്നു അത്.

കാസർകോട് ഞങ്ങളെ സ്വാഗതം ചെയ്തത് പുതിയ മെഡിക്കൽ കോളേജിന്റെ അക്കാഡമിക് ബ്ലോക്കിനു വേണ്ടി പണിത ഒരുവലിയ കെട്ടിടമായിരുന്നു. വിദ്യാർഥികൾക്കുള്ള ലക്ചർ ഹാളുകളും ലാബ് സമുച്ചയങ്ങളും ഡിസക്ഷൻ ഹാളുകളും പരീക്ഷാഹാളുകളുമാണ് അവിടെയുള്ളത്. ഇങ്ങനെ ഒരുകെട്ടിടം കോവിഡ് ചികിത്സാകേന്ദ്രമാക്കി മാറ്റുക എന്നതായിരുന്നു ആദ്യവെല്ലുവിളി. കാസർകോട് ഒറ്റദിവസംകൊണ്ട് കോവിഡ് ചികിത്സാ കേന്ദ്രം സജ്ജീകരിക്കാൻ സിയറ ലിയോണിലെ അനുഭവം ഏറെ ഉപകരിച്ചു.

ഏപ്രിൽ ആറിന് രാവിലെ ഞങ്ങളെത്തുമ്പോഴേക്കും ആവശ്യമായ കിടക്കകളും മറ്റ് ഉപകരണങ്ങളും ഡി.എം.ഒ. ഡോ. രാമദാസും ഡി.പി.എം. ഡോ. രാമനും ചേർന്ന് സംഘടിപ്പിച്ചിരുന്നു. ഒട്ടുംവൈകാതെ സംഘാംഗങ്ങളുടെയും കാസർകോടുനിന്ന് ഞങ്ങൾക്കൊപ്പം പ്രവർത്തിക്കാൻവന്ന സ്റ്റാഫുകളുടെയും യോഗം വിളിച്ചു. വിവിധ ഡിപ്പാർട്മെന്റുകളുടെ രണ്ടു വിലയിരുത്തലുകൾക്കു ശേഷമുള്ള റിപ്പോർട്ടിങ്ങിൽ ആണ് സജ്ജീകരണങ്ങളെപ്പറ്റി ഏകദേശരൂപമായത്. എത്രയും പെട്ടെന്ന് രണ്ടുവാർഡുകൾ തുടങ്ങാൻ സ്ഥലം കണ്ടെത്തി. സർവീസ് ഏരിയയും ബഫർ സോണും ചികിത്സാസ്ഥലവും വേർതിരിക്കണം. അതിനുള്ള അലുമിനിയം ഫാബ്രിക്കേഷൻപോലുള്ള സംവിധാനങ്ങൾ അവിടെ ഉണ്ടായിരുന്നില്ല. മറ്റു വാർഡുകളിൽനിന്നു ബെഡ്ഷീറ്റുകൾ സംഘടിപ്പിച്ച്, അവ കുത്തനെ നിർത്തി, തമ്മിൽ കയർകൊണ്ട് ബന്ധിപ്പിച്ച് മതിലുകൾ തീർത്ത് ഞങ്ങൾ ആ കുറവ് നികത്തി. സർവീസ് ഏരിയയിലുള്ള ഫാർമസി, ലാബ്, നഴ്സിങ് സ്റ്റേഷൻ, സെൻട്രൽ സ്റ്റോർ, ഇ.സി.ജി., എക്സ്റേ തുടങ്ങിയവയെല്ലാം പെട്ടെന്നുതന്നെ സജ്ജീകരിച്ചു.

മൂന്നു മണിയോടെ പരിശീലനം ആരംഭിച്ചു. അണുബാധ നിയന്ത്രണരീതികളും പേർസണൽ പ്രൊട്ടക്ഷൻ എക്വിപ്മെന്റുകൾ ധരിക്കുന്നതും ഊരുന്നതും ഒക്കെ സംഘാംഗങ്ങളെ പഠിപ്പിച്ചു. ഡോക്ടർ സജേഷിന്റെയും ഡോക്ടർ കമലയുടെയും നേതൃത്വത്തിൽ ചികിത്സയുടെ പ്രോട്ടോകോളുകളെക്കുറിച്ചുള്ള അവസാനത്തെ സെഷനും കഴിഞ്ഞപ്പോൾ വൈകിട്ട് അഞ്ചുമണി.

ഒന്നു നടുനിവർക്കുമ്പോഴേക്കും ഡോക്ടർ രാംദാസിന്റെ വിളിയെത്തി:

'എടോ, ഒരാറുപേരെ അഡ്മിറ്റ് ചെയ്യാമോ?'

ഞാൻ ഒരു നിമിഷം പകച്ചു. പിന്നെ രണ്ടും കല്പിച്ചുപറഞ്ഞു:

'ധൈര്യമായി വിട്ടോളൂ സർ.'

ഞൊടിയിടയിൽ 'ഗ്രാൻഡ് റൗണ്ട്സ്' എന്ന മോക്ഡ്രില്ലിനുള്ള തയ്യാറെടുപ്പുകൾ തുടങ്ങി. രോഗിക്കു പകരം ട്രോളി ഉപയോഗിച്ച്, രോഗി എത്തുന്ന ഇടം മുതൽ തിരികെ പോകുന്ന സമയം വരെയുള്ള എല്ലാ കാര്യങ്ങളും ശാസ്ത്രീയമായി അഭിനയിച്ച് പരിശീലിക്കുന്ന രീതിയാണത്. നമ്മൾ മുൻകൂട്ടി കാണാത്ത പല പ്രശ്നങ്ങളും മനസ്സിലാക്കാനും പരിഹരിക്കാനും ഇതിലൂടെ സാധിക്കും. ആറരയോടെ അതവസാനിച്ചു.

ഏഴരയ്ക്ക് ആദ്യത്തെ രോഗിയുമായി ആംബുലൻസെത്തി. പിന്നീട് നിരനിരയായി അഞ്ച് ആംബുലൻസുകൾകൂടി. രോഗികളെ വാർഡിലേക്ക് മാറ്റുന്നതിനിടയിൽ വൈദ്യുതി നിലച്ചു. ഇലക്ട്രിക് എൻജിനീയറെത്തി ഒട്ടും വൈകാതെ അത് ശരിയാക്കി. രോഗികളൊക്കെ വളരെയധികം സംയമനം പാലിക്കുകയും ഞങ്ങളോടു സഹകരിക്കുകയും ചെയ്തു. എല്ലാവരെയും അഡ്മിറ്റ് ചെയ്ത് നടപടിക്രമങ്ങൾ പൂർത്തിയാക്കുമ്പോൾ അർധരാത്രി പന്ത്രണ്ടു മണി. ഡ്യൂട്ടിയിലുള്ളവരൊഴികെയുള്ളവർ താമസസ്ഥലത്തേക്ക് തിരിച്ചു.

തുടർന്നുള്ള ദിവസങ്ങളിൽ രോഗികളുടെ എണ്ണം കൂടി. നിരവധി പ്രശ്നങ്ങളുമുണ്ടായി. പൊടുന്നനേ, പൈപ്പുകളിൽ വെള്ളം നിലയ്ക്കുക, രോഗികൾക്കുള്ള ഭക്ഷണം സമയത്ത് എത്താതിരിക്കുക, ലാബ് തുടങ്ങുന്നതിനുള്ള സാമഗ്രികൾ ലഭ്യമാകായ്ക, താമസസ്ഥലത്തെ അസൗകര്യങ്ങൾ, ശുചീകരണജീവനക്കാരുടെ അപര്യാപ്തത ഒക്കെ ഒത്തൊരുമിച്ചുള്ള പ്രവർത്തനം കൊണ്ട് പരിഹരിച്ചു. നാലുദിവസം കഴിഞ്ഞപ്പോഴേക്കും എണ്ണയിട്ട യന്ത്രംപോലെ ആശുപത്രി സജീവമായി.

വീടുകളിൽനിന്ന് വളരെ ദൂരെ, സമ്മർദമുള്ള ജോലിയിൽ വ്യാപൃതമാകുന്നതിന്റെ പ്രശ്നങ്ങൾ തരണംചെയ്യാൻ വൈകുന്നേരങ്ങളിൽ ശാരീരിക അകലം പാലിച്ച് ഞങ്ങൾ കലാപരിപാടികളിലേർപ്പെട്ടു. അന്താക്ഷരിയും പാട്ടും കവിതകളും ഒക്കെയായി ഓരോരുത്തരും പരസ്പരമടുത്തു.

ചികിത്സയിലും മറക്കാനാകാത്ത അനുഭവങ്ങൾ ധാരാളമുണ്ട്. ഒരു കുടുംബത്തിലെ നാലു പേർക്ക് ഒരുമിച്ച് രോഗം വന്നപ്പോൾ അതിനു കാരണക്കാരനായ അച്ഛനുണ്ടായ കുറ്റബോധവും അദ്ദേഹത്തെ മക്കൾ ആശ്വസിപ്പിക്കുന്ന കാഴ്ചയും ഞങ്ങളുടെയും കണ്ണു നനയിച്ചു. പതിനാലുദിവസത്തിനിപ്പുറം അഞ്ചുരോഗികളെ ഡിസ്ചാർജ് ചെയ്തു, കോട്ടയം മെഡിക്കൽകോളേജ് ടീമിനെ കാര്യങ്ങൾ ഏൽപ്പിച്ച് പടിയിറങ്ങുമ്പോൾ, ഒരുദുർഘട സന്ധിയിൽ നാടിനും നാട്ടുകാർക്കും താങ്ങായി എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞതിന്റെ ചാരിതാർഥ്യമായിരുന്നു ഞങ്ങളോരോരുത്തർക്കും. അന്നുരാത്രി എല്ലാവരോടും അനുഭവങ്ങൾ പങ്കുവയ്ക്കാനാണ് ഞാനാവശ്യപ്പെട്ടത്. എല്ലാവരും തമാശകൾ പറയുന്നതിനിടയിൽ ഡോക്ടർ നരേഷ് ഞങ്ങളെ കരയിച്ചു. ഏഴു വർഷം പലവിധ കാരണങ്ങളാൽ തന്നോടു സംസാരിക്കാതിരുന്ന അച്ഛൻ, തലേദിവസം വിളിച്ച് 'നിനക്ക് സുഖംതന്നെയല്ലേ' എന്നു ചോദിച്ചത് നരേഷ് വിവരിക്കുമ്പോൾ ഞങ്ങളുടെയുള്ളിൽ പറയാനാകാത്ത വികാരങ്ങൾ വിങ്ങിനിറയുകയായിരുന്നു.

പിറ്റേന്നു രാവിലെ കെ.എസ്.ആർ.ടി.സി. ഒരുക്കിയ സ്കാനിയ ബസിൽ കാസർകോടുനിന്നു മടങ്ങുമ്പോൾ രണ്ടാഴ്ചത്തെ ക്വാറന്റൻകാലം എങ്ങനെ തള്ളിനീക്കുമെന്നതായിരുന്നു ചിന്ത. സിയറ ലിയോണിലെ ഇരുപത്തിയൊന്ന് ദിവസത്തെ ഏകാന്തവാസമായിരുന്നു എന്റെ മനസ്സിൽ. കോവിഡ് ബാധിച്ചാൽ ഞാൻ മരിക്കില്ലെന്ന് സ്വയം ബോധ്യപ്പെടുത്തുമ്പോഴും എബോള വൈറസിന്റെ അന്നത്തെ കാലൊച്ച മനസ്സിനെ മഥിച്ചുകൊണ്ടേയിരുന്നു. പതിനാലു ദിവസത്തിനു ശേഷം ഞങ്ങൾ ടെസ്റ്റിനു വിധേയമായി. എല്ലാവരും നെഗറ്റീവ്. സംഘത്തെ നയിച്ചതിൽ ഞാൻ ഏറ്റവുമധികം സന്തോഷിച്ച നിമിഷം. പ്രൊഫഷണലിസത്തിന്റെയും ശാസ്ത്രീയതയുടെയും വിജയമായിരുന്നു അത്.

കാസർകോട് ദൗത്യത്തിന്റെ സമയത്ത് കേരളത്തിൽ കോവിഡ് കേസുകൾ നൂറിൽ താഴെ മാത്രമായിരുന്നു. പിന്നീടത് കുതിച്ചുയരുന്നത് നാം കണ്ടു. തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽവരെ കോവിഡ്‌വാർഡ് സജ്ജീകരിക്കേണ്ടിവന്നു. ഓരോ ദിവസവും രോഗം സ്ഥിരീകരിക്കപ്പെടുന്നവരുടെ എണ്ണത്തിലുണ്ടായ വർധനവ് ആശങ്കപ്പെടുത്തിക്കൊണ്ടേയിരുന്നു. പക്ഷേ, ആകെ രോഗികളുടെ എണ്ണം അഞ്ചുലക്ഷം കവിഞ്ഞിട്ടും മരണനിരക്ക് അരശതമാനത്തിനു താഴെ പിടിച്ചുനിറുത്താൻ കൊച്ചു കേരളത്തിനായി. മഹാമാരിയുടെ തുടക്കത്തിൽ രോഗം ബാധിക്കുന്നവരുടെ എണ്ണം നിയന്ത്രിക്കാനായതും വേണ്ടത്ര സൗകര്യങ്ങൾ ഏർപ്പെടുത്താനായതുമൊക്കെയായിരുന്നു അതിന്റെ കാരണങ്ങൾ.

ഡോ. എസ്. എസ്. സന്തോഷ്

- തൊഴിലിടത്തെ പ്രതിസന്ധികളെ നിശ്ചയദാർഢ്യത്തോടെ തരണം ചെയ്തു മുന്നേറുന്നതിന്റെ ദൃശ്യങ്ങൾ ലേഖനത്തിൽ കാണാൻ കഴിയും. ഇവയിൽ നിങ്ങളെ പ്രചോദിപ്പിച്ച ഏതാനും ഉദാഹരണങ്ങൾ കണ്ടെത്തി എഴുതുക.

- “കോവിഡ് കാലത്ത് മരണനിരക്ക് കുറയ്ക്കാൻ കഴിഞ്ഞതിന് കാരണം, രോഗം ബാധിക്കുന്നവരുടെ എണ്ണം നിയന്ത്രിക്കാനായതും രോഗികൾക്ക് വേണ്ടത്ര സൗകര്യങ്ങൾ ഏർപ്പെടുത്തിയതും ഒക്കെയായിരുന്നു”. ലേഖകന്റെ ഈ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ പ്രകൃതിദുരന്തങ്ങളെയും കോവിഡ് പോലെയുള്ള മഹാമാരികളെയും അതിജീവിക്കാൻ എന്തൊക്കെയാകും ചെയ്യാൻ കഴിയുക? നിങ്ങളുടെ അഭിപ്രായം പങ്കുവയ്ക്കുക.

- പ്രതിസന്ധികളെ അതിജീവിച്ചു മുന്നേറിയവരായ പലരും നമുക്കുചുറ്റുമുണ്ടല്ലോ. അത്തരത്തിൽപ്പെട്ടവരുടെ അനുഭവങ്ങളെ വെളിപ്പെടുത്തുന്ന അഭിമുഖം സംഘടിപ്പിക്കുവാൻ ആവശ്യമായ ചോദ്യാവലി നിർമ്മിക്കുക.

- തൊഴിലിനെ കേവലം ധനസമ്പാദനമാർഗം മാത്രമായി കാണാതെ സാമൂഹിക സേവനത്തിനുതകുന്ന രീതിയിൽ മാറ്റുമ്പോഴാണ് ഒരാളുടെ ജീവിതം സാർഥകമാകുന്നത്. ഡോ. എസ്. എസ്. സന്തോഷിന്റെ പ്രവർത്തനങ്ങളെ മുൻനിർത്തി പ്രഭാഷണം തയ്യാറാക്കുക.

"നീയെന്റെ സുഹൃത്താണ്
ഞാനതിലാഹ്ലാദിപ്പൂ
മനുഷ്യർ വീഴുന്നിട-
ത്തൊക്കെ നീയെത്തുന്നല്ലോ.

പ്രളയമുരുൾപൊട്ടൽ
യുദ്ധങ്ങൾ ഭൂകമ്പങ്ങൾ
കെടുതി മനുഷ്യരെ
വിഴുങ്ങുന്നിടത്തെല്ലാം

ഹൃദയം സമർപ്പിച്ചു
കൈത്താങ്ങും മരുന്നുമായ്
അതിരില്ലാത്ത സ്വാന്തം
പകരും കൈപ്പുണ്യം നീ"

ഡോക്ടർ — ടി. കെ. സന്തോഷ്കുമാർ

ഈ കവിതാഭാഗം ഡോ. എസ്. എസ്. സന്തോഷിന്റെ പ്രവർത്തനങ്ങളെ അകമഴിഞ്ഞ് അഭിനന്ദിക്കുന്നതാണല്ലോ. അതിന് അടിസ്ഥാനമാകുന്ന കാര്യങ്ങൾ എന്തെല്ലാമാണ്? കൂടുതൽ വിവരങ്ങൾ കണ്ടെത്തി എഴുതുക. കൂടാതെ ലേഖകനോടുള്ള നിങ്ങളുടെ ആദരം കത്ത്, കുറിപ്പ്, ചിത്രീകരണം എന്നിങ്ങനെ വ്യത്യസ്ത വ്യവഹാരരൂപങ്ങളിൽ അവതരിപ്പിക്കുക.

തെറ്റുകൾ തിരുത്തി മെച്ചപ്പെടുത്തി എഴുതുക.

ലബ്ധപ്രതിഷ്ഠ നേടിയ എഴുത്തുകാരുടെ ആ സമ്മേളനവേദിയിലും അരങ്ങിലും കടന്നു വരികയും സമ്മേളനം അവസാനിക്കുന്നതുവരെ തുടരുകയോ ചെയ്യാത്ത കാണികളായിട്ടുള്ളവരെ എങ്ങനെയാണ് തുടർന്നും ക്ഷണിക്കുക. ചൊല്ലടിക്ക് അനുസരിച്ച് പ്രവൃത്തിക്കണം എന്നല്ല പറയുന്നത്. പക്ഷേ ഓരോ പ്രവർത്തനങ്ങളിലും എങ്ങനെയാണ് ഇടപെടേണ്ടത് എന്ന് സാധാരണ ചിന്ത എങ്കിലും ഉണ്ടാകേണ്ടത് അല്ലേ?

# ദൈവം ഓവൻസിന് കൈ കൊടുക്കുന്നു

1980-ൽ ജെസ്സി ഓവൻസ് എന്ന കറുത്തമനുഷ്യൻ നീണ്ട അറുപത്തിയേഴു വർഷത്തെ കാത്തിരിപ്പിനുശേഷം, ദൈവം എന്ന എക്കാലത്തെയും വലിയ സ്വേച്ഛാധിപതിയെ നേരിട്ടുകണ്ടു. പുകയിലയിലെ വിഷവും ജീവിതദുരിതങ്ങളും ചേർന്ന് ഭൂമിയിൽനിന്ന് പുകച്ചുചാടിച്ച ഓവൻസിനെ കാണാൻ സ്വർഗത്തിന്റെ കൈവരിയിൽ പിടിച്ച് ദൈവം കാത്തുനിൽക്കുകയായിരുന്നു. പുരുഷായുസ്സിന്റെ ദീർഘദൂര ഓട്ടം കഴിഞ്ഞു വന്ന ക്ഷീണവും കിതപ്പും പുറത്തുകാട്ടാതെ ജെസ്സി ദൈവത്തെ നോക്കിചിരിച്ചു. കാപ്പിരി മുഖത്ത് വെളുത്ത പല്ലുകൾ വിരിയുന്നതിന്റെ സൗന്ദര്യം ആസ്വദിച്ചുകൊണ്ട് ദൈവം ഹസ്തദാനത്തിനായി കൈനീട്ടി.

ഒരുനിമിഷം ഓവൻസ് സംശയിച്ചു. നാല്പത്താറു വർഷങ്ങൾക്കപ്പുറം, ബെർലിൻ ഒളിംപിക്സിന്റെ വിജയപീഠത്തിൽ ഓർമയുടെ കുതിച്ചോട്ടം ഫിനിഷ് ചെയ്തു. നാലു സ്വർണ്ണം നേടി ആര്യഗർവിന്റെ നെഞ്ചിൽ ചവിട്ടിനിന്ന ജേതാവിന്റെ കറുത്തകൈയിൽ തൊടാതിരിക്കാൻ ഭൂമിയിലെ ചെറിയ സ്വേച്ഛാചാരി അഡോൾഫ് ഹിറ്റ്ലർ നീട്ടിയ കൈ പിൻവലിച്ച ആ കടുത്തനിമിഷം! അന്ന് ജയിച്ചുനിന്നവന് നിഷേധിക്കപ്പെട്ട ഒന്ന്, ഇന്ന് മരിച്ചുവന്നവന് കരഗതമാകുന്നതെങ്ങനെ?



അപ്പോൾ ജെസ്സി ഓവൻസിനെ നോക്കി ദൈവം അച്ഛനെപ്പോലെ ചിരിച്ചു: "നല്ലത് മകനേ," ദൈവം പറഞ്ഞു: "പതിനായിരങ്ങളെ കൊന്നൊടുക്കി ഒന്നാമനാകാൻ ശ്രമിച്ച ഹിറ്റ്ലറെ തോൽപിക്കാൻ, നിനക്ക് ബെർലിൻ മൈതാനത്തിലെ ഏതാനും വാരകളേ വേണ്ടിവന്നുള്ളുവല്ലോ!"

എന്നിട്ട് അപാരമായ സ്നേഹവായ്പോടെ ദൈവം ജെസ്സി ഓവൻസിന്റെ കറുത്തകൈയിൽ പിടിച്ചു. അന്നേരം അറുപത്തേഴുവർഷം നീണ്ടുനിന്ന തന്റെ ജീവിതയാതനകളിൽനിന്ന് പല തരത്തിലുള്ള ഹസ്തദാനങ്ങൾ ജെസ്സിയുടെ ആത്മാവിനെ പിടിച്ചുകുലുക്കി.

ഡാൻവില്ലെയിലെ പള്ളിമണികൾ മുഴങ്ങുമ്പോൾ അവന്റെ കണ്ണിൽ എന്തിനെന്നില്ലാതെ വെള്ളം നിറയും. കറുത്തനിറമുള്ളവർ മാത്രം തിങ്ങിപ്പാർക്കുന്ന ആ കോളനിയിൽ പുരാതനമായ ഒരു പള്ളിയുണ്ട്. കീറക്കുടയുടെ ദൈന്യതയുള്ള ളോഹധരിച്ച ഒരച്ചനാണ് അവിടെ പുരോഹിതൻ. കർത്താവിന്റെ തിരുരൂപത്തിനു മുന്നിൽ ഒരു ദിവസം കുറച്ച ധികനേരം നിന്നതിന് ഒരിക്കൽ അദ്ദേഹം അവനെ ശാസിച്ചു.

"വീട്ടിൽ പോടാ കൊച്ചനേ!", വിണ്ടുപോയ പള്ളിമണിയുടെ സ്വരത്തിൽ അച്ചൻ അലറി: "നീയൊക്കെ പള്ളിയിൽ വന്ന് പ്രാർഥിച്ചിട്ട് ഒരു കാര്യവുമില്ല. പോയി ഒരു ചാക്ക് പരുത്തി കൂടുതൽ ചുമക്കാമോ എന്നു നോക്ക്!" പരുത്തിക്കെട്ടുകൾ ചുമന്നുകൊണ്ടുപോകുന്നത് അത്ര മോശം കാര്യമൊന്നുമല്ല. അവന്റെ അച്ഛനും ഏഴു കൂടപ്പിറപ്പുകളും അങ്ങനെയാണ് അഷ്ടിക്ക് വകയുണ്ടാക്കുന്നത്. കൂട്ടത്തിൽ ഏറ്റവും ചെറിയകെട്ട് അവനാണ് എടുക്കുക. കാരണം അവന് ഏഴുവയസ്സേ ആയിട്ടുള്ളൂ.

ഏഴുവയസ്സുകാരന് പള്ളിയിൽ പ്രാർഥിക്കാൻ വയ്യ; പരുത്തിക്കെട്ട് ചുമക്കാം! അതോർത്തപ്പോൾ അവന്റെ കൊച്ചുമനസ്സിൽ ഒരു നീറ്റലുണ്ടായി. "ജെസ്സീ!", മൂത്ത ജ്യേഷ്ഠൻ കർക്കശമായ സ്വരത്തിൽ വിളിച്ചു. "സ്വപ്നം കണ്ടിരിക്കാതെ ഈ ചാക്കെടുക്കാൻ വാ!"

അന്നവന് കൂടുതൽ പരുത്തി കൊണ്ടുപോകണം. മൂന്നു സഹോദരന്മാർക്ക് ഒന്നിച്ച് അസുഖം പിടിപെട്ടിരിക്കുകയാണ്. അവർ ഏഴുപേരും അവരുടെ അച്ഛനും ഇരുട്ടും വരെ ജോലി ചെയ്താലും വയറുനിറച്ച് ഭക്ഷിക്കാനുള്ള വക കിട്ടാറില്ല. പിന്നെ മൂന്നുപേർ വയ്യാതെ കിടന്നാലുള്ളകാര്യമോ?

"നിനക്കു കഴിയുമോ ജെസ്സീ?", ജ്യേഷ്ഠൻ ചോദിച്ചു: "ഇതാ, ഇത്രയും പരുത്തി ഞാൻ ഒന്നിച്ചു കെട്ടിവച്ചു. ഒരു നാല്പത്തഞ്ച് കിലോയുണ്ടാകും, ഇടയ്ക്ക് ഞാനും പിടിക്കാം."

ഏഴു വയസ്സേയുള്ളുവെങ്കിലും ജെസ്സി നല്ല ശക്തനാണെന്ന് ജ്യേഷ്ഠനറിയാം. അതിലും പ്രധാനം അവന്റെ നിശ്ചയദാർഢ്യമാണ്.

"ഇതാ ഇങ്ങോട്ടു വച്ചോളൂ!', ചുമൽ കുനിച്ചുകൊടുത്തുകൊണ്ട് ജെസ്സിപറഞ്ഞു.

അണച്ചും കിതച്ചും കിലോമീറ്ററുകൾ താണ്ടി ലക്ഷ്യമെത്തിച്ചതറിഞ്ഞപ്പോൾ അന്നു രാത്രി അച്ഛൻ അവന്റെ കുഞ്ഞുകൈയെടുത്ത് ഓമനിച്ചു: "കറുത്തനാണ് എന്റെ ജെസ്സി!"

അച്ഛൻ തന്റെ റൊട്ടിയുടെ പകുതികൂടി കൊച്ചു ജെസ്സിക്കു തിന്നാനായി നീട്ടി.

“സ്വസ്തികയുടെ ആകൃതിയിലാണ് ഇവിടെ കാറ്റുപോലും വീശുന്നത് ! ബെർലിനിലെ ഒളിമ്പിക് സ്റ്റേഡിയത്തിലൂടെ അതിരാവിലെ ചുറ്റിനടക്കുമ്പോൾ സ്നേഹിതൻ ഓർമ്മിപ്പിച്ചു. “ജെസ്സീ, നീ ഓർമ്മവച്ചോ; കറുത്ത നിറമുള്ള ഒരാൾ ഇവിടെ മിടുക്കനാകുന്നത് ഹിറ്റ്ലർക്ക് സഹിക്കില്ല!”

ജെസ്സി അതൊന്നും കേൾക്കുന്നുണ്ടായിരുന്നില്ല. ഇന്നാണ് നൂറുമീറ്റർ, ഇരുന്നൂറു മീറ്റർ ഇനങ്ങൾ. അമേരിക്കയിൽനിന്ന് ഇവിടെയെത്തിയത് ഹിറ്റ്ലറുടെ അപദാനങ്ങൾ കേട്ട് തിരിച്ചുപോകാനല്ല.

“ക്രിസ്റ്റീ, ലോങ്ജമ്പിനുള്ള സ്ഥലം എവിടെയാണ്?”, ജെസ്സി ചോദിച്ചു.

നെറ്റി ചുളിച്ചുകൊണ്ട് സുഹൃത്ത് മൈതാനത്തിന്റെ മറ്റൊരുഭാഗം കാണിച്ചു.
ആ യുവാക്കൾ അങ്ങോട്ടുതിരിച്ചു.

അന്ന് ജെസ്സി ഓവൻസിന്റെ ദിവസമായിരുന്നു. നൂറുമീറ്ററിലും ഇരുനൂറു മീറ്ററിലും നാനൂറു മീറ്റർ റിലേയിലും സ്വർണ്ണം! ഒന്ന്, രണ്ട്, മൂന്ന്!

നാലാം സ്വർണ്ണം ഏതാണ്ട് അസാധ്യമായിരുന്നു. ലോങ്ജമ്പിൽ തന്നേക്കാൾ കേമൻ ജർമ്മനിയുടെ ലസ്‌ലോങാണെന്ന് ജെസ്സിക്കറിയാം. താങ്ങാനാകാത്ത പരുത്തിക്കെട്ടാണ് തന്റെ ശിരസ്സിലെന്ന് ജെസ്സിക്കു തോന്നിയനിമിഷം!

ക്വാളിഫൈയിങ് റൗണ്ടിൽ ലസ്‌ലോങ് ബഹുദൂരം മുന്നിലാണ് ചാടിവീഴുന്നത്. യോഗ്യത തെളിയിക്കാനുള്ള മൂന്നാമത്തെ ചാട്ടമാണ് ഇനി. അങ്ങു ദൂരെ ഡ്രാൻ വില്ലേയിലെ പള്ളിയിലേക്ക് മനസ്സിനെ പ്രാർഥിക്കാൻ പറഞ്ഞയച്ച് കുനിഞ്ഞുനിൽക്കുമ്പോൾ സാക്ഷാൽ ലസ്‌ലോങ് മുന്നിൽ!

“ജെസ്സീ, താങ്കൾ മാർക്കുചെയ്തിട്ടുള്ള പോയിന്റ് കുറച്ചുകൂടി മാറ്റിയാൽ ഇത്തവണ എളുപ്പത്തിൽ ക്വാളിഫൈ ചെയ്യും. ഉറപ്പ്!”

അതു ധാരാളമായിരുന്നു. ആത്മവിശ്വാസമുറപ്പിക്കാൻ അങ്ങനെയൊരു വാക്ക്. ഇരുപത്താറ് അടിയും അഞ്ചേകാൽ ഇഞ്ചും ചാടി ലോങ്ജമ്പിലെ സ്വർണ്ണവും തന്റെ പേരിലാക്കുമ്പോൾ, ഉപദേശം തന്ന ലോങ് അഭിനന്ദിക്കാനായി കൈനീട്ടി: “നിങ്ങളൊരു വീരനാണ് ചങ്ങാതീ. കറുത്തമനുഷ്യന്റെ ആത്മവീര്യം ഹിറ്റ്ലറുടെ മൂക്കിനുകീഴിൽ തന്നെ നിങ്ങൾ തെളിയിച്ചല്ലോ! ലോങ് ജെസ്സിക്ക് ഊഷ്മളമായ ഒരു ഹസ്തദാനം നല്കി. കറുത്ത കൈയും വെളുത്തകൈയും വിവേചനഭയമില്ലാതെ ഒട്ടി.

തന്റെ കൈകളിലേക്ക് ജെസ്സി നോക്കി. അസ്വാഭാവികമായി ഒന്നുമില്ലതന്നെ. പിന്നെ? വിജയപീഠത്തിൽ മറ്റുജേതാക്കൾക്കൊക്കെ ഹിറ്റ്ലർ കൈകൊടുത്തത് താൻ കണ്ടതാണ്. തനിക്കുനേരെ അദ്ദേഹത്തിന്റെ കുറിയകൈകൾ നീളുകയേ ചെയ്തില്ല!

നാസികൾക്ക് കറുത്തവർണ്ണക്കാരോട് പുച്ഛമാണെന്ന് ജെസ്സിക്കറിയാം. ആര്യമഹിമകളെ പ്രതിഷ്ഠിക്കലാണ് ബെർലിൻ ഒളിംപിക്സിന്റെ ലക്ഷ്യമെന്ന് കൂട്ടുകാരൻ ക്രിസ്റ്റി പലവട്ടം പറഞ്ഞതുമാണ്.

എന്താണ് ഈ ആര്യമഹിമ ? ജേതാവിനെ അഭിനന്ദിക്കാനുള്ള സന്മനസ്സു പോലുമില്ലാത്തതോ?

ഒട്ടേറെ ആകുലതകൾ കുതിച്ചോടുന്ന മനസ്സുമായി ജെസ്സി ഉറക്കറയിലേക്കു പോകാനൊരുങ്ങി.

തണുത്ത കാറ്റ് വീശുന്നുണ്ട്. അതിൽ അപകടമില്ല. പക്ഷേ, നാസികളെ സൂക്ഷിക്കേണ്ടതുണ്ട്. ഒരുപക്ഷേ തനിക്കുനേരെ ആരെങ്കിലും... ഇരുട്ടിൽനിന്ന് പെട്ടെന്ന് കുറച്ചുപേർ അങ്ങോട്ട് തിക്കിക്കയറി വന്നു. ഒരു നിമിഷം ജെസ്സിയുടെ മനസ്സു പതറി.

“ഓട്ടോഗ്രാഫ്, പ്ലീസ്!” ജർമ്മൻകാരായ, നാസികളായ ആരാധകർ! എല്ലാവർക്കും സ്നേഹവാക്കുകൾ എഴുതി താഴെ ഒപ്പുവച്ചു.

പലരും തൊട്ടുനോക്കി. ചിലർ ആദരവോടെ കൈപിടിച്ചു കുലുക്കി! ഒഴിഞ്ഞുനിന്ന ഒരു ജർമ്മൻ കൈയുടെ കുറവുനികത്താൻ എത്രയെത്രകൈകൾ!

“അതു മോശമായിപ്പോയി ചങ്ങാതീ,” അയാൾ ക്ഷുഭിതനായി ജെസ്സിയെ നോക്കി. എന്നിട്ടു തുടർന്നു: “കുതിരയോടൊപ്പം ഒരു ഒളിംപിക് ചാമ്പ്യൻ മത്സരിച്ചോടുക ! മോശം മോശം! നിങ്ങളുടെ യശസ്സാണ് വെറും രണ്ടായിരം ഡോളറിനുവേണ്ടി തുലച്ചുകളഞ്ഞത്!

ജെസ്സി അതു മുഴുവൻ കേട്ടിരുന്നു. ഒന്നും മിണ്ടാതെ. ഒന്നിനുപിറകെ ഒന്നായി സിഗരറ്റുകൾ വലിച്ചുതള്ളി. പുകയുന്നത് തന്റെ ജീവിതമാണ്! ബെർലിൻ ഒളിംപിക്സിൽ വാരിക്കൂട്ടിയ മെഡലുകൾ കടിച്ചുതിന്നാൽ വിശപ്പുമാറില്ലല്ലോ. പക്ഷേ, അതു പറഞ്ഞില്ല. പലരോടും ഇതുതന്നെയാണ് എന്നും പറയുന്നത്!

“ഛെ! മോശം!” വീണ്ടുംവീണ്ടും അപശബ്ദങ്ങൾ ഉയരുകയാണ്, കുറ്റപ്പെടുത്തലിന്റെ.

“എന്തു മോശം?”, ഒടുവിൽ ജെസ്സിക്ക് അതു ചോദിക്കേണ്ടതായി വന്നു. “ചങ്ങാതീ, മികച്ച കായികതാരത്തിനുള്ള സള്ളിവൻ അവാർഡ് ഇതുവരെ എനിക്കു കിട്ടിയില്ല എന്നു താങ്കൾക്കറിയാമല്ലോ. ഞാനതിന് അർഹനല്ല എന്നു താങ്കൾ പറയില്ല എന്നെനിക്കുറപ്പുണ്ട്. ഈ വലിയ അമേരിക്കയിൽ എനിക്കുവേണ്ടി വാദിക്കാൻ ആരുമുണ്ടായില്ലല്ലോ ഇതുവരെ ! അപ്പോൾപ്പിന്നെ ഞാൻ അഷ്ടിക്കുവേണ്ടി ചീറ്റപ്പുലികളോടും ചിലപ്പോൾ മത്സരിച്ചെന്നിരിക്കും.”

“ങാ, താങ്കൾക്കു കേൾക്കണോ? അടുത്തയാഴ്ചയിൽ എനിക്കൊരു മത്സരമുണ്ട്. പട്ടികളുമായി ഒരു കുതിച്ചോട്ടം! താങ്കൾ മറക്കാതെ വരണേ!

അതൊരു പൊട്ടിത്തെറിയായിരുന്നു. അതുവരെ ചങ്ങാതിയായിരുന്ന ആൾ ഉപദേശം നിർത്തി ജെസ്സിയുടെ കൈപിടിച്ചു കുലുക്കിക്കൊണ്ടു പറഞ്ഞു:

“എങ്കിൽ ശരി, ഓവൻസ്, ബൈ! ഇനി ഞാൻ താങ്കളുടെ ചങ്ങാതിയല്ല!”
ഒറ്റപ്പെടുത്തുന്നതിനും ഒരു ഹസ്തദാനം!

സ്വർഗത്തിലേക്കുള്ള വീഥിയിലൂടെ ദൈവത്തോടൊപ്പം ജെസ്സി നടന്നു. ഓർമ്മകൾ തള്ളിക്കയറി മിണ്ടാട്ടം മുട്ടിയാണ് ജെസ്സിയുടെ നടത്തം. ചീറ്റകളെയും കുതിരകളെയും സൃഷ്ടിച്ച ദൈവം ജെസ്സിക്കുവേണ്ടി പതുക്കെ നടക്കുകയാണ്.

"എന്താണ് ഓവൻസ്, നിന്റെ മനസ്സിൽ?", ദൈവം ചോദിച്ചു. "എല്ലാം ഗ്രഹിക്കുന്ന അങ്ങേക്ക് അതറിയാമല്ലോ," ജെസ്സി ചിരിച്ചു.

"ഹിറ്റ്ലറെ മറക്കാൻ ഞാനൊരു കഥപറഞ്ഞുതരാം. നിനക്കു കേൾക്കണോ?", ദൈവം ചോദിച്ചു.

ജെസ്സിയുടെ മനസ്സ് തുടിച്ചു. അടിമയായ മുത്തച്ഛനോ പ്രാരബ്ധക്കാരനായ അച്ഛനോ തനിക്കൊരു കഥ പറഞ്ഞുതന്നിട്ടില്ല! ജെസ്സി കാതുകൂർപ്പിച്ചു.

"ഒരിക്കൽ, ഒരു കപ്പലപകടത്തിൽപെട്ട് ഒരു വെള്ളക്കാരൻ കടലിനുനടുവിൽ ഒറ്റപ്പെട്ടു", ദൈവം കഥ പറഞ്ഞുതുടങ്ങി:

രാവും പകലും നീന്തി ഒടുവിൽ അയാൾ ഒരു ദ്വീപിൽ ചെന്നുപറ്റി. കറുത്തവരായ ഒരു കൂട്ടം ആദിവാസികളായിരുന്നു ആ ദ്വീപിലെ താമസക്കാർ. വെള്ളക്കാരനു പേടിയായി. നരഭോജികളോ മറ്റോ ആയിരിക്കുമോ ഇവർ?

എന്നാൽ തങ്ങളുടെ ദ്വീപിൽ നീന്തിക്കയറിയ അതിഥിയെ ദ്വീപുവാസികൾ സ്നേഹത്തോടെ സ്വീകരിച്ചു. തങ്ങളാലാവുന്ന സുഖസൗകര്യങ്ങൾ നൽകി പരിചരിച്ചു. ദീർഘകാലത്തെ സഹവാസംകൊണ്ടു വെളുത്തവനും കറുത്തവനും തമ്മിൽ ഭാഷയറിഞ്ഞു സംസാരിക്കാമെന്നായി. അങ്ങനെയിരിക്കെ വെള്ളക്കാരനെ തിരക്കി കടലിൽ ഒരു കപ്പൽ പ്രത്യക്ഷമായി. ആദിവാസികളുടെ ദ്വീപിനടുത്ത് കപ്പലടുത്തു.

നന്ദി പറഞ്ഞ്, വെളുത്ത കൂട്ടരോട് ചേരാൻനേരം വെള്ളക്കാരൻ ആദിവാസികളുടെ തലവനോടു പറഞ്ഞു: "നന്ദി സുഹൃത്തേ, ശരീരത്തിന്റെ നിറം കറുപ്പാണെങ്കിലും നിങ്ങളുടെ മനസ്സു മുഴുവൻ വെണ്മയാണ്!"

ആ പ്രശംസ പക്ഷേ, ചിരിച്ചുകൊണ്ട് ആദിവാസിത്തലവൻ നിരസിച്ചു. "അങ്ങനെ പറയല്ലേ സുഹൃത്തേ", അദ്ദേഹം പറഞ്ഞു: "ശരീരംപോലെതന്നെ ഞങ്ങളുടെ മനസ്സും കറുപ്പാണെന്നു പറയൂ. കാരണം ഞങ്ങളുടെ ദ്വീപിൽ കറുപ്പാണ് ഏറ്റവും വിശിഷ്ടമായ നിറം!"

ശിരസ്സുകുനിച്ചുകൊണ്ട് വെള്ളക്കാരൻ കപ്പലിൽ കയറി. നിറഞ്ഞ സ്നേഹത്തോടെ കറുത്തവർ അയാളെ യാത്രയാക്കി.

"ഈ കഥയിൽനിന്ന് നിനക്കെന്തു മനസ്സിലായി?", ഒന്നു നിർത്തി ദൈവം ഓവൻസിനോടു ചോദിച്ചു.

അത്ഭുതംകൊണ്ട് വാപൊളിച്ചു നിൽക്കയായിരുന്ന ഓവൻസ് പറഞ്ഞു: "എല്ലാം, എല്ലാം!"

ഭൂമിയിൽ ശാശ്വതമായ യശഃസ്തംഭങ്ങൾ സൃഷ്ടിച്ചവർ വസിക്കുന്ന ഭാഗമെത്തിയപ്പോൾ ദൈവം നിന്നു. എന്നിട്ട് ഒരിക്കൽ കൂടി ഓവൻസിനു കൈകൊടുത്തുകൊണ്ടു പറഞ്ഞു: "ഇതാ, എക്കാലത്തേക്കുമായി നിനക്കുവസിക്കാനുള്ള ഇടം. ഇവിടെ നന്മയുടെകഥകൾ കേട്ടും പറഞ്ഞും നീ നിന്റെ ആത്മാവിനെ വളർത്തിക്കൊള്ളുക. കൂടുതൽ ഉയരത്തിൽ, കൂടുതൽ ദൂരത്തിൽ, കൂടുതൽ വേഗത്തിൽ!"

**പറുദീസാനഷ്ടം** — **സുഭാഷ് ചന്ദ്രൻ**

- ദൈവം ഓവൻസിനു കൈകൊടുക്കുന്നു എന്ന കഥ വായിച്ച് പ്രമേയതലം ചർച്ചചെയ്യുക.

- പതിറ്റാണ്ടുകൾക്കുമുമ്പുള്ള സാമൂഹികാവസ്ഥയെയും സമകാലിക സാമൂഹിക മനോഭാവത്തെയും അടയാളപ്പെടുത്താൻ പാഠഭാഗത്തിന് കഴിയുന്നുണ്ടോ? നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

- ദൈവം ഓവൻസിന് കൈകൊടുക്കുന്നു എന്ന ചെറുകഥയെ ആകർഷക മാക്കുന്ന കൂടുതൽ സവിശേഷതകൾ കണ്ടെത്തൂ.

  - യാഥാർഥ്യവും ഭാവനയും കലർന്ന അവതരണം
  - കാവ്യാത്മകമായ വാക്യങ്ങൾ
  -
  -

- 'കാക്ക കുളിച്ചാൽ കൊക്കാകുമോ' എന്ന ചൊല്ല് കാക്ക എന്തുചെയ്താലും കൊക്കാകില്ല എന്ന അസന്ദിഗ്ധമായ ഉത്തരത്തിലാണ് അവസാനിക്കുന്നത്. ചൊല്ലിലെ ക്രമംതെറ്റിച്ച് 'കൊക്ക് കുളിച്ചാൽ കാക്കയാകുമോ' എന്ന് ചോദിക്കാനാവാത്തവിധം ഭാരതീയ സാമൂഹികപരിസരം അടഞ്ഞു കിടക്കുന്നു.
  – കെ. ഇ. എൻ. കുഞ്ഞഹമ്മദ്

  ഈ പ്രസ്താവനയെയും പാഠഭാഗത്തെയും മുൻനിർത്തി തൊലിയുടെ നിറത്തെ സംബന്ധിച്ചുള്ള സമൂഹമനോഭാവം വിശകലനംചെയ്ത് കുറിപ്പുതയ്യാറാക്കുക.

- ദേശം, വംശം, ഭാഷ, കുലം, അധികാരം, കുടുംബം, നിറം, ശരീരം എന്നിങ്ങനെ മനുഷ്യർക്കിടയിൽ വിവേചനത്തിനിടയാക്കുന്ന പല ഘടകങ്ങ ളുണ്ടെന്ന് കാണാം. ഇവയെ മറികടക്കുന്ന സമൂഹത്തെ സൃഷ്ടിക്കേണ്ടതിന്റെ അനിവാര്യതയെ കുറിച്ച് സംവാദം സംഘടിപ്പിക്കുക.

- "അങ്ങനെ പറയല്ലേ സുഹൃത്തേ", അദ്ദേഹം പറഞ്ഞു. "ശരീരംപോലെതന്നെ ഞങ്ങളുടെ മനസ്സും കറുപ്പാണെന്നു പറയൂ. കാരണം ഞങ്ങളുടെ ദ്വീപിൽ കറുപ്പാണ് ഏറ്റവും വിശിഷ്ടമായ നിറം."

  മുൻവിധികളും മനോഭാവങ്ങളുമാണ് സമൂഹത്തിന്റെ പൊതുബോധത്തെ നിർണ്ണയിക്കുന്നത്. പൊതുബോധം പലപ്പോഴും മനുഷ്യപുരോഗതിയെ തടസ്സ പ്പെടുത്താറുണ്ട്. ഈ വിഷയത്തിൽ ലേഖനം തയ്യാറാക്കുക.